
# അമേരിക്ക



# ചിലവസ്തുതകൾ

1947

MUNAVIRUL ISLAM HIGH SCHOOL
Date
ERNAKULAM.

1947

1947

# അമേരിക്കയെപ്പറ്റിയുള്ള വസ്തുതകൾ.

Published by Higginbothams Ltd. and Printed by A. Sendall at
The Associated Printers (Madras) Ltd., Madras.

# വിഷയവിവരം.


| | | ഭാഗം. |
|---|---|---|
| 1. | നാടും നാട്ടാരും | 1 |
| 2. | ഭരണസമ്പ്രദായം | 6 |
| 3. | ഫെഡറൽഗവമ്മെണ്ടിന്റെ ഘടന | 11 |
| 4. | ജീവിതത്തോതുകൾ | 21 |
| 5. | ആരോഗ്യവും വൈദ്യസഹായവും | 23 |
| 6. | വിദ്യാഭ്യാസം | 26 |
| 7. | സാമുദായിക സുരക്ഷിതത്വം | 29 |
| 8. | തൊഴിലും തൊഴിലാളി സംഘടനകളും | 38 |
| 9. | സ്ത്രീകൾ | 41 |
| 10. | മതം | 46 |
| 11. | സംഗീതം, ഗ്രന്ഥങ്ങൾ, കല, നാടകശാല | 49 |
| 12. | വിനോദം | 54 |
| 13. | നിർമ്മാണവ്യവസായം | 58 |
| 14. | വാർത്താവിതരണം | 60 |
| 15. | വിദ്യുച്ഛക്തി | 63 |
| 16. | വാഹന ഗതാഗതം | 65 |
| 17. | കൃഷി | 68 |
| 18. | വനവും വനവിഭവങ്ങളും | 71 |
| 19. | ധാതുവിഭവങ്ങൾ | 74 |
| 20. | വാണിജ്യനൗകയും വിദേശവാണിജ്യവും | 76 |
| 21. | ഗവമ്മെണ്ടു ധനകാര്യങ്ങൾ | 79 |
| 22. | പ്രധാന തീയതികൾ | 82 |

# ഉള്ളടക്കം.

# നാടും നാട്ടാരും

ഐക്യസംസ്ഥാനങ്ങളുടെ വിസ്തീർണ്ണം 3022387 ചതുരശ്രമൈലാണ്. വടക്കെ അമേരിക്കയിലെ സമശീതോഷ്ണ മേഖലയിൽ കിഴക്ക് അതലാന്തികസമുദ്രം അതിർത്തിയായും പടിഞ്ഞാറ് ശാന്തസമുദ്രം അതിർത്തിയായും പരന്നു കിടക്കുന്ന ഒരു രാജ്യമാണ് അത്. കിഴക്കുപടിഞ്ഞാറ് 3000 മൈൽ അകലം അതിനുണ്ട്. വടക്കു കനഡായും തെക്കു മെക്സിക്കോ രാജ്യവും കിടക്കുന്നു.

നാല്പത്തിയെട്ട് സംസ്ഥാനങ്ങളാണ് ആകെ ഐക്യസംസ്ഥാനങ്ങളിലുള്ളത്. അവയിൽ ഏററവും വലുതു ടെക്സാസാണ്. ഫ്രാൻസിനേക്കാൾ വലിപ്പമുണ്ടു ടെക്സാസിന്. ആകെയുള്ള സംസ്ഥാനത്തിന്റെ പത്തു ശതമാനം വിസ്തീർണ്ണമാണു ടെക്സാസിനുള്ളത്.

ഐക്യസംസ്ഥാനങ്ങളുടെ കിഴക്കുഭാഗത്തു തെക്കുവടക്കായി അപ്പലാച്ചിയൻ പർവ്വതനിര കിടക്കുന്നു. സമുദ്രനിരപ്പിൽനിന്നു 7000 അടി ഉയരമുണ്ട് ഈ പർവ്വതനിരയ്ക്ക്. അപ്പലാച്ചിയൻ പർവ്വതങ്ങൾക്കു പടിഞ്ഞാറായി കിടക്കുന്നതു് അത്യന്തം ഫലഭൂയിഷ്ഠമായ ഒരു മൈതാനമാണ്. ആയിരം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ മൈതാനം മിസ്സിസ്സിപ്പി നദീതീരങ്ങളിലാണ് സ്ഥിതി ചെയ്യുന്നതു്. തന്മൂലം അതേ പേരിൽതന്നെ ആ മൈതാനവും അറിയപ്പെടുന്നു. ഇതിനു പടിഞ്ഞാറാണ്

റോക്കി പർവ്വതങ്ങൾ. വടക്കെ അമേരിക്കയിലെ ഏറ്റവും വലിയ പർവ്വതമാണ റോക്കി. ഇതിന്റെ സമുദ്രനിരപ്പിൽനിന്ന 14,000 അടിവരെ ഉയരമുണ്ട്. റോക്കി പർവ്വതനിര കഴിഞ്ഞാൽ പിന്നെ ഒരുതരം പീഠഭൂമിയാണുള്ളത്. ശരാശരി 7000അടി ഉയരം ഈ പീഠഭൂമിക്കുണ്ട്. അതിന്റെ പടിഞ്ഞാറ് ഉയരം കുറഞ്ഞ ഒരു പർവ്വതനിരയുണ്ട്. ശാന്തസമുദ്രത്തോടടുത്തു കഴിഞ്ഞാൽ തീരഭൂമി വളരെ താണുകിടക്കുന്നതായും കാണാം.

ഐക്യസംസ്ഥാനങ്ങളിൽ ആകെ എട്ട മഹാനദികളുണ്ട്. 2470 മൈൽ നീളമുള്ള മിസ്സിസ്സിപ്പി യാണ് ഏറ്റവും നീളമുള്ള നദി. രാജ്യത്തിന്റെ കിഴക്കേതീരത്തു് ഹഡ്സിൻനദി അതലാന്തികസമുദ്രത്തിൽചെന്ന് വീഴുന്നു. കുറേക്കൂടി തെക്കുമാറിയാണ് പൊട്ടോമാക് നദി ഒഴുകുന്നതു്. ഇതു് ചെസാപ്പീക് ഉൾക്കടൽവഴി അതലാന്തികസമുദ്രത്തിൽ പതിക്കുന്നു.

മിസ്സിസ്സിപ്പി നദിയുടെ ഉൽപത്തി കാനഡയ്ക്കടുത്തുള്ള മിന്നെസോട്ടാ സംസ്ഥാനത്തിലാണ്. ഐക്യസംസ്ഥാനങ്ങളുടെ തെക്കേ കടൽത്തീരത്തു നൂ ഓർലീൻസിനടുത്തുവെച്ച് മെക്സിക്കോ ഉൾക്കടലിൽചെന്ന പതിക്കുന്ന ആ മഹാനദി. അപ്പലാച്ചിയൻ പർവ്വതങ്ങളുടെ പടിഞ്ഞാറുനിന്നും പ്രവഹിച്ച് ഓഹ്യോ എന്നൊരു നദി മിസ്സിസ്സിപ്പിയിൽ ചേരുന്നുണ്ട്. മിസ്സൗറിനദി വടക്കേ റോക്കി പർവ്വതനിരകളിൽനിന്ന് പുറപ്പെട്ട തെക്കുകിഴക്കു ഭാഗത്തേക്കു ഒഴുകി മിസ്സിസ്സിപ്പി നദിയോടു ചേരുന്നു. കൊളംബിയാനദി കാനഡായിലാണ് ഉറവെടുക്കുന്നതു്. പിന്നീടത്തു് റോക്കിപർവ്വതങ്ങളുടെ പടിഞ്ഞാറുകിടക്കുന്ന പീഠഭൂമി മുറിച്ചൊഴുകുന്നു. ഐക്യസംസ്ഥാനങ്ങളിൽ പശ്ചിമതീരത്തു് 200

മൈൽ താഴെയായി ആ നദി ശാന്തസമുദ്രത്തോട് ലയിക്കുന്നു. കൊളൊറാഡൊ എന്നൊരു നദിയുടെയുണ്ട് ഇനി. പ്രസ്തുത നദി കൊളൊറാഡൊ സംസ്ഥാനത്തുള്ള റോക്കി പർവ്വതനിരകളിൽനിന്നു പുറപ്പെട്ട് തെക്കുപടിഞ്ഞാറോട്ടൊഴുകി അരിസോണയിലുള്ള ഗ്രാൻഡ് കാന്യൺ എന്ന പ്രസിദ്ധഭാഗം കടന്ന് മെക്സിക്കോയ്ക്ക് പടിഞ്ഞാറുള്ള കാലിഫോർണിയാ ഉൾക്കടലിൽ ചെന്നു ചേരുന്നു.

ഐക്യസംസ്ഥാനത്തേയും കാനഡയേയും വേർതിരിക്കുന്ന അതിർത്തിവരമ്പിൽ അഞ്ചു മഹാതടാകങ്ങളുണ്ട്. ലോകത്തിൽ ഇത്രമാത്രം ശുദ്ധജലം നിറഞ്ഞ വൻതടാകങ്ങൾ വേറെയില്ല.

1950 ഏപ്രിൽ 1-ാംതയിലെ കാനേഷുമാരിക്കണക്കനുസരിച്ച് ഐക്യസംസ്ഥാനങ്ങളിൽ 150,697,361 ആളുകളുണ്ട്. ഇവരിൽ മൂന്നിൽ രണ്ടുഭാഗം പട്ടണങ്ങളിലും നഗരങ്ങളിലുമായി പാർക്കുന്നു; ശേഷിച്ച ഒരു ഭാഗം പട്ടണങ്ങളിൽ പാർക്കുന്നു; ശേഷിച്ച ഒരു ഭാഗം ഗ്രാമപ്രദേശങ്ങളിലും.

500,000-ൽ അധികംവരുന്ന ജനസംഖ്യയുള്ള 18 നഗരങ്ങൾ ഇവിടെയുണ്ട്. ഇവയിൽ അഞ്ചെണ്ണത്തിൽ-ന്യൂയോർക്ക്, ചിക്കാഗോ, ഫിലാഡൽഫ്യിയാ, ലോസ് ഏഞ്ജലസ്, ഡിട്രോയിറ്റ്—1,000,000—ൽ അധികം ആളുകൾ പാർക്കുന്നുണ്ട്. ന്യൂയോർക്ക് മഹാനഗരത്തിലെ ജനസംഖ്യമാത്രം ഏതാണ്ട് 8,000,000 വരുന്നുണ്ട്.

ഐക്യസംസ്ഥാനങ്ങളിലെ ജനപ്പെരുപ്പം ഇന്നു ചില നിശ്ചിതസൂചനകൾ തരുന്നുണ്ട്. ആണുങ്ങളേക്കാൾ കുറവായിരുന്ന ഈ

യിടെവരെ പെണ്ണുങ്ങൾ. പക്ഷേ അമേരിക്കയുടെ ചരിത്രത്തിൽ ഇതാ ആദ്യമായി പെണ്ണുങ്ങൾ ആണുങ്ങളെ തോല്പിച്ചിരിക്കുന്നു, ജനസംഖ്യയിൽ!

മറെറാരു സൂചന ഇതാണ്: കർഷകസ്ഥലങ്ങളിലെ ജനസംഖ്യ കുറഞ്ഞുവരികയാണ്; നഗരങ്ങളിലാകട്ടെ കൂടിവരികയും

വേറൊന്ന്: പടിഞ്ഞാറെത്തീരത്താണ് ആൾപ്പെരുപ്പം കൂടുതലുള്ളത്. ഇന്നിപ്പോൾ ജനസംഖ്യാവിഷയത്തിൽ കാലിഫോർണിയാ രണ്ടാംസ്ഥാനത്തുകയറിയിരിക്കുന്നു. 1940-നുശേഷം വിദൂരപശ്ചിമതീരത്തുള്ള അഞ്ചു സംസ്ഥാനങ്ങളിൽ—കാലിഫോർണിയാ, ഓർഗോൺ, വാഷിങ്ടൺ, അരിസോണാ, നെവേദാ—35 ശതമാനത്തിൽ കൂടുതൽ ജനപ്പെരുപ്പം ഉണ്ടായിട്ടുണ്ട്.

1940 മുതൽ രാജ്യത്തിൽ പൊതുവെ ഉണ്ടായിട്ടുള്ള ജനസംഖ്യാവർദ്ധനവു് ഏതാണ്ടു് ഈ തോതിലാണ്:

നൂ ഇംഗ്ലണ്ടും മദ്ധ്യ അതലാന്തികസംസ്ഥാനവും ഉൾപ്പെട്ട വടക്കുകിഴക്കൻ പ്രദേശങ്ങളിൽ 9 ശതമാനം.

ഉത്തരമദ്ധ്യസംസ്ഥാനങ്ങൾ 10 ശതമാനം. ദക്ഷിണപ്രദേശങ്ങൾ 13 ശതമാനം. റോക്കി പർവ്വതങ്ങളും ശാന്തസമുദ്രതീരപ്രദേശങ്ങളും ഉൾപ്പെട്ട പടിഞ്ഞാറൻ ഭാഗങ്ങൾ 40 ശതമാനം.

പത്തു വർഷത്തിലൊരിക്കലാണ് ഐക്യസംസ്ഥാനങ്ങളിൽ കാനേഷുമാരി കണക്കെടുക്കുന്നതു്. ആദ്യത്തെ സെൻസസ് 1790-ലാണ് നടന്നതു്. അന്നു ഐക്യസംസ്ഥാനങ്ങൾ രൂപമെടുത്തു തുടങ്ങിയതേയുള്ളൂ. അന്നു കഷ്ടിച്ചു 4000000 ആളുകളേ ഐക്യസംസ്ഥാനങ്ങളിലുണ്ടായിരുന്നുള്ളൂ. 1790 മുതൽ 1860 വരെ

യുള്ള കാലഘട്ടത്തിൽ ഓരോ ദശകത്തിനും മുന്നിലൊന്നു വീതം കൂടുതലായി ജനങ്ങളും വർദ്ധിച്ചു. 1860 മുതൽ 1940 വരെയുള്ള ഘട്ടം ജനപ്പെരുപ്പത്തിൽ തീരെ അലസമായിട്ടാണു കണക്കിൽ കാണുന്നതു്. പക്ഷേ 1940 മുതൽ 50 വരെയുള്ള കാലഘട്ടത്തിൽ 14 ശതമാനം വർദ്ധനവുണ്ടായി. അതായതു 1940 ൽ നിന്നും 50 ആയപ്പോൾ 19,023,096 ആളുകൾ വർദ്ധിച്ചുവെന്നു സാരം.

ഈ ജനപ്പെരുപ്പത്തിനു മറെറാരു കാരണംകൂടിയുണ്ടു്. വിഭിന്നരാജ്യങ്ങളിൽനിന്നും പലതരം ആവശ്യങ്ങൾക്കായി ആളുകൾ ഐക്യസംസ്ഥാനങ്ങളിൽ കുടിയേറിപ്പാർത്തുതുടങ്ങിയിരുന്നു. 1820 മുതൽ 1949 വരെയുള്ള ഒന്നേകാൽ ശതവർഷത്തിനിടയ്ക്കു 38,705,843 ആളുകൾ ഐക്യസംസ്ഥാനങ്ങളിൽ പുറമേനിന്നും വന്നു കുടിയേറിപ്പാർത്തിട്ടുണ്ടു്. യൂറോപ്പിൽനിന്നു 33,047,224; ഏഷ്യയിൽനിന്നു 946,560; അമേരിക്കൻ റിപ്പബ്ലിക്കുകൾ കാനഡ എന്നിവിടങ്ങളിൽനിന്നു 4,712,079. ഇതാണു കുടിയേറിപ്പാർത്ത ജനങ്ങളുടെ വിസ്തരിച്ചുള്ള കണക്കു്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ജനനത്തോതും കണക്കിലാതെ വർദ്ധിച്ചു. 1941 കണക്കിൽനിന്നും 1012,000 കുടികളും കൂടുതൽ 1949ൽ ജനിച്ചതായി അറിയുന്നു.

1950-ൽ ജനസംഖ്യയിൽ 10 ശതമാനം നീഗ്രോകളായിരുന്നു. അമേരിക്കൻ ഇന്ത്യാക്കാരാകട്ടെ 402,000 എണ്ണവും കഴിഞ്ഞ 50 കൊല്ലത്തെ കണക്കുപ്രകാരം ഇതു 164,000 ആളുകളുടെ വർദ്ധനവിനെയാണു സൂചിപ്പിക്കുന്നതു്.

---

# ഭരണസമ്പ്രദായം

**46** സംസ്ഥാനങ്ങളുടെ സംയുക്തഭരണമാണ് ഐക്യസംസ്ഥാനങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. ഈ സംസ്ഥാനങ്ങളെ 'കോമൺവെൽത്ത്' എന്ന രാഷ്ട്രീയഭാഷയിൽ വ്യവഹരിക്കുന്നു. സംസ്ഥാനങ്ങളുടെ അടിസ്ഥാനനിയമം ഒരു ഭരണഘടനാനിയമം വഴി അനുശാസിച്ചിട്ടുണ്ട്. ദേശീയഭരണകൂടത്തിന്റെ രൂപവും സമ്പ്രദായവും നിശ്ചയിച്ചിരിക്കുന്നതു ഈ ഭരണഘടനാനിയമാവലി (Constitution) ആണ്. ഭരണാധികാരത്തിന്റെ വ്യാപ്തിയും അവകാശങ്ങളും ആ നിയമാവലിയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

ഓരോ സംസ്ഥാനത്തിലും ചെറിയ ചെറിയ രാഷ്ട്രീയവിഭാഗങ്ങളുണ്ട്. അവയ്ക്കു കൗണ്ടി പട്ടണം, നഗരം, ഗ്രാമം എന്നിങ്ങനെ തരംതിരിച്ചും നടത്തിയിരിക്കുന്നു. ഓരോന്നിനും സ്വന്തമായ ഭരണകൂടമുണ്ട്. ഗവൺമെൻറിന്റെ ഇത്തരം ലഘുഘടകങ്ങൾക്കുള്ള അധികാരം സംസ്ഥാനഭരണനിയമാവലിയിൽ പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു.

ഐക്യസംസ്ഥാനങ്ങളിലുള്ള എല്ലാ ഭരണകൂടങ്ങളും ജനങ്ങൾതന്നെയാണു നിയന്ത്രണം ചെയ്യുന്നതു. ഭരണീയരുടെ സമ്മതത്തോടെ മാത്രമാണു അവിടെ ഭരണം നടത്തുന്നതും. രാഷ്ട്രീയമായ സർവ്വാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു. ഫെഡ

റൽ കോൺഗ്രസ്സ്, പ്രസിഡണ്ട്, സംസ്ഥാനനിയമനിർമ്മാണാംഗങ്ങളും, ഗവർണ്ണർമാർ, നഗരനിയമനിർമ്മാണസഭാംഗങ്ങളും തുടങ്ങി എല്ലാ ക്ലർക്കുമാരേയും ഉദ്യോഗസ്ഥന്മാരേയും ജനങ്ങളും സമ്മതിദാനം ചെയ്തു തിരഞ്ഞെടുക്കുന്നു.

രഹസ്യസമ്മതിദാനമാണു സ്വയംഭരണത്തിന്റെ അസ്തിവാരം. സമ്മതിദാനംചെയ്ത ജനങ്ങളും അവരുടെ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നു. എത്ര ഉയർന്ന ഉദ്യോഗസ്ഥനാവട്ടെ അയാളെ തിരിച്ചുവിളിച്ചോ കുറ്റവിസ്താരം ചെയ്തോ ഉദ്യോഗത്തിൽനിന്നു നീക്കംചെയ്യാവുന്നതാണ്.

1790-ൽ പതിമൂന്നു മൗലികസംസ്ഥാനങ്ങളാണുണ്ടായിരുന്നതു്. അവയുടെ അംഗീകാരവും സമ്മതിയും ലഭിച്ചിട്ടുള്ള ഭരണഘടനാനിയമം അനുസരിച്ചു രാജ്യത്തുള്ള സകല ജനങ്ങൾക്കും വ്യക്തിസ്വാതന്ത്ര്യവും അവകാശവും അനുവദിച്ചിട്ടുണ്ട്. 1791-ൽ ഭരണഘടനയോടു ഒരു അവകാശബിൽ(Bill of Rights)ചേർത്തു അതുപ്രകാരം താഴെ നിർദ്ദേശിച്ചിരിക്കുന്ന സ്വാതന്ത്ര്യങ്ങൾ പൗരന്മാർക്കു അനുവദിച്ചിരിക്കുന്നു :— പ്രസംഗസ്വാതന്ത്ര്യം, വർത്തമാനപത്രസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, അകാരണമായി ഒരാളുടെ വീടു പരിശോധിക്കുകയോ കൈയ്യടക്കം ചെയ്കയോ ചെയ്യുന്നതിനെ നിരോധിക്കുന്ന സുരക്ഷിതത്വം, കുറ്റാരോപണം ചെയ്യപ്പെട്ട ഒരാളെ എത്രയും വേഗത്തിൽ ജൂറിമാരെക്കൊണ്ടു വിസ്തരിക്കാനുള്ള അവകാശം.

ഭരണഘടനാനിയമപ്രകാരം ദേശീയഗവൺമെന്റിന്റെ അധികാരം മൂന്നുശാഖകളിലായി വിഭജിച്ചിരിക്കയാണ്. അവയിലൊന്നാമത്തേതു പ്രസിഡണ്ടിന്റെ ആധിപത്യത്തിലുള്ള പ്രവർ

ത്തകശാഖ. അടുത്തതു നിയമനിർമ്മാണശാഖയാണ്. കോൺഗ്രസ്സിന്റെ രണ്ടു മണ്ഡലങ്ങളും അതിലുൾപ്പെടുന്നു—സെനറ്റും പ്രതിനിധിസഭയും. മൂന്നാമത്തേതു നീതിന്യായവകുപ്പാണ്. ഇതിന്റെ മേൽക്കോയ്മ സുപ്രീം കോടതിക്കാണ്.

ഈ ശാഖകൾക്കെല്ലാം ഉള്ള അധികാരങ്ങൾ നിവ്വചിക്കാനും നിയന്ത്രിക്കാനും സമീകരിക്കാനും ചില നിർദ്ദേശങ്ങളും ചെയ്യുന്നുണ്ട്.

ഇത്രയും കേന്ദ്രത്തിലെ ഫെഡറൽ ഗവൺമെണ്ടിനെപ്പറ്റിയാണു പറഞ്ഞതു്. ഇനി സംസ്ഥാനഗവൺമെണ്ടുകളുടെ കഥ നോക്കാം. അവയുടെ തലവന്മാരായി ഗവർണ്ണർമാരുണ്ട്. മൂന്നു സ്വതന്ത്രശാഖകൾ ഫെഡറൽ ഗവൺമെൻറിനെപ്പോലെ സംസ്ഥാനഗവൺമെൻറിനുമുണ്ട്. അവ എക്സിക്യൂട്ടീവ്, നിയമനിർമ്മാണം നീതിന്യായവകുപ്പു എന്നിത്രയുമാണ്. ഇതേ മാതൃകതന്നെ കീഴെയുള്ള നഗരസഭാടികളിലും കാണാം.

ഫെഡറൽ ഭരണഘടനാനിയമം വാർത്തെടുത്തവർ ഭാവിയിൽ പല മാറ്റങ്ങളും ക്രൂടുതൽ കൂറവുകളും മുൻകൂട്ടികണ്ടു മേല്പടി പ്രമാണങ്ങൾ യഥാവിധി വ്യത്യാസപ്പെടുത്താൻ വേണ്ടതെല്ലാം നേർത്തെ ചെയ്തുവെച്ചിട്ടുണ്ടായിരുന്നു. ഭരണഘടനാനിയമം അംഗീകരിച്ചതിനുശേഷം ഇരുപത്തിരണ്ടു ഭേദഗതികൾ ഇന്നോളം അതിൽ വരുത്തിയിട്ടുണ്ട്. തൽഫലമായി ഭരണഘടനാനിയമം ഏറ്റവും അധുനാതനവും പ്രയോജനകരവുമായി ഭവിച്ചിരിക്കുന്നു. 164 വർഷങ്ങൾക്കു മുമ്പു പതിമൂന്നു മൗലിക സംസ്ഥാനങ്ങൾക്കുവേണ്ടി കരുപ്പിടിച്ച ഭരണഘടന ഇന്നു് 154,000,000 ജനങ്ങളുള്ളതും 48 സംസ്ഥാനങ്ങളും, 3000 നഗരസഭകളും ആയി

ഇക്കണക്കിനു പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളും ഉള്ള ഐക്യ സംസ്ഥാനങ്ങളുടെ എല്ലാ രാഷ്ട്രീയാവശ്യങ്ങളേയും തികച്ചും തൃപ്തിപ്പെടുത്തുന്നുണ്ട്.

താഴെയുള്ള ഭരണസമിതികളും ഇതേ നിലയ്ക്കുതന്നെയാണും രൂപപ്പെടുത്തിയിരിക്കുന്നത്. പുതിയ പുതിയ മാറ്റങ്ങളുണ്ടാവുമ്പോൾ നിയമാവലിയും മാറി മാറി വരുന്നു. എല്ലാം ജനസമ്മതിപ്രകാരമാണു താനും. നഗരവും ഗ്രാമവും തമ്മിലുള്ള വ്യത്യാസവും ഈ മാറ്റംമറിച്ചിലുകളിൽ മുഖ്യമായി പരിഗണിച്ചിട്ടുണ്ട്.

ഗവൺമെൻറിന്റെ മുഴുവൻ രൂപവും പരമ്പരയായുള്ള അമേരിക്കൻ രാഷ്ട്രീയതത്വങ്ങളും ആസ്പദമാക്കിയാണു പണിതെടുത്തിട്ടുള്ളതു്. അധികാരത്തെ എക്സിക്യൂട്ടീവ്, നിയമനിർമ്മാണം, നീതിന്യായം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുള്ളതുകൊണ്ടു ഒരു വ്യക്തിക്കോ അൽപം ചില വ്യക്തികൾ ചേർന്ന സംഘത്തിനോ ഏകഛത്രാധിപത്യം ഏറെറടുക്കാൻ നിവ്വാഹമില്ല. ആവുന്നിടത്തോളം ഭരണകൂടത്തെ വികേന്ദ്രീകരിച്ചിട്ടുണ്ട്; പ്രാദേശിക ഗവൺമെൻറു തന്നാട്ടുകാര്യങ്ങൾ നോക്കുന്നു; സംസ്ഥാനഗവൺമെൻറു സംസ്ഥാനാതിർത്തിക്കകത്തുള്ള വിവിധവർഗ്ഗങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു; ഫെഡറൽഗവൺമെൻറാകട്ടെ ഒന്നിലധികം സംസ്ഥാനങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ പര്യാലോചിക്കുന്നു. ഒരു ദേശീയ പോലീസുസേന ഐക്യസംസ്ഥാനങ്ങളിലില്ല. സംസ്ഥാനപോലീസുസേനകൾ എണ്ണത്തിൽ അത്രയധികവുമില്ല. അപ്പോൾ സമാധാനപരിപാലനത്തിലുള്ള മുമതല ആർക്കാണു്? നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള പോലീസു സേനയുടെ കൃത്യമാണതു്. ആ പോലീസുസേനയെ നിയന്ത്രിക്കുന്നതു പ്രാദേശികഭരണകൂടവുമാണു്.

ഫെഡറൽ ഭരണഘടന കാൺഗ്രസ്സിന്റെ അധികാരങ്ങളെ നിർവ്വചിക്കുന്നു. ഐക്യസംസ്ഥാനങ്ങളുടെ പൊതുക്ഷേമത്തിനും പൊതുരക്ഷയ്ക്കും ഉചിതവും ആവശ്യവുമായ എല്ലാ നിയമങ്ങളും നിർമ്മിക്കുന്നതിനുള്ള അധികാരം കാൺഗ്രസ്സിനു കൊടുത്തിരിക്കുന്നതു ഈ ഫെഡറൽ ഭരണഘടനയാണു്. രാജ്യത്തിനു നാനാവിധത്തിലുള്ള പുരോഗതി കൈവന്നതോടെ ഈ നിയമങ്ങളുടെ അധികാരസീമയ്ക്കും വൈപുല്യമുണ്ടായി. മുൻപില്ലാതിരുന്ന പല പ്രശ്നങ്ങളും അതു വഹിക്കേണ്ടതായി വന്നു. സമുദായക്ഷേമം, പൊതുമരാമത്തു്, സാമ്പത്തികനിയന്ത്രണം, തൊഴിലാളികളുടെ അവകാശസംരക്ഷണം എന്നിവയെല്ലാം പ്രസ്തുത നിയമാവലിക്കുള്ളിൽ ചിന്നീട്ടു ഉൾപ്പെടുത്തി. ഫെഡറൽ അധികാരത്തിന്റെ അനിയന്ത്രിതവ്യാപ്തിയെ ഒതുക്കിനിർത്താൻ സുപ്രീം കോടതിയിൽ തുടർച്ചയായ വ്യവസ്ഥയുണ്ടു്. അതെങ്ങനെയെന്നു വ്യക്തമാക്കാം. കോൺഗ്രസ്സും പ്രസിഡണ്ടും ഭരണഘടനാനിയമത്തിനു അനുകൂലമല്ലാത്ത എന്തെങ്കിലും നിയമം ഉണ്ടാക്കി എന്നിരിക്കട്ടെ. ഗവൺമെൻറിന്റെ നീതിന്യായവകുപ്പിലെ പരമാധികാരം മുൻനിർത്തി സുപ്രീംകോടതി ആ വക നിയമങ്ങളും അസാധുവാക്കിത്തള്ളും. കോടതിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ സമ്മതിയുണ്ടെങ്കിലേ ഇപ്രകാരം പ്രവർത്തിക്കാൻ സാധിക്കൂ.

രാഷ്ട്രത്തിലെ സായുധസേനയുടെ പ്രധാനസേനാപതി (കമാണ്ടർ-ഇൻ-ചീഫ്) പ്രസിഡണ്ടാണു്. പക്ഷേ പ്രസിഡണ്ടിനു സമരപ്രഖ്യാപനം ചെയ്യാനുള്ള അധികാരമില്ല. നാഷനൽ കാൺഗ്രസ്സിനുമാത്രമേ അതു പാടുള്ളൂ. ഈയൊരു നിയന്ത്രണവും ഭരണഘടനയിൽ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ടു്.

# ഫെഡറൽ ഗവൺമെന്റിന്റെ ഘടന

ഐക്യസംസ്ഥാനങ്ങളുടെ ഭരണകൂടത്തിന്റെ നിർവ്വഹണശാഖയ്ക്ക് അദ്ധ്യക്ഷൻ പ്രസിഡണ്ടാണ്. ദേശീയതിരഞ്ഞെടുപ്പിൽ 4 വർഷക്കാലത്തേയ്ക്ക് ഒരു പ്രസിഡണ്ടിനെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു. കൊല്ലത്തിൽ 100,000 ഡോളറാണ് അദ്ദേഹത്തിന്റെ ശമ്പളം. സഞ്ചാരപ്പടിയും മറ്റു ബത്തകളും പുറമെയുണ്ട്. പ്രസിഡണ്ട് ഐക്യസംസ്ഥാനങ്ങളിൽ പിറന്ന ഒരാളായിരിക്കണം. മുപ്പത്തിയഞ്ചു വയസ്സും തികഞ്ഞിരിക്കണമെന്നുണ്ട്.

പ്രസിഡണ്ടിന്റെ പ്രധാനകർത്തവ്യം ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള പരിപാടികളും കാൺഗ്രസ്സ് നിർമ്മിക്കുന്ന നിയമങ്ങളും നടപ്പിൽ വരുത്തുക എന്നതാണ്. പുറമെ ഭരിപക്ഷം നിയമനിർമ്മാണങ്ങളും സർക്കാർകാര്യത്തിനു വേണ്ടുന്ന വൻതുകകളും കാൺഗ്രസ്സിൽ ശുപാർശ ചെയ്യാനുള്ള അധികാരവും അദ്ദേഹത്തിനുണ്ട്. കാൺഗ്രസ്സ് പാസാക്കിയ നിയമനിർമ്മാണം അസാധുവാക്കിത്തള്ളാനും പ്രസിഡണ്ടിനു കഴിയും ; പക്ഷെ മൂന്നിൽ രണ്ടുഭാഗം ഭരിപക്ഷമുണ്ടെങ്കിൽ കാൺഗ്രസ്സിനും പ്രസിഡണ്ടിന്റെ അസാധുവാക്കലിനെ മറികടക്കാമെന്നുണ്ട്.

ഫെഡറൽ ജഡ്ജിമാരെ, വിദേശരാജ്യങ്ങളിലേയ്ക്കുള്ള പ്രതിനിധികളെ, ഗവണ്മെണ്ടു വകുപ്പുകളിലെ അദ്ധ്യക്ഷന്മാർ എന്നിവരെ നിയമിക്കുന്നതു് പ്രസിഡണ്ടാണു്.

പ്രസിഡണ്ടിന്റെ കർത്തവ്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കാൻ കാൺഗ്രസ്സു് അപ്പോഴപ്പോഴായി ചില നിർവ്വാഹക വകുപ്പുകളും സൃഷ്ടിക്കുന്നുണ്ടു്. ഈ വകുപ്പുകളുടെ അദ്ധ്യക്ഷന്മാരെ സാധാരണ സിക്രട്ടറി എന്നു വിളിക്കുന്നു. അവരെല്ലാവരും ചേർന്നു ഒരു സമിതി ഉണ്ടാകും. ഇതത്രേ പ്രസിഡണ്ടിന്റെ ക്യാബിനെറ്റു്. ഇവരെ നിയമിക്കുന്നതു പ്രസിഡണ്ടാണു്. സെനറ്റിന്റെ അംഗീകാരമുണ്ടെങ്കിലേ പ്രസിഡണ്ടിനു് അവരെ നിയമിക്കാവൂ. പക്ഷെ അവരുടെ ഉദ്യോഗകാലാവധി പ്രസിഡണ്ടിന്റെ ഇഛയ്ക്കധീനമാണു്.

പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും കഴിഞ്ഞാൽ പിന്നെ വലിയ ഉദ്യോഗസ്ഥൻ സെക്രട്ടറി ഓഫ് സ്റ്റേറ്റാണു് അദ്ദേഹം സ്റ്റേറ്റു ഡിപ്പാർട്ടുമെണ്ടിന്റെ തലവനും ഏറ്റവും വലിയ നിർവ്വാഹകോദ്യോഗസ്ഥനുമാണു്. വിദേശനയം സംബന്ധിച്ചേടത്തോളം അദ്ദേഹമാണു് പ്രസിഡണ്ടിന്റെ ഉപദേഷ്ടാവു്. മറ്റു രാജ്യങ്ങളുമായുള്ള ബന്ധം പുലർത്തുക, അന്താരാഷ്ട്രീയമായ ഒത്തുതീർപ്പുകൾ ഉണ്ടാക്കാനും പ്രബലപ്പെടുത്താനും സഹായിക്കുക, ഐക്യസംസ്ഥാന പൌരന്മാർക്കു വിദേശസഞ്ചാരാനുമതി കൊടുക്കുക, വിദേശീയരായ സന്ദർശകർക്ക് സമ്മതപത്രം നൽകുക എന്നിവയാണു അദ്ദേഹത്തിന്റെ വകുപ്പു നിർവ്വഹിക്കുന്ന പ്രധാന മുമതലകൾ.

ഫെഡറൽ ഗവമ്മെൻറിൻെറ സാമ്പത്തികകാര്യങ്ങളും നിർവ്വഹിക്കുന്നതു ഖജാനാ വകുപ്പാണു്. കരവും ചുങ്കവും പിരിക്കുക, നാണയനിർമ്മാണം, തീരപ്രദേശസംരക്ഷണം (വ്യാജച്ചരക്കു കൊണ്ടുപോവാതെ സൂക്ഷിക്കൽ) എന്നിവയാണു ഖജാനാവകുപ്പിൻെറ കർത്തവ്യങ്ങളും. തീരപ്രദേശത്തെ കാത്തുസൂക്ഷിക്കുന്നതും ഈ വകുപ്പിൻെറ മേൽനോട്ടത്തിലാണു്.

ഒരു രക്ഷാവകുപ്പുണ്ടു് ഐക്യസംസ്ഥാനങ്ങളിൽ. രാഷ്ട്രസംരക്ഷണത്തിൻെറ പരിപൂർണ്ണമായ ഉത്തരവാദിത്വം ഈ രക്ഷാവകുപ്പിനാണുള്ളതു്. രക്ഷാവകുപ്പുഅദ്ധ്യക്ഷൻ സിക്രട്ടറിയാണു്. അയാൾക്കു താഴെ മൂന്നു സിക്രട്ടറിമാരുണ്ടു്. അവർ യഥാക്രമം കരസേന ജലസേന വാനസേന് എന്നീ മൂന്നു സായുധ സൈനികശാഖകളുടെ സംഘടന, സാധനസംഭരണം, പരിശീലനം എന്നിവയുടെ മേൽനോട്ടം വഹിക്കുന്നു.

നീതിന്യായവകുപ്പിൻെറ തലവൻ അറേറാർണി ജനറാൾ ആണു്. നിയമകാര്യങ്ങളിൽ ഐക്യസംസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്നതു അദ്ദേഹമാണു്. പ്രസിഡണ്ടോ മറെറ നിർവ്വാഹകവകുപ്പദ്ധ്യക്ഷന്മാരോ ആവശ്യപ്പെട്ടാലൊഴികെ അദ്ദേഹം നിയമസംബന്ധമായ ഉപദേശങ്ങളും അഭിപ്രായങ്ങളും അവർക്കു നൽകുമെന്നുണ്ടു്. ഫെഡറൽ നിയമങ്ങളും ലംഘിച്ചാലുണ്ടാകുന്ന കുറാനേഷണത്തേയും നടപടിനടത്തലിനേയും നിയന്ത്രിക്കുന്നതും ആ ഉദ്യോഗസ്ഥനാണു്. ഫെഡറൽ ജയിലുകളുടെ മേൽനോട്ടം, ഉപനിവേശനിയമങ്ങളുടെ പ്രബലീകരണം എന്നിവയും അദ്ദേഹത്തിൻെറ ചുമതലയിൽ പെടുന്നു.

തപാൽ വകുപ്പിന്റെ തലവൻ പോസ്റ്റ് മാസ്റ്റർ ജനറാളാണ്. കത്തിടപാടുകളടങ്ങിയ മെയിൽ സംഭരിക്കുക വിതരണം ചെയ്യുക എന്നീ തപാൽകൃത്യങ്ങളും ഈ വിഭാഗത്തിന്റെ ഉത്തരവാദിത്വത്തിലാണ് നടത്തുന്നത്.

ആഭ്യന്തരവകുപ്പിനെ മറ്റൊരാൾ ഉണ്ട് ഫെഡറൽ സംസ്ഥാനങ്ങളിൽ. പ്രകൃതിവിഭവസംരക്ഷണവും പോഷണവുമാണ് അതിന്റെ മുഖ്യലക്ഷ്യം. 402,000 അമേരിക്കൻ ഇന്ത്യാക്കാരുടെ ആരോഗ്യം പൊതുക്ഷേമം വിദ്യാഭ്യാസം എന്നിവയുടെ മേൽനോട്ടവും ഈ വകുപ്പു നടത്തുന്നു. ദേശീയപാർക്കുകളും മറ്റു പൊതുസ്ഥലങ്ങളും സംരക്ഷിക്കുക, ഖനിസംരക്ഷണപരിപാടി ഏറ്റെടുക്കുക, നായാട്ട് മീൻപിടുത്തം എന്നിവയെ നിയന്ത്രിക്കുന്ന ഫെഡറൽ നിയമങ്ങൾ പരിപാലിക്കുക ഇവയും ആഭ്യന്തരവകുപ്പു നിർവ്വഹിക്കുന്നു.

ഭക്ഷ്യോൽപാദനം, കൃഷിസ്ഥലരക്ഷ, കർഷകക്ഷേമം എന്നിവയ്ക്കു കൃഷിവകുപ്പുണ്ട്. പലതാണ് ഈ വകുപ്പിന്റെ കൃത്യങ്ങൾ. കാർഷികോൽപന്നങ്ങളുടെ വിതരണം, വിനിമയം വില എന്നിവ ശരിപ്പെടുത്തുക; കാർഷികസമ്പ്രദായങ്ങളെ പുരോഗമിപ്പിക്കുന്ന ശാസ്ത്രീയഗവേഷണം നടത്തുക; മൃഗങ്ങൾക്കും സസ്യങ്ങൾക്കുമുണ്ടാകുന്ന രോഗങ്ങൾ തുരത്തുക; ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതപദ്ധതികൾക്കു സാമ്പത്തികസഹായം ചെയ്യാൻ പണമുണ്ടാക്കുക; ഇത്രയും കൃത്യങ്ങൾ കൃഷിവകുപ്പു ചെയ്യുന്നു.

രാഷ്ട്രത്തിലെ ആഭ്യന്തരവ്യാപാരവും അന്താരാഷ്ട്രവ്യാപാരവും നിയന്ത്രിക്കുന്നതു വ്യാപാരവകുപ്പാണ്. ഖനിവേല, കൈത്തൊഴിൽ, കപ്പൽ നിർമ്മാണം, മത്സ്യവ്യവസായം,

ഗതാഗതം എന്നിവയെ വ്യവസായവകുപ്പു സംരക്ഷിക്കുന്നു. തീരപ്രദേശങ്ങളും മറ്റു ഭാഗങ്ങളും ഇതിന്റെ മേൽനോട്ടത്തിലാണു സർവ്വേ ചെയ്യുന്നതു. പത്തു വർഷത്തിനിടയ്ക്കു ഒരിയ്ക്കൽ കാനേഷുമാരിക്കണക്കെടുക്കുന്നതും ഈ വകുപ്പുവഴിയാണു. പുറമെ താഴെ പറയുന്ന കാര്യങ്ങളും വ്യവസായവകുപ്പിന്റെ ഭരണാധികാരത്തിൽ പെടുന്നു. പേറ്റൻറ് ആഫീസു; നാഷനൽ ബ്യൂറോ ആഫ് സ്റ്റാൻഡാർഡ്സ്; ആഭ്യന്തരജലഗതാഗതം; കാലാവസ്ഥാ ബ്യൂറോ; സിവിൽ ഏറോ നാടിക്സ് ഭരണം (ഇതിൽ വിമാനഗതാഗതം, വാനസംരക്ഷ, വാനവ്യവസായം എന്നിവ ഉൾപ്പെടും.)

തൊഴിൽവകുപ്പിന്റെ ലക്ഷ്യങ്ങളും ഐക്യസംസ്ഥാനങ്ങളിലെ തൊഴിലാളികളുടെ ക്ഷേമവർദ്ധന സംരക്ഷണം എന്നിവയും, അവരുടെ വേലയെ സംബന്ധിച്ച ചുറുപാടുകൾ നന്നാക്കുകയും, ലാഭമുള്ള വേലയ്ക്കു വേണ്ടുന്ന സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ആകുന്നു. കൂലി, ജോലിസ്സമയം, മുതലാളി-തൊഴിലാളി ബന്ധം, തൊഴിലാളിയുടെ സുഖസംവർദ്ധന എന്നിവയെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കെടുക്കുന്നതു തൊഴിൽവകുപ്പാണു. കമ്പനികളിലും മറ്റും വേല എടുക്കുന്നവരും എടുപ്പിക്കുന്നവരും തമ്മിലുണ്ടാകുന്ന തർക്കം തീരുമാനിക്കുക, ഗവർമ്മെൻറൽ പാദനങ്ങളുടെ നിലവാരം നിശ്ചയിക്കുക, താഴ്ന്ന കൂലിയും നീണ്ട വേലസ്സമയവും അന്യായമെന്നു മുദ്രയടിച്ചു അവയ്ക്കെതിരായി നിയമനടപടികൾ കൈക്കൊള്ളുക എന്നിവയും യഥാവിധി നിർവ്വഹിക്കുന്നതു തൊഴിൽ വകുപ്പത്രേ.

ഇതുവരെപ്പറഞ്ഞ നിവ്വാഹകവകുപ്പുകൾക്കു പുറമെ ഫെഡറൽ കാര്യങ്ങൾ നടത്താൻ പലതരം ഏജൻസികളും ആഫീസുകളുമുണ്ടു. ഇവയെ പൊതുവെ 'സ്വതന്ത്ര'സ്ഥാപനങ്ങളെന്നു വ്യവഹരിക്കുന്നു. നിവ്വാഹകവകുപ്പുകളിൽനിന്നും അകന്നാണു ഇവയുടെ പ്രവർത്തനം. എങ്കിലും നിവ്വാഹകം, നിയമനിർമ്മാണം, നീതിന്യായം എന്നീ ത്രിവിധഭരണകൂടശാഖകൾക്കും ഈ 'സ്വതന്ത്ര'സ്ഥാപനങ്ങളുടെമേൽ നിയന്ത്രണാധികാരമുണ്ടെന്നു ഓർക്കണം.

ഈ ഏജൻസികളിൽ ഒന്നാണു സിവിൽ സവ്വീസു് കമ്മീഷൻ. ഗവമ്മേണ്ടുആഫീസിലെ നിയമനങ്ങളെല്ലാം നടത്തുന്നതും നിയന്ത്രിക്കുന്നതും ഈ കമ്മീഷനാണു്.

ജനറൽ അക്കൌണ്ടിങ്ങു് ആഫീസു എന്നു മറൊരു സ്ഥാപനമുണ്ടു്. ഫെഡറൽ ഗവമ്മേണ്ടിന്റെ അവകാശങ്ങളെ ശരിപ്പെടുത്തുകയും തീരുമാനത്തിലെത്തിക്കയും ചെയ്യുന്നതു ഈ ആഫീസാണു. ഫെഡറൽ ആയവ്യയോദ്യോഗസ്ഥന്മാർ തയ്യാറാക്കുന്ന കണക്കുകൾ പരിശോധിക്കലും ഇതിന്റെ കർത്തവ്യമാണു.

ആഭ്യന്തരവ്യവസായകമ്മീഷൻ സ്റ്റോറിനകത്തുള്ള വാഹനങ്ങളുടെ സഞ്ചാരപ്പടി ക്രമീകരിക്കയും റയിൽപ്പാത, കപ്പൽ, ബസ്സു, ട്രക്കു, പൈപ്പുലയിൻ തുടങ്ങിയ പൊതുവാഹനങ്ങൾ വഴിയായ വ്യവസായം നടത്തിക്കയും ചെയ്യുന്നു. റയിൽപ്പാത പൊതുമോട്ടോർവാഹനങ്ങൾ എന്നിയുടെ സുരക്ഷിതമായ ഗതാഗതം നിയന്ത്രിക്കുന്ന നിയമങ്ങളും ഈ കമ്മീഷനാണു പ്രയോഗത്തിൽ വരുത്തുന്നതു.

ഫെഡറൽ ടെയിഡ് കമ്മീഷൻ രാജ്യത്തിനകത്തു നടക്കുന്ന അഴിമതിക്കച്ചവടങ്ങളും അനേഷിച്ചു കണ്ടുപിടിച്ചു് അതിനെ തടയുന്നു.

ഫെഡറൽ കമ്മൂണിക്കേഷൻസുകമ്മീഷൻ കമ്പിത്തപ്പാൽ, റേഡിയൊ എന്നിവയ്ക്കു ലൈസൻസു കൊടുത്തു അവയുടെ വ്യാപാരം നിയന്ത്രിക്കുന്നു. ടെലിഫോൺ ടെലഗ്രാഫ് എന്നീ സർവീസുകളേയും ഈ കമ്മീഷൻ തന്നെ ഭരിക്കുന്നു.

അണുശക്തിസംഭരണം പോഷണം ഇവയെ നിയന്ത്രിക്കാനാണു് ആറാമിക് എനർജി കമ്മീഷൻ.

വെറ റൻസു അഡ്മിനിസ്ട്രേഷൻ അവശജനങ്ങൾക്കുള്ള കെട്ടിടങ്ങളും ആശുപത്രിയും നിർമ്മിച്ചു അവരെ സംരക്ഷിക്കുന്നു. അവശജനങ്ങളെ കഴിയും വിധത്തിൽ പല സഹായങ്ങളും ചെയ്തു പരിരക്ഷിക്കുന്നുണ്ടു്. യുദ്ധത്തിൽ അവശരായ ആളുകൾക്കും, അവരുടെ വിധവകൾക്കും ആശ്രിതർക്കും വിദ്യാഭ്യാസാദിനൽകുന്നതും ഈ വകുപ്പാണു്.

സ്റ്റോക്കും ബോണ്ടും വിലക്കുകയും വാങ്ങുകയും ചെയ്യുന്നവർക്കു സഹായത്തിനു ഒരു രക്ഷാനിയമവിനിമയ കമ്മീഷനുണ്ടു്.

രാജ്യത്തിലെ കപ്പൽവ്യാപാരം നിയന്ത്രിക്കയും പരിരക്ഷിക്കയും ചെയ്യുന്നതാണു മറയൻ കമ്മീഷൻ.

ഫെഡറൽ സെക്യൂരിറ്റി ഏജൻസി വിദ്യാഭ്യാസവകുപ്പു, പൊതുജനാരോഗ്യ വകുപ്പു, സമുദായരക്ഷാഭരണം, ഭക്ഷ്യഔഷധഭരണം എന്നിവയുടെ മേൽനോട്ടം വഹിക്കുന്നു.

ഫെഡറൽ ഗവൺമെണ്ടിന്റെ ശാഖയായ സെനറ്റിൽ 531 അംഗങ്ങളാണുള്ളത്. അംഗങ്ങൾക്ക് കൊല്ലത്തിൽ 15,000 ഡോളർ വേതനം നൽകുന്നു.

48 സംസ്ഥാനങ്ങളിൽനിന്നും ഒന്നിനു 2 എന്ന തോതിൽ 96 സെനറ്റർമാർ സെനറ്റിലുണ്ട്. ജനസമ്മതിപ്രകാരം 6 വർഷത്തേക്കാണു സെനറ്റർമാരെ തെരഞ്ഞെടുക്കുന്നത്. സെനറ്റിലെ മൂന്നിലൊരുഭാഗം ഈരണ്ടു കൊല്ലത്തിലൊരിക്കൽ തിരഞ്ഞെടുക്കപ്പെടുന്നു. തിരഞ്ഞെടുക്കുന്ന സമയത്ത് സെനറ്റംഗങ്ങൾക്ക് മുപ്പതു വയസ്സു തികഞ്ഞിരിക്കണം; ചുരുങ്ങിയത് 9 വർഷത്തെ പൗരത്വം ഐക്യസംസ്ഥാനത്തു ഉണ്ടായിരിക്കയും വേണം.

പ്രതിനിധിസഭയിൽ ആകെ 435 അംഗങ്ങളുണ്ട്. രണ്ടു കൊല്ലത്തേക്കാണു അവരെ തിരഞ്ഞെടുക്കുന്നത്: അവർക്ക് 25 വയസ്സു തികഞ്ഞിരിക്കണം; ചുരുങ്ങിയത് 7 വർഷത്തെ പൗരത്വവും ഉണ്ടായിരിക്കണം. ഒരു സ്റ്റേറ്റിൽനിന്നും കോൺഗ്രസ്സിലേയ്ക്കയക്കുന്ന അംഗങ്ങളുടെ എണ്ണം ആ സ്റ്റേറ്റിലെ ജനസംഖ്യയെ ആശ്രയിച്ചിരിക്കും. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ന്യൂയോർക്കിൽ നിന്നുമാണു ഏറ്റവും കൂടുതൽ അംഗങ്ങൾ (45) കോൺഗ്രസ്സിലുള്ളത്. സംസ്ഥാനത്തെ അനേകം കോൺഗ്രസ്സ് ഡിസ്ട്രിക്ട് ആയി വിഭജിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിൽനിന്നും ഓരോരുത്തർ എന്ന കണക്കിലാണു കോൺഗ്രസ്സിൽ പ്രതിനിധി ഉള്ളത്.

കോൺഗ്രസ്സിന്റെ രണ്ടു മണ്ഡലങ്ങളുടേയും അധികാരങ്ങൾ വളരെ ശിഥിലമായിട്ടാണു സമീകരിച്ചിരിക്കുന്നത്. നിയമനിർമ്മാണത്തിൽ സെനറ്റിനും പ്രതിനിധിസഭയ്ക്കും ഏതാണ്ട്

തുല്യാവകാശമുണ്ട്. രണ്ടിനും അധികാരമുണ്ട് നിയമനിർമ്മാണത്തിൽ മുൻകൈയെടുക്കാൻ. റവന്യൂസംഭരണത്തിനുമാത്രം അവകാശമില്ല. അതെല്ലാം ജനപ്രതിനിധിസഭയിൽ വേണം ആദ്യം ആരംഭിക്കാൻ.

പ്രസിഡണ്ടു നടത്തുന്ന നിയമനങ്ങളും ശരിവെയ്ക്കാനും നിഷേധിക്കാനും സെനറിനു മാത്രമേ അധികാരമുള്ളൂ. സുപ്രീംകോടതി ജഡ്ജിമാർ, ഫെഡറൽ കോടതി ജഡ്ജിമാർ, നയതന്ത്ര പ്രതിനിധികളും, ഗവൺമെണ്ടു ഏജൻസിയുടെ മേലദ്ധ്യക്ഷന്മാർ എന്നിവരുടെ നിയമനത്തെ സാധുവും അസാധുവുമാക്കാനുള്ള അധികാരം സെനറിനാണെന്നു സാരം. പ്രസിഡണ്ടു അവതരിപ്പിക്കുന്ന വിദേശീയരാഷ്ട്രസഖ്യം അംഗീകരിക്കാനും നിഷേധിക്കാനുമുള്ള അവകാശവും സെനറിനുമാത്രമേയുള്ളൂ.

ഒരു മണ്ഡലം പാസ്സാക്കിയ നിയമം മറേറ മണ്ഡലം ആദരിക്കുകയോ അനാദരിക്കുകയോ ആവാമെന്നുണ്ട്.

സുപ്രീം കോടതിയുടെ മേൽക്കോയ്മയിൽ അനേകം ഫെഡറൽക്കോടതികളുണ്ട്. ഗവൺമേണ്ടിൻെറ നീതിന്യായവകുപ്പു ഇതാണ്. ഇതിൻെറ നിയമപരിധി വളരെ വിപുലമാണ്. ഭരണഘടനാനിയമങ്ങളും വ്യാഖ്യാനിക്കുക, സേനാപരമായും സമുദ്രപരമായുമുള്ള കേസുകളും കേൾക്കുക, ദേശീയ ഗവൺമേണ്ടു കക്ഷിചേർന്ന കേസുകളും കേൾക്കുക, രണ്ടു സംസ്ഥാനങ്ങളും തമ്മിലോ സംസ്ഥാനപൌരന്മാർ തമ്മിലോ ഉള്ള തർക്കം കേൾക്കുക എന്നിത്രയുമാണ് നീതിന്യായവകുപ്പിൻെറ അധികാരങ്ങളും.

ഫെഡറൽ കോടതി ജഡ്ജിമാരെ ജീവപര്യന്തമാണ് നിയമിക്കുന്നത്. ജനപ്രതിനിധിസഭ കൊണ്ടുവരുന്ന ഗുരുതരമായ കുറ്റങ്ങൾ ഒരു ജഡ്ജിയുടെ നടത്തയിൽ കണ്ടാൽ, അവയെ സെനറ്റ് അംഗീകരിക്കുന്നപക്ഷം അവരെ ജഡ്ജിവേലയിൽനിന്നു നീക്കം ചെയ്യാവുന്നതാണ്.

സുപ്രീം കോടതിയിൽ ഒരു ചീഫ് ജഡ്ജിയും എട്ടു കൂട്ടു ജഡ്ജികളുമുണ്ട്.

സുപ്രീം കോടതിക്കു താഴെ കോൺഗ്രസ്സ് രണ്ടുജാതി ഫെഡറൽ കോടതികളുണ്ടാക്കീട്ടുണ്ട്. ഒന്നു അപ്പീൽ കേൾക്കുന്ന സർക്കീട്ടു കോടതി മറെറാന്നു ഡിസ്ട്രിക്ട് കോടതി.

നിയമപ്രകാരം ഫെഡറൽ നിയമ പരിധിക്കകമുള്ള മിക്ക കേസുകളും ആദ്യം കേട്ടു തീരുമാനിക്കുന്നതു ഡിസ്ട്രിക്ട കോടതികളാണ്. ഡിസ്ട്രിക്ട കോടതികളുടെ തീരുമാനം കക്ഷികൾക്കു തൃപ്തികരമായില്ലെങ്കിൽ അവർക്ക് അപ്പീൽ കൊടുക്കാം. ചില കേസ്സുകളുടെ അപ്പീൽ നേരിട്ടു സുപ്രീം കോടതിയിൽ ആവാമെന്നുണ്ട്. മറെറല്ലാ കേസുകളുടെയും അപ്പീൽ ആദ്യമായി സർക്കീട്ടു കോടതിയിലേ കൊടുക്കാവൂ.

———

# ജീവിതത്തോതുകൾ

വേലക്കാരുടെ നാടാണ് ഐക്യസംസ്ഥാനങ്ങൾ. 154,000,000 ആളുകളുള്ളതിൽ 60,000,000ൽ അധികവും ശമ്പളം വാങ്ങി വേല ചെയ്യുന്നവരോ വ്യക്തിപരമായ തൊഴിലിലേർപ്പെട്ട് ആദായമെടുക്കുന്നവരോ ആണ്. മുടക്കുമുതലിന്റെ ആദായമെടുത്തു ചെലവു നടത്തുന്നവർ വളരെ തുച്ഛമാണ്.

വൈദ്യുതവിളക്കുകളുള്ള നഗരഗൃഹങ്ങളിലാണ് മിക്ക അമേരിക്കൻ കുടുംബങ്ങളും ജീവിക്കുന്നതു്. ഓരോ വീടിനുമുണ്ട് തണുപ്പുകുഴൽവെള്ളവും ചൂടുകുഴൽവെള്ളവും. നടുക്കായി ചൂടു കായാനുള്ള സജ്ജീകരണവും ഉണ്ടായിരിക്കും. 6,000,000 കർഷകഭവനങ്ങളുള്ളതിൽ 90 ശതമാനത്തിനും വൈദ്യുതവിളക്കുകളുണ്ട്; പകുതിക്കും ടെലഫോൺ സൌകര്യങ്ങളുമുണ്ട്. കൂടുതൽ കൂടുതൽ വൈദ്യുതസജ്ജീകരണങ്ങളും ഉണ്ടാകുന്നതോടെ ഗ്രാമപ്രദേശങ്ങളിലെ ഭവനസൌകര്യങ്ങളും നന്നായി വരുന്നുണ്ട്. കുഴൽവെള്ളവും ശുചീകരണപദ്ധതിയും നടപ്പിൽ വന്നതോടെ ഗ്രാമീണഭവനങ്ങളും അത്യന്തം ആകർഷകങ്ങളായിത്തീർന്നിട്ടുണ്ട്.

1950-ൽ ഒരു വാടകവീടിനു ശരാശരി 4 മുറികൾവീതമുണ്ടായിരുന്നു. ഒരു കുടുംബത്തിൽ ശരാശരി മൂന്നോ നാലോ ആളുകളുണ്ടായിരിക്കും. ഐക്യസംസ്ഥാനത്തിലെ പകുതിയോളം ആളുകൾക്കു 1950-ൽ സ്വന്തം ഭവനങ്ങളുണ്ടായിരുന്നു.

ഒരു സാധാരണ അമേരിക്കന്റെ ഭക്ഷണം വളരെ പോഷകവുമാണു്; വൈവിദ്ധ്യം ഉണ്ടായിരിക്കുകയും ചെയ്യും ഭക്ഷ്യവസ്തുക്കളിൽ. ഒരു സാധാരണതൊഴിൽക്കാരൻ ഒരു കൊല്ലത്തിൽ വാങ്ങുന്ന പുതിയ തുണിത്തരങ്ങളുടെ ശരാശരിക്കണക്കു് ഇതാ നോക്കുക:—

| | |
|---|---|
| പുതിയ സൂട്ടു് | 1 സെറ്റു് |
| പുതിയ ഷർട്ടു് | 5 |
| പുതിയ അടിയുടുപ്പു് | 3 |
| പുതിയ ഷൂസു് | 2 ജോടി |
| പുതിയ കൈലേസു് | 6 |
| പുതിയ ടൈ | 3 |

ഓരോ കൊല്ലവും ഒരു സാധാരണ തൊഴിൽക്കാരന്റെ ഭാര്യ ശരാശരി 4 പുതിയ ഡ്രസ്സുകൾ, 2 പുതിയ തൊപ്പി, 11 ജോടി സ്റ്റോക്കിംഗ്സു് 2 പുതിയ സ്ലിപ്പുകൾ, 3 ജോടി പുതിയ ഷൂസു് ഇത്രയും വാങ്ങുന്നു.

പണമായോ ബാങ്കുനിക്ഷേപമായോ ഗവൺമെണ്ടു് ഇൻഷ്വറൻസു വകയായോ മിക്ക അമേരിക്കരും കുറെ സമ്പാദിക്കുന്നുണ്ടു്. 1950-ൽ ഐക്യസംസ്ഥാനങ്ങളിലെ വ്യക്തികൾ ഏതാണ്ടു് 11,900,000,000 ഡോളർ സമ്പാദിച്ചു. മിക്കവർക്കും ജീവരക്ഷാഭോഗമുണ്ടു്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ സായുധസേനയിൽ അംഗങ്ങളായവർക്കു വളരെ കുറഞ്ഞ നിരക്കിലാണു ജീവരക്ഷാഭോഗത്തിന്റെ അംഗത്വം നൽകിയതു്.

# ആരോഗ്യവും വൈദ്യ സഹായവും

1789 നു ശേഷം ഐക്യസംസ്ഥാനങ്ങളിലെ പുരുഷായുസ്സു് ഇരട്ടിയായിട്ടുണ്ടു്. മാസ്സാച്ചൂസെറ്റ്സു് സ്റ്റേറ്റിന്റെ ആവശ്യത്തിനായി സൂക്ഷിച്ചുവെച്ച ഏറ്റവും പഴയ റിക്കാർഡു് 1789-ൽ എടുത്തതാണു്. അന്നത്തെ കണക്കനുസരിച്ചു് ഒരു പുരുഷായുസ്സു് ശരാശരി 35 വർഷമാണു്. ഇന്നതു് 67 ആയി ഉയർന്നിരിക്കുന്നു. 1900-ൽ മരണത്തോതു് 1000-നു് 17.2-ഉം 1949-ൽ 9.7-ഉം ആണു്. അങ്ങനെ മരണത്തോതും വളരെ ഈ ശതകത്തിൽ കുറഞ്ഞാണു കാണുന്നതു്.

ആരോഗ്യസംരക്ഷണം ഒരു സംയുക്തഉത്തരവാദത്തിലാണു ഐക്യസംസ്ഥാനങ്ങളിൽ നടത്തിപ്പോരുന്നതു്. വ്യക്തികളും പ്രാദേശികവർഗ്ഗങ്ങളും സ്റ്റേറ്റ്ഗവമ്മെണ്ടും ഫെഡറൽ ഗവമ്മെണ്ടും കൂടിച്ചേർന്നാണു ആരോഗ്യസംരക്ഷണപരിപാടി പ്രയോഗത്തിൽ വരുത്തുന്നതു്. പൊതുജനാരോഗ്യവകുപ്പു് മിക്കവാറും കോളറാ, മഞ്ഞപ്പനി, മസൂരി, ജ്വരപ്പനി തുടങ്ങിയ പലവിധ രോഗങ്ങളേയും നിശ്ശേഷം നിവാരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഡിഫ്തീരിയ, സ്കാർലറ്റ് പനി, നിലങ്കാരിച്ചുമ തുട

ങ്ങി ശിശുക്കൾക്കു വരുന്ന പകർച്ചവ്യാധികളിൽ നിന്നുള്ള മരണത്തോതു് ഗണനീയമായി കുറച്ചിട്ടുണ്ടു്.

വിവിധഗവൺമെണ്ടുകൾ കൂടിയായി നടത്തിയ ആരോഗ്യസംരക്ഷണശ്രമത്തിനുള്ള ചെലവു് 1949-ൽ ഒരാൾക്കു ശരാശരി 18 ഡോളറാണെന്നു കണക്കാക്കിയിരിക്കുന്നു.

6,572 റജിസ്റ്റേഡു് ആസ്പത്രികളും അവിടെ 1,450,000 കിടക്കകളും ഐക്യസംസ്ഥാനങ്ങളിലുണ്ടു്. ഈ ആസ്പത്രികളിൽ 361 എണ്ണം യുദ്ധത്തിൽ അവശരായ ആളുകൾക്കുവേണ്ടി മാത്രം മാറ്റിനിർത്തിയിരിക്കയാണു്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതു നേഷനൽ ഗവൺമെണ്ടാണു്.

സ്റ്റേറ്റുഗവൺമെൻറിന്റെ വകയായി 573 ആസ്പത്രികളുണ്ടു്. ക്ഷയം മാനസികരോഗങ്ങൾ എന്നിവയ്ക്കുമാത്രമാണ ഇതിലധികവും ആസ്പത്രികൾ. നഗരഭരണകൂടം 1,003 ആസ്പത്രികൾ നടത്തുന്നു. പള്ളിവകയായി 1,090 എണ്ണമുണ്ടു്. ലാഭമില്ലാത്ത സ്വകാര്യസ്ഥാപനങ്ങൾ 3545 ആണു്. മുഴുവൻ ചെലവും വഹിക്കാൻ നിവൃത്തിയില്ലാത്ത കൂട്ടർക്കു മിക്ക ആസ്പത്രികളും ഒന്നുകിൽ സൗജന്യമായോ അല്ലെങ്കിൽ തീരെ കുറഞ്ഞ ചെലവിലോ ചികിത്സ നടത്തുന്നു.

മിക്ക വ്യവസായകേന്ദ്രങ്ങളും വലുതാവട്ടെ, ചെറുതാവട്ടെ, സ്വന്തമായി അവിടത്തെ വേലക്കാർക്കുവേണ്ടി ആസ്പത്രിവെച്ചിട്ടുണ്ടു്. പബ്ലിക് പാഠശാലകളിലെ കുട്ടികൾക്കു ചികിത്സയും (ദന്ത ചികിത്സയുമുണ്ടു്) മറ്റും സൗജന്യമായി നടത്തിക്കൊടുക്കാനുള്ള ഏർപ്പാടുകളും ചെയ്തിരിക്കുന്നു. 150,000 ഡോക്ടറന്മാ

രും 75,000 ദന്തവൈദ്യന്മാരും സ്വകായ്പരിശീലനം നടത്തുന്നുണ്ട്. 300,000-ൽ കൂടുതൽ നഴ്സുകളും 97,9000 വിദ്യാർത്ഥി നഴ്സുകളും പ്രവർത്തനപരിപാടിയിൽ മുഴുകിയിരിക്കുന്നു.

1949-ലും 50-ലും ആയി 25,000 വിദ്യാർത്ഥികളെ മെഡിക്കൽ കോളേജിൽ ചേർത്തിട്ടുണ്ട്. അതിൽ 1800 പേർ സ്ത്രീകളാണ്. പതിനായിരം വിദ്യാർത്ഥികളെ ദന്തവൈദ്യപരിശീലനത്തിനും എടുത്തിട്ടുണ്ട്.

ആദായമില്ലാത്ത സ്ഥാപനങ്ങളിലായി 30,000,000 ആളുകൾ ആസ്പത്രി ഇൻഷൂറൻസിൽ ചേർന്നിരിക്കുന്നു. സാധാരണ ജീവരക്ഷാഭോഗം പോലെയാണ് ഇതിലേയും രീതി. ചെറിയ തുക പ്രീമിയമായി അടച്ചാൽ മതി. ആസ്പത്രികളിൽ നിന്നും സൌജന്യമായി വൈദ്യസഹായം അങ്ങിനെയുള്ളവർക്ക് ലഭിക്കുന്നു. പരിപൂർണ്ണാരോഗ്യസംരക്ഷണത്തിന് ഏതാണ്ട് അതിൽ പത്തിലൊന്നു ആൾക്കാരു് ഇൻഷൂർ ചെയ്തിട്ടുണ്ട്. ആദായമില്ലാത്ത സ്ഥാപനങ്ങളാണ് ഇവയുമെന്നു പ്രത്യേകം ഓർക്കണം.

———

# വിദ്യാഭ്യാസം

ഓരോ സ്റ്റേറിലും സൌജന്യപൊതുപാഠശാലകളുണ്ട്. നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള അത്തരം പാഠശാലകളെ പുലർത്തിപ്പോരുന്നതു നികുതി പിരിച്ചാണ്. രാജ്യത്തിൽ പൊതുവെ 1,47,000 സൌജന്യ പൊതുപ്രാഥമികവിദ്യാലയങ്ങളും, 25,500 ഹൈസ്കൂളുകളുമുണ്ട്. ഇതിനെല്ലാം പുറമെ സ്വകാര്യ ഏജൻസികൾക്കു വിദ്യാലയം നടത്താനുള്ള പദ്ധതികളുണ്ട്. 10,000 പ്രൈവറ്റ് പ്രാഥമികവിദ്യാലയങ്ങളും 3,000 ഹൈസ്കൂളുകളും വേറെയുമുണ്ട്.

1950-51ൽ സ്കൂൾ വർഷത്തിൽ ഏകദേശം 24,000,000 കുട്ടികളെ പ്രാഥമികവിദ്യാലയത്തിൽ ചേർത്തിട്ടുണ്ട്. ഏതാണ്ടു 6,000,000 പേരെ ഹൈസ്കൂളിലും പ്രവേശിപ്പിച്ചു. രണ്ടു ജാതി വിദ്യാലയങ്ങളിലും കൂടി 10,00,000 അദ്ധ്യാപകന്മാരാണ് നിയമിതരായിട്ടുള്ളതു്.

ഏതാൺകുട്ടിയും പെൺകുട്ടിയും പഠിച്ചു കൊള്ളണമെന്നു നിർബന്ധമാണ്. 16 വയസ്സുവരെ പാഠശാലയിൽ ഹാജരായിക്കൊള്ളണമെന്ന നിർബന്ധനിയമം എല്ലാ സ്റ്റേറിലും നിലവിലുണ്ട്. സാധാരണ 8 വർഷമാണ് പ്രാഥമികവിദ്യാലയത്തിലെ പഠിത്തത്തിനുള്ള കാലാവധി; ഹൈസ്കൂളിൽ 4 വർഷവും.

ദേശീയനിയന്ത്രണമോ നിർദ്ദേശമോ വിദ്യാഭ്യാസത്തെ സംബന്ധിച്ചു ഐക്യസംസ്ഥാനങ്ങളിൽ നിലവിലില്ല. സംസ്ഥാനത്തെ നിയമനിർമ്മാണസഭയിൽ എല്ലാ ജനങ്ങൾക്കും പ്രാതിനിധ്യമുണ്ടല്ലോ. തന്മൂലം അതാതു സംസ്ഥാനത്തുള്ള വിദ്യാലയങ്ങളിലെ തനതാവശ്യങ്ങൾ അതാതു സ്ഥലവാസികൾക്കു വേണ്ടപടി ഈ ജനപ്രതിനിധിസംഘം തന്നെ നിശ്ചയിക്കുന്നു. വർഗ്ഗപ്രതിനിധികൾക്കു, സ്റ്റേറ്റ് നിശ്ചയിക്കുന്നതിലും ഉൽകൃഷ്ടമായ ഒരു വിദ്യാഭ്യാസത്തെ തു കൈക്കൊള്ളാവുന്നതാണ്; സ്വതേ അങ്ങനെ അവർ ചെയ്യുന്നുമുണ്ട്.

കോളേജുകളും സർവ്വകലാശാലകളും ഐക്യസംസ്ഥാനങ്ങളിൽ സുലഭമായുണ്ട്. 1,900 ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളാണ് ആകെയുള്ളതു്. ഇവയിൽ 800-ൽ ക്കൂടുതൽ സ്വതന്ത്രകോളേജുകളും സർവ്വകലാശാലകളുമാണ്. സാങ്കേതിക കലാശാലകൾ 323, അധ്യാപക പരിശീലനകോളേജുകൾ 211, രണ്ടാംതരം കോളേജുകൾ 521, ഇതാണ ഉയർന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്കു്.

1950-ൽ 2,600,00 വിദ്യാർത്ഥികളെ കോളേജുകളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അമേരിക്കൻ ഹൈസ്കൂളുകളിൽനിന്നും ജയിക്കുന്ന മൂന്നിൽ ഒരുഭാഗം വിദ്യാർത്ഥികൾ കോളേജു വിദ്യാഭ്യാസം തുടരുന്നു. അവരിൽ പകുതിയോളം വിദ്യാർത്ഥികൾ സൗജന്യമായിട്ടാണ പഠിക്കുന്നതു്. വളരെ ചുരുങ്ങിയ ചെലവിൽ പഠിക്കുന്നവരും കുറവല്ല. കോളേജുകളും സർവ്വകലാശാലകളും നിലനിൽക്കുന്നതു സംസ്ഥാനങ്ങളുടെയും നഗരങ്ങളുടെയും സാമ്പത്തികസഹായംകൊണ്ടാണെന്നു ഓർക്കണം.

ആൺകുട്ടികൾക്കുള്ള വിദ്യാഭ്യാസാവകാശങ്ങൾ മുഴുവൻ തന്നെ പെൺകുട്ടികൾക്കും കൊടുത്തിട്ടുണ്ട്.

എല്ലാ മതത്തിലേയും വർഗ്ഗത്തിലേയും വിദ്യാർത്ഥികൾക്ക് കോളേജിൽ പ്രവേശനമുണ്ട്.

1950 ജൂൺ മാസത്തിൽ ആകെ 498,600 ബിരുദങ്ങളാണ കോളേജുകളും സർവ്വകലാശാലകളും നൽകിയിട്ടുള്ളത്. തൊഴിലിലുള്ള ഒന്നാമത്തെ ബിരുദം നേടിയവർ 434,000 ഉണ്ട്. അവയിൽ 104,000 സ്ത്രീകൾക്കാണ്. ഇത് ഏതാണ്ട് ഇന്ത്യയിലെ ബി. എ. ബിരുദത്തിനു തുല്യമാണെന്നോർക്കണം. അടുത്ത ഉയർന്ന ബിരുദം, എം. ഏ. യ്ക്കു തുല്യമായത് 58,000 പേർക്കാണ കൊടുത്തിട്ടുള്ളത്. ഇതിൽ 17,000 സ്ത്രീകൾക്കാണ്. 6000 ആളുകൾക്ക് ഡോക്ടർ ബിരുദം കൊടുത്തിട്ടുണ്ട്. അതിൽ സ്ത്രീകൾ 650.

# സാമൂഹ്യിക സുരക്ഷിതത്വം

വെ്കൃസംസ്ഥാനങ്ങളിലെ ജനങ്ങൾക്കു സാമൂഹ്യികസുരക്ഷിതത്വം നൽകുന്നതിനു ഫെഡറൽഗവമ്മേണ്ടിൽനിന്നും പതിനൊന്നു മികച്ച പരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. വൃദ്ധന്മാർക്കും പിൻതുടർച്ചാവകാശികൾക്കുമുള്ള രക്ഷാഭോഗം, തൊഴിലില്ലാത്തവർക്കുള്ള രക്ഷാഭോഗം, ദരിദ്രവൃദ്ധർക്കുള്ള സഹായം, ദരിദ്രാന്ധർക്കുള്ള സഹായം, പരാശ്രയത്തിൽ കഴിയുന്ന കുട്ടികൾക്കുള്ള സഹായം, നിശ്ശേഷം അംഗഹീനത വന്നവർക്കുള്ള സഹായം, അമ്മയ്ക്കും കുട്ടിക്കുമുള്ള ആരോഗ്യപരിപാലനത്തിനുള്ള സേവനം, അംഗഭംഗം വന്ന കുടികൾക്കുള്ള സേവനം, ശിശുക്ഷേമത്തിനുള്ള സേവനം ഇങ്ങനെ ആ പതിനൊന്നിൽ ഒൻപതോളം പലവിധ പരിപാടികൾക്കാണ് മാററി വെച്ചിട്ടുള്ളതു്. ബാക്കി ഒന്നുകൊണ്ടു് ഒരു പൊതു ഉദ്യോഗദാനസ്ഥാപനം നടത്തുന്നു. മറെറാകൊണ്ടാകട്ടെ നാടാകെ ചെറിയ പലിശയ്ക്കു പണം വായ്പ കൊടുക്കുന്ന സംഘങ്ങളും സ്ഥാപിച്ചിരിക്കയാണ്.

വയോവൃദ്ധർക്കും പിൻതുടർച്ചാവകാശികൾക്കുമുള്ള രക്ഷാഭോഗപരിപാടിപ്രകാരം 60,000,000 തൊഴിലുകാരിൽ

45,000,000 തൊഴിൽക്കാർക്കു് ഗുണകരമായ രീതിയിൽ അംഗത്വം നൽകിയിട്ടുണ്ടു്. ഈ പരിപാടിയുടെ ഭരണം ഫെഡറൽ ഗവർമ്മേൻറാണു് കൈയ്യേറിയിരിക്കുന്നതു്. ഇതിൻ പ്രകാരം താഴെ പറയുന്ന കൂട്ടർക്കു് പ്രതിമാസം ഒരു തുക ലഭിക്കുന്നുണ്ടു്. 65 വയസ്സു കഴിഞ്ഞു് ജോലിയിൽ നിന്നും പിരിയുന്നവർക്കു്. അവർ വാണിജ്യത്തിലും വ്യവസായത്തിലും വേലയെടുത്തവരായിരിക്കണം. അല്ലെങ്കിൽ ഒരു കൃഷിസ്ഥലത്തോ സ്വകാര്യഭവനങ്ങളിലോ വേലയെടുത്തവരായിരുന്നാലും മതി. സ്വയം ഉണ്ടാക്കിയ ഉദ്യോഗത്തിലിരുന്നു് അതിൽനിന്നും വിരമിക്കുന്നവർക്കു്. ഉദ്യോഗത്തിൽനിന്നും വിരമിച്ചവരുടെ ആശ്രിതർക്കു് ഇളം പ്രായത്തിൽ ജോലിയിലിരിക്കുമ്പോൾ മരിക്കുന്നവരുടെ കുടുംബങ്ങൾക്കു്. (ഭാര്യയും 18 വയസ്സു തികയാത്ത കുട്ടികളും മാത്രം.) ഈ രക്ഷാഭോഗപരിപാടിക്കു് രണ്ടു തരത്തിലാണു് സാമ്പത്തികവ്യവസ്ഥിതി ചെയ്തിട്ടുള്ളതു്. വേല ചെയ്യുന്നവനും, വേല ചെയ്യിക്കുന്നവനും ശമ്പളത്തിൽ ഒരു ഭാഗം ഈ കമ്പനിക്കു് കൊടുക്കണമെന്നുണ്ടു്. ഇപ്പോഴത്തെ തോതു് ഒരാൾ അവൻെറ ആദായത്തിൻെറ ഒന്നര ശതമാനം രക്ഷാഭോഗക്കമ്പനിക്കാർക്കു് കൊടുക്കണമെന്നാണു്. ഒരു ജോലിക്കാരൻെറ ശമ്പളം കൊല്ലത്തിൽ 3,600 ഡോളറിൽ കൂടുതലാണെങ്കിൽ, അയാളെ ഈ നികുതികൊടുക്കലിൽനിന്നും ഒഴിവാക്കും.

ഈ പരിപാടിപ്രകാരം 1950-ൽ 3,477,000 ആളുകൾക്കു സാമ്പത്തികസഹായം ലഭിക്കുകയുണ്ടായി. അവർക്കു എല്ലാവർക്കുംകൂടി കിട്ടിയതു് 961,000,000 ഡോളറാണു്. ഇക്കൂട്ടത്തിൽ

ജോലിയിൽനിന്നും പിരിഞ്ഞ 1,771,000 ആളുകളും ആശ്രിതന്മാരോ, പിൻതുടർച്ചാവകാശികളോ, ജോലിക്കാരോ ആയിട്ടുള്ള 1,706,289 പേരും ഉൾപ്പെടുന്നു. ജോലിയിൽനിന്നും വിരമിച്ച കൂട്ടർക്കു പ്രതിമാസം കൊടുക്കുന്ന ശമ്പളത്തുക ഏതാണ്ട് 48,00 ഡോളർ വരും.

തൽക്കാലം ജോലിയിൽനിന്നു പിരിഞ്ഞുനിൽക്കുന്നു കൂട്ടർക്ക്—പിരിച്ചുവിടപ്പെട്ടതു് അവരുടെ കുറ്റംകൊണ്ടായിരിക്കരുതു്—ഒരാദായമാർഗ്ഗത്തിനാണു തൊഴിലില്ലാ രക്ഷാഭോഗവ്യവസ്ഥ ഏർപ്പെടുത്തിയിരിക്കുന്നതു്. 1950-ൽ ഇതുപോലെ തല്ക്കാലം ജോലി നഷ്ടപ്പെട്ടവർക്കു 1,373,400,000 ഡോളറാണു വേതനമായി കൊടുത്തിട്ടുള്ളതു്.

ഈ രക്ഷാഭോഗത്തിനുള്ള സാമ്പത്തികവ്യവസ്ഥ ശമ്പളനികുതിയിൽനിന്നുമാണു ഉണ്ടാക്കിയിരിക്കുന്നതു്. സ്റ്റേറിലുള്ള എല്ലാ കമ്പനിയുടമകളും ഇതിലേക്കു നികുതി കൊടുക്കണമെന്നാണു നിയമം. രണ്ടു സ്റ്റേറിൽ മാത്രം ഈ നികുതി പിരിക്കുന്നില്ല. എന്നാൽ ഈ രക്ഷാഭോഗവ്യവസ്ഥ അവിടെയും നിലവിലുണ്ടു്. 1950-ൽ ഈ ശമ്പളനികുതി 1.5 ശതമാനം കണക്കിലായിരുന്നു. വേലചെയ്യിക്കുന്നവരിൽനിന്നും വേലയെടുക്കുന്നവരുടെ വാർഷികാദായത്തിലെ ആദ്യത്തെ 3,6000 ഡോളറിന്റെ ശതമാനമാണു ഈടാക്കുന്നതു്.

എട്ടോ അതിൽ കൂടുതലോ ശമ്പളക്കാരുള്ളവരെ ഈ രക്ഷാഭോഗപരിപാടിയിൽ പെടുത്തിയിട്ടുണ്ടു്. എല്ലാ സംസ്ഥാനത്തും ഇതുതന്നെയാണു നിയമം. മിക്ക സംസ്ഥാനങ്ങളും ആറോ അതിൽ കുറഞ്ഞോ ശമ്പളക്കാരുള്ളവരേയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.


തൊഴിലില്ലായ്മഇൻഷുറൻസിന്റെ തോതുകൾ നിശ്ചയിച്ചിട്ടുള്ളതു് ഫെഡറൽ ഗവണ്മെൻറാണു്. ഇതിന്റെ നടത്തിപ്പിനു പോരുത്തമുള്ള സംസ്ഥാനങ്ങൾ കൊടുത്തുകൊള്ളണം. ഇൻഷുറൻസു പരിപാടിയുടെ ഭരണം നടത്തുന്നതും സംസ്ഥാനങ്ങളാണു്.

ജോലിക്കാരുടെ രക്ഷാഭോഗവ്യവസ്ഥയിൽ പെടാത്ത ആളുകൾക്കു മറ്റു പലതരത്തിലുള്ള പൊതുരക്ഷാവ്യവസ്ഥകളും തുറന്നു കിടപ്പുണ്ടു്. ദരിദ്രവൃദ്ധർക്കുള്ള വേതനം 1950 - ൽ 1,485,000,000 ഡോളറായിരുന്നു. 48 സംസ്ഥാനങ്ങളിലും കൂടി എടുത്തുനോക്കുമ്പോൾ വ്യക്തികൾക്കു കൊടുക്കുന്ന ക്ലേശിക്കു ചില അന്തരങ്ങൾ കാണാം. ഏറ്റവും താഴ്ന്നതു് 19.30 ഡോളറും കൂടിയതു് 77.52 ഡോളറുമാണു്. ഒരു ചെറിയ കൗണ്ടിയിലെ ശരാശരി 43.31 ഡോളറാണു്. ദരിദ്രാന്ധന്മാരുടെ ശമ്പളത്തുക 53,000,000 ഡോളർ വന്നു. 1950 ഡിസംബറിൽ ശരാശരി 47.72 ഡോളറാണു ഒരാൾക്കു കിട്ടിയതു്. പരാശ്രയത്തിൽ കഴിയുന്ന കുട്ടികൾക്കായി 1950-ൽ 577,000,000 ഡോളർ പരിപാടിപ്രകാരം ചെലവാക്കിയിട്ടുണ്ടു്. അതേ വർഷത്തിൽതന്നെ പ്രതിമാസം ശരാശരി 72.65 ഡോളർ വീതം 640,000 കുടുംബങ്ങൾക്കും സഹായധനം ലഭിച്ചിട്ടുണ്ടു്.

ഫെഡറൽ ഗവണ്മെൻറിന്റെ സാമ്പത്തികസഹായത്തോടുകൂടിയാണു ഈ പരിപാടികൾ 48 സംസ്ഥാനങ്ങളും നടപ്പിൽ വരുത്തുന്നതു്. വയോവൃദ്ധർക്കും വൃദ്ധാന്ധർക്കുമായി 57 ഡോളർ ശരാശരി ഫെഡറൽ ഗവണ്മെൻറു കൊടുക്കുന്നുണ്ടു്. കുട്ടികൾക്കു കൊടുക്കുന്ന സഹായധനത്തിന്റെ കണക്കു വേറെയാണു്. ആദ്യത്തെ കുട്ടിക്കു 27 ഡോളറും പിന്നീടുണ്ടാകുന്നവർക്കു 18



അമേരിക്കൻ ശില്പി മാക്സ് കലീഷ് നിർമ്മിച്ച, 'അമേരിക്കൻ തൊഴിലാളിയുടെ ആത്മാവ്' എന്ന പ്രതിമ.
കലീഷ് 1891 മാർച്ച് 1-ാം പോളണ്ടിൽ ജനിച്ചു.



കാലിഫോർണിയയിലെ പലോമർ മൗണ്ടൻ നക്ഷത്ര ബം
ഗ്ലാവിലാണ ലോകത്തിലെ ഏറ്റവും വലിയ ദൂരദർശിനി
സ്ഥാപിച്ചിരിക്കുന്നു.

ERNAKULAM
Date

ഡോളർ വീതവുമാണ കിട്ടുന്നത്. പരാശ്രയത്തിൽ കഴിയുന്ന കുട്ടികൾക്കുള്ള സഹായധനത്തിന്റെ പരിപാടിയിലാണ് ഇതും പ്പെട്ടിരിക്കുന്നത്.

പരാശ്രയത്തിൽ കഴിയുന്ന കുട്ടികൾക്ക് താമസസൗകര്യം കൊടുക്കുന്ന ആളുകൾക്ക പ്രതിമാസം 27 ഡോളർവീതം അനുവദിക്കുന്നുണ്ട്. അമ്മയോ സ്വന്തങ്ങളോ ആശ്രിതരോ അത്തരം കുട്ടികളെ പാർപ്പിക്കുന്നത്.

മേൽപറഞ്ഞ പരിപാടികളിൽനിന്നും ധനസഹായം ലഭിക്കാൻ അർഹതയില്ലാത്ത ദരിദ്രജനങ്ങളുണ്ട്. അവരെ ഒന്നുകിൽ പ്രാദേശികഗവമ്മെന്റോ അല്ലെങ്കിൽ സംസ്ഥാനഗവമ്മെണ്ടോ അല്ലെങ്കിൽ രണ്ടുംകൂടിയോ സഹായിക്കുന്നു. 1950-ൽ 352,000,000 ഡോളർ ഇങ്ങനെ പൊതുജനസഹായത്തിനായി നിയോഗിച്ചിട്ടുണ്ട്. ഇതിൽ ഒരു പൈസാപോലും ഫെഡറൽഗവമ്മെൻറ കൊടുത്തിട്ടില്ല. പ്രാദേശികഗവമ്മെന്റോ, സംസ്ഥാനഗവമ്മെന്റോ ചെയ്ത സഹായത്തിന്റെ കണക്കുമാത്രമാണിത്. ഒരു കുടുംബത്തിനു ശരാശരി 45.59 ഡോളർവീതം 1950 - ഡിസംബറിൽ 395,000 കുടുംബാംഗങ്ങൾക്ക പൊതുജനസഹായം ലഭിച്ചിട്ടുണ്ട്.

1950 ഒക്ടോബർ ഒന്നാംതീയതിമുതൽ ഫെഡറൽഗവർമ്മെണ്ട് ഒരു പുതിയ പരിപാടിക്കു ധനസഹായം ചെയ്യുതുടങ്ങി. നിശ്ശേഷം അംഗഭംഗംവന്ന ആളുകളെ സഹായിക്കുക എന്നതാണ ഈ പരിപാടിയുടെ ലക്ഷ്യം. വയോവൃദ്ധർക്കും വൃദ്ധാന്ധർക്കും എന്നപോലെ ഫെഡറൽ പണം ഇക്കൂട്ടർക്കും പരിമിതമായ തോതിലെ കൊടുക്കൂ. ഒരാൾക്ക പ്രതിമാസം 50 ഡോളർ എന്നാ കണ

ക്കാണ ഇതിൽ നിശ്ചയിച്ചിരിക്കുന്നത്. മിക്ക സംസ്ഥാനങ്ങളും ഈ പുതിയ പരിപാടിയെ പ്രയോജനമാക്കിയിട്ടുണ്ട്.

ഫെഡറൽ ഗവണ്മെൻറ് ഗർഭിണികൾക്കും ശിശുക്കൾക്കുമുള്ള സുഖസൗകര്യങ്ങളെ ലാക്കാക്കി സുലഭമായി പണം മാററിവച്ചിട്ടുണ്ട്. 1951-ലേയ്ക്കു ഈ ആവശ്യത്തിനു 16,500,000 ഡോളറാണ നിശ്ചയിച്ചിരിക്കുന്നത്. അംഗഭംഗംവന്ന കുട്ടികൾക്കുവേണ്ട 15,000,000 ഡോളർ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. 1950-ലെ സമുദായ രക്ഷാപരിപാടി ദേഗതി ആക്ട് അനുസരിച്ചു ശിശുക്ഷേമത്തിനു മാത്രമായി 10,000,000 ഡോളറാണ് വിനിയോഗിക്കുന്നത്.

എല്ലാ സംസ്ഥാനങ്ങളിലും ഉദ്യോഗദാനസ്ഥാപനങ്ങൾ സൌജന്യമായി നടത്തുന്നുണ്ട്. വേല എടുക്കുന്നവർക്കും കൊടുക്കുന്നവർക്കും ഇതു പ്രയോജനകരമാണ്. തങ്ങൾക്ക് പററിയ വേല കണ്ടുപിടിക്കാൻ മറെറാരുട്ടർക്ക് കഴിയുന്നു. സംസ്ഥാനങ്ങൾക്ക് ഈ വിഷയത്തിൽ ധനസഹായം ചെയ്യുന്നതു ഫെഡറൽ ഗവണ്മെൻറാണ്. തൊഴിലില്ലായ്മ രക്ഷാഭോഗപരിപാടിയോടുകൂടി ഈ സ്ഥാപനങ്ങളിൽ ലയിച്ചിട്ടുണ്ട്.

1934-ൽ ഐക്യസംസ്ഥാന കാൺഗ്രസ്സ് ഫെഡറൽ ക്രെഡിറ് യൂണിയൻ ആക്ട് പാസ്സാക്കി. ഇതനുസരിച്ചു നാടാകെ ഫെഡറൽ ക്രെഡിറ് യൂണിയൻ സ്ഥാപനങ്ങളുണ്ടായിട്ടുണ്ട്. പലർക്കും ഇതു പണം വായ്പ കൊടുക്കുന്നു. വ്യവസായകമ്പനികളും നടത്തുന്നവർക്കും കർഷകസഹകരണസംഘങ്ങൾക്കും ഗവണ്മെൻറാഫീസുകളിലോ മറെറവിടെയെങ്കിലും ജോലി ചെയ്യുന്നവർക്കോ ഇതിൽനിന്നു പണം വായ്പ എടുക്കാം. ക്രെഡി

റവ് യൂണിയനിൽ അംഗങ്ങളായവർ ഈ പരിപാടി പ്രകാരം ഷെയർ വാങ്ങിക്കുന്നു. ഈ ഷെയർ കടം വായ്പയുള്ള ഒരാസ്തിയായിത്തീരും. ഫെഡറൽ ക്രെഡിറവ് യൂണിയൻ ഈ അംഗങ്ങളുടെ പ്രവൃത്തി പരിപാടികളെ സുരക്ഷിതമായി കാത്തുരക്ഷിക്കുന്നു.

1950 ഒടുവിൽ ഏതാണ്ട് അയ്യായിരത്തോളം ക്രെഡിറവ് യൂണിയൻ നാടിലുണ്ടായി. ഫെഡറൽ ചാർട്ടറിനു് അധീനമായാണ് ഇവ പ്രവർത്തനം നടത്തുന്നതു്. 406,000,000 ഡോളറാണ് ഇവയുള്ള അടിസ്ഥാന ധനം. ഇതിനെല്ലാം പുറമെ വേറേയും ചില ക്രെഡിറവ് യൂണിയനും നാട്ടിൽ പ്രവർത്തനം നടത്തുന്നുണ്ടു്. ഇതുവരെ പറഞ്ഞ സാമൂഹായികരക്ഷാപരിപാടികളും കൂടാതെ ജോലിയിൽ നിന്നും വിരമിച്ചവർക്കും അവശർക്കും വേണ്ടി മറനേകം സൌകര്യങ്ങളും ഐകൃസംസ്ഥാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്.

റെയിൽവേ തൊഴിലാളികൾക്കു മാത്രമായി ഒരു പൊതുരക്ഷാഭോഗവ്യവസ്ഥയുണ്ടു്. വാർദ്ധക്യം, അംഗഭംഗം, തൊഴിലില്ലായ്മ, അപമൃത്യു എന്നിവയിൽനിന്നും കുടുംബാംഗങ്ങൾക്കു സുരക്ഷിതാവസ്ഥ വാഗ്ദാനം ചെയ്യുന്ന ഒരു വ്യവസ്ഥയാണതിൽ ഉള്ളതു്.

ഐകൃസംസ്ഥാനങ്ങളിലെ തൊഴിലാളികൾക്കു് രോഗമോ, അംഗഭംഗമോ ഉണ്ടായാൽ അപ്പോഴും ശമ്പളം കിട്ടത്തക്കവണ്ണം ഉള്ള വ്യവസ്ഥ നിയമസാധുതയോടെ ക്രമേണ അവിടെ നടപ്പാക്കിവരുന്നുണ്ടു്.

ഫെഡറൽ ഗവൺമെൻറിലെ മിക്ക ഉദ്യോഗസ്ഥന്മാർക്കും ഒന്നാല്ലെങ്കിൽ മറെറാരു ജാതി രക്ഷാഭോഗവ്യവസ്ഥ ഏർപ്പെട്ടുത്തിയിട്ടുണ്ട്. സൈനിക ഉദ്യോഗസ്ഥന്മാരും ഇക്കൂട്ടത്തിൽപെടുന്നു. ജോലിയിൽനിന്നും വിരമിച്ചാലും അവശത വന്നാലും മരിച്ചാലും കുടുംബങ്ങൾക്കു ഉപജീവനത്തിനുള്ള സൌകര്യം ഇതുപ്രകാരം ചെയ്തിട്ടുണ്ട്. സംസ്ഥാനഗവൺമെൻറിലേയും പ്രാദേശികഗവൺമെൻറിലേയും ഉദ്യോഗസ്ഥന്മാർക്കും ഇതേ നിലയ്ക്കു തന്നെ രക്ഷാഭോഗവ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഐക്യസംസ്ഥാന സേനത്തിൽ വിദ്യാഭ്യാസം, വൈദ്യസഹായം, കുടുംബങ്ങൾക്കുള്ള ധനസഹായം തുടങ്ങി പലതും വളരെ വ്യാപകമായ തോതിൽ അനുവദിച്ചിട്ടുണ്ട്.

തൊഴിലാളി യൂണിയൻ കമ്പനി പ്രതിനിധികളും ഒത്തു ചേർന്നുണ്ടാക്കിയിട്ടുള്ള പല പരിപാടികളും ഐക്യസംസ്ഥാനത്തു ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കുന്നു. ഈ രക്ഷാപരിപാടികൾ ഫെഡറൽ ഗവൺമെൻറും സംസ്ഥാന ഗവർമ്മെൻറും ഏർപ്പെടുത്തിയിട്ടുള്ളവയ്ക്കു പുറമെയാണെന്നും കൂടെ ഓർക്കണം. ഇവയിൽ നിന്നുമുള്ള വേതന വ്യവസ്ഥ പലതിലും പലതാണ്. എങ്കിലും ഒരു മാതൃകാപദ്ധതി പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

രോഗം, അപകടം തുടങ്ങിയവയുണ്ടായാൽ കൂടിവന്നാൽ 15 വാരത്തേയ്ക്ക് വാരം പ്രതി 20 ഡോളർ വീതം ഓരോരുത്തർക്കു കൊടുക്കുന്നു. വൈദ്യസഹായം ദിവസം പ്രതി 7 ഡോളർ വീതം പരമാവധി 31 ദിവസത്തേക്കു കൊടുക്കും. ശസ്ത്രക്രിയ വേണമെന്നുണ്ടെങ്കിൽ 150 ഡോളർ അനുവദിക്കുന്നതാണ്.

സ്വകാര്യസ്ഥാപനങ്ങളിലാണെങ്കിലും സുലഭമായി പെൻഷൻ സമ്പ്രദായം അനുവദിച്ചിട്ടുണ്ട്. പണ്ട് 40 മുതൽ 50 വരെ ഡോളർ കൊടുക്കുക എന്നുള്ള സമ്പ്രദായമായിരുന്നു. ഇന്നാകട്ടെ, തൊഴിലാളിയൂണിയൻ നൂറും നൂറ്റിയിരുപതും ഡോളറിൻവേണ്ടി അധികാരികളോട് നയസംഭാഷണം നടത്തുന്നുണ്ട്. ജോലിയിൽ നിന്നും വിരമിച്ച കൽക്കരി ഖനി തൊഴിലാളികൾക്കു നേരത്തെ തന്നെ പ്രതിമാസം 100 ഡോളർ വീതം കിട്ടുന്നുണ്ട്. ഇതു മുഴുവൻ കമ്പനി തന്നെയാണ് കൊടുക്കുന്നതും.

# തൊഴിലും തൊഴിലാളി സംഘടനകളും

ഈ അടുത്തകാലത്തു ഐക്യസംസ്ഥാനത്തെ തൊഴിലും തൊഴിലാളികളും വമ്പിച്ച പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഒരു തൊഴിലാളി പണ്ടു സമ്പാദിച്ചതിൽ കൂടുതൽ ഇന്നു നേടുന്നു. നേടുന്നതിൽ കൂടുതൽ അവൻ, സാധനങ്ങളും, വിലകൊടുത്തു വാങ്ങുന്നുമുണ്ട്. 1940 നു മുമ്പുള്ള ദശവത്സരങ്ങളിൽ അവനു കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ കൂടുതൽ അവനിപ്പോൾ കിട്ടുന്നുണ്ട്. ഐക്യസംസ്ഥാനങ്ങൾ അവന്റെ ക്ഷേമം ലാക്കാക്കി പല നിയമങ്ങളും നടപ്പാക്കിയിട്ടുണ്ട്. വാണിജ്യസംഘടനാപ്രസ്ഥാനം, ഐക്യസംസ്ഥാനങ്ങളിൽ വളരെ മന്ദഗതിയിലാണു പ്രവർത്തനം ആരംഭിച്ചിട്ടുള്ളതു്. പതിനെട്ടാം ശതകത്തിന്റെ അന്ത്യപാദത്തിലാണു അങ്ങിനെയൊരു പ്രസ്ഥാനംതന്നെ അവിടെ ആരംഭിച്ചതു്. ഫിലാഡൽഫിയായിലെ ചെരുപ്പുകുത്തികളും ആശാരികളും ന്യൂയാർക്കിലെ അച്ചു വേലക്കാരും ബാൾട്ടിമോറിലെ തയ്യൽക്കാരുമാണു ആദ്യമായി അങ്ങനെ ഒരു സംഘടനക്കു രൂപം കൊടുത്തതു്. പിന്നീടതു ക്രമപ്രകാരം വളർന്നു. ഇന്നു്

ഐക്യരാഷ്ട്രസംസ്ഥാനങ്ങളിൽ ഏതാണ്ട് 210 അമേരിക്കൻ തൊഴിലാളിസംഘടനകളുണ്ട്. ഇവയ്ക്കെല്ലാംകൂടി എഴുപതിനായിരം ശാഖകളും പല കമ്പനികളിലും വ്യവസായകേന്ദ്രങ്ങളിലുമായി നിലവിലുണ്ട്. മിക്ക അമേരിക്കൻ വ്യവസായത്തിലും ഈ തൊഴിലാളിസംഘടന ഇന്നൊരു മികച്ച സ്ഥാനത്തെ അലങ്കരിച്ചു പോരുന്നു.

തൊഴിലാളി സംഘടനകളിൽവച്ച് ഏറ്റവും പുരാതനവും വലുതും അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ (A. F. L) ആണ്. ഇത് 1881-ൽ ആണ സ്ഥാപിച്ചത്. ഇതിൽ ആകെ 8,000,000 അംഗങ്ങളും 107 സംഘടനകളും ഉണ്ട്. 1938-ൽ സ്ഥാപിച്ച കോൺഗ്രസ്സ് ഓഫ് ഇൻഡസ്ട്രിയൽ ഓർഗനൈസേഷൻ (C. I. O.) ആണ രണ്ടാംസ്ഥാനമർഹിക്കുന്ന സംഘടന. 5,000,000 അംഗങ്ങളും 40 സംഘടനകളുമാണ ഇതിലുള്ളത്. മറെറാരു വകുപ്പിൽ റെയിൽറോഡു ബ്രദർ ഹുഡും ക്രൂടാതെ അനേകതോളം സ്വതന്ത്രസംഘടനകളും ചേർന്ന സ്ഥാപനങ്ങളും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. അവയിൽ എല്ലാംകൂടെ 2,000,000 അംഗങ്ങളുണ്ട്.

യുണൈറെറഡ് ഓട്ടോമോബൈൽ വർക്കേഴ്സ് ആണ ഒറെറയ്ക്ക നിൽക്കുന്ന തൊഴിലാളി സംഘടനകളിൽ ഏറ്റവും വലുത്. ഇതിലെ അംഗങ്ങളുടെ എണ്ണം 1,250,000 ആണ്. ഇനി വേറെ രണ്ടു തൊഴിലാളിസംഘടനയുണ്ട്— A. F. L. ഇൻടർ നാഷനൽ ബ്രദർ ഹുഡ് ഓഫ് ടീം സ്റ്റോഴ്സ്, (C. I. O) യുണൈറെറഡ് സ്റ്റീൽ വർക്കേഴ്സ് ഓഫ് അമേരിക്ക. ഇതിൽ രണ്ടിലുംകൂടി 1,000,000 അംഗങ്ങളിൽ കൂടുതലുണ്ട്. 500,000 അംഗങ്ങളിൽ

ക്കൂട്ടത്തിലുള്ള മറ്റു സംഘടനകളാണ് യുണൈറ്റഡ് ബ്രദർ ഹുഡ് ഓഫ് കാർപ്പൻടേഴ്സ് ആൻഡ് ജോയിനേഴ്സ്, ഇൻടർ നാഷനൽ അസ്സോസ്യേഷൻ ഓഫ് മെഷിനിസ്റ്റ്സ്, യുണൈറ്റഡ് മയിൻ വർക്കേഴ്സ് എന്നിവയാണ്.

ഐക്യസംസ്ഥാന നിയമപ്രകാരം ഏതു തൊഴിലാളിക്കും ഏതു സംഘടനയിൽ ചേരാനും അവകാശമുണ്ട്. അമേരിക്കൻ തൊഴിലാളികളിൽ 15,000,000 പേർ വ്യവസായത്തിലോ വാണിജ്യത്തിലോ മറ്റു തൊഴിലുകളിലൊ ഏർപ്പെടിരിക്കുന്നതിൽ എല്ലാംതന്നെ തൊഴിലാളി സംഘടനാപ്രവർത്തനം നടത്തുന്നുണ്ട്. അതെയുള്ളതിന്റെ 4,000,000 സ്ത്രീകളാണ്.

തൊഴിലാളികൾക്കു കിട്ടുന്ന ആനുകൂല്യം പലതാണ്. വെക്കേഷനു ശമ്പളം, അവധിക്കാലത്തു ശമ്പളം, ആരോഗ്യക്ഷേമാഭികാംക്ഷവേണ്ട ആനുകൂല്യങ്ങൾ തുടങ്ങിയവ അവർക്കു വാഗ്ദത്തം ചെയ്തിട്ടുണ്ട്. ജോലിയിലിരിക്കെ അപകടത്തിൽ പെടുകയോ, രോഗിയാവുകയോ ചെയ്യുമ്പോഴും കുടുംബസംരക്ഷണത്തിനു ആവശ്യമായതെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്.

1938-ൽ ഒരു ഫെയർ ലേബർ സ്റ്റാൻഡാർഡ് ആക്ട് നടപ്പിൽ വരുത്തി. അതനുസരിച്ചു ദിവസത്തിൽ എട്ടു മണിക്കൂറിൽ ക്കൂടുതലോ ആഴ്ചയിൽ നാൽപതു മണിക്കൂറിൽ കൂടുതലോ വേല എടുപ്പിക്കാൻ പാടില്ല എന്നുള്ള നിയമം പ്രബലമാക്കി. ഇതു പ്രധാനമായും ഖനിവേല ചെയ്യുന്ന കൂട്ടരെയാണ് ലക്ഷ്യമാക്കിയിരിക്കുന്നതു്. നാൽപതു മണിക്കൂറിൽ കൂടുതൽ ജോലി എടുപ്പിച്ചാൽ ഓരോ മണിക്കൂറിനും ഒന്നര ഇരട്ടി ശമ്പളം കൂടുതൽ കൊടുക്കണമെന്ന നിയമമുണ്ടാക്കി.

# സ്ത്രീകൾ

വൈക്യസംസ്ഥാനങ്ങളിൽ സമ്മതിദാനാവകാശമുള്ള ജനങ്ങളിൽ പകുതിയിൽ കൂടുതൽ സ്ത്രീകളാണു്. നിയമപ്രകാരം പൊതുസ്ഥാപനങ്ങളിലും അവർക്കു പ്രവേശിക്കാവുന്നതാണു്.

അമ്പതോളം സ്ത്രീകൾ ഐക്യസംസ്ഥാനകോൺഗ്രസ്സിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. സംസ്ഥാനത്തിലെ ഗവർണർമാരായി രണ്ടു സ്ത്രീകൾ ഉദ്യോഗം വഹിച്ചിട്ടുണ്ടു്. പ്രസിഡൻറിൻറ കാബിനറ്റിൽ ഒരു വനിതാമെമ്പർ ഉണ്ടായിരുന്നു. പ്രതിനിധിസഭയിൽ എട്ടുപേരും, എൺപത്തിരണ്ടാം ഐക്യസംസ്ഥാന കോൺഗ്രസ്സിൽ ഒരാളും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. 1951-ലെ സംസ്ഥാനനിയമനിർമ്മാണസഭയിൽ 235 സ്ത്രീകളുണ്ടായിരുന്നു. ഇതിനെല്ലാം പുറമെ വളരെ മികച്ച ഗവർമെൻറ് ഉദ്യോഗങ്ങളിലും സ്ത്രീകൾ ഉണ്ടു്.

1950-1951 അദ്ധ്യാപനവർഷത്തിൽ 7,27,000 സ്ത്രീകൾ പല കോളേജുകളിലും സർവ്വകലാശാലകളിലുമായി ചേർന്നു. ഐക്യസംസ്ഥാനങ്ങളിലെ കോളേജുഗവേഷണവിദ്യാർത്ഥികളിൽ 45 ശതമാനം സ്ത്രീകളാണു്.

21-ാം 22-ാം വയസ്സിനിടയ്ക്കു് അവിടത്തെ സ്ത്രീകൾ വിവാഹിതരാകുന്നു. ഇതൊരു ശരാശരി കണക്കാണു്. അവി

ടത്തെ ഒരു സ്ത്രീക്ക് ശരാശരി മൂന്നു കുട്ടികൾ വീതമാണുണ്ടാകുന്നത്. അതിലൊടുവിലത്തെ കുട്ടി അമ്മയ്ക്ക് ഇരുപത്തെട്ടു വയസ്സു ആകുന്നതിനു മുമ്പ് ജനിക്കുന്നു.

ആപേക്ഷികമായി ചുരുക്കം ചില കുടുംബങ്ങൾ മാത്രമേ വീട്ടുവേലക്കാരെ നിയമിക്കുന്നുള്ളൂ. മിക്ക കുടുംബിനികളും അവരവരുടെ വീട്ടുജോലി ചെയ്യുവാൻ മടി കാണിക്കുന്നില്ല. ആകെ 43,00,000 കുടുംബങ്ങളാണ് അവിടെ ഉള്ളത്. ഇത്രയും കുടുംബത്തിൽ വേല എടുക്കുന്നവരുടെ എണ്ണം കേവലം 17,00,000 മാത്രമാണ്.

ശൈശവത്തിൽ അമേരിക്കൻ ആൺകുട്ടികളും പെൺകുട്ടികളും ഒരേജാതി കളികളാണു പരിശീലിക്കുന്നത്. അവർ നീന്തുന്നു; മഞ്ഞു കട്ടകളിൽ തെന്നിക്കളിക്കുന്നു; ടെന്നിസ്സ് ഗോൾഫ് മുതലായവ കളിക്കുന്നു. പൂരമെ വിനോദ യാത്രയ്ക്ക് പോകുന്നു. സ്ത്രീകൾക്കു പ്രത്യേകസന്നദ്ധഭടസംഘമുണ്ട്. Y. W. C. A. സ്ഥാപനങ്ങളും അവിടെ നിലവിലുണ്ട്. ഇതിനു പകരം പുരുഷന്മാർക്കു ചില സംഘടനകളുണ്ട്. Y. M. C. A. സന്നദ്ധഭടസംഘം തുടങ്ങിയവ പുരുഷന്മാരുടെ സംഘടനകളാണു്.

കൃഷിസ്ഥലങ്ങളിൽ 4-എച്ച് ക്ലബ്ബ് എന്നിങ്ങനെ ഒരു സ്ഥാപനമുണ്ട്. അവിടെ ലക്ഷക്കണക്കിനു ആൺകുട്ടികളും പെൺകുട്ടികളും തടിച്ചു കൂടുന്നു. അവിടെ അവർക്കുള്ള ലീലാപരിപാടി പലതാണ്. വീടുണ്ടാക്കുക, കൃഷി ചെയ്യുക, പൌരോഹിത്യ പരിശീലനങ്ങളിൽ പങ്കെടുക്കുക തുടങ്ങി പലതും അവ

രെ ഭാവിജീവിതത്തിലേക്ക് കച്ച കെടിവിടുന്നു. തുല്യ അടി സ്ഥാനത്തിൽ അവർ മത്സരിക്കുന്നു. അതായതു മത്സരങ്ങളിൽ അവിടെ ലിംഗഭേദം കണക്കാക്കാറില്ല. ആട്ടമാട്ടുകളെ വളർത്തുന്നതിൽ പോലും ഒരു മത്സരപ്പരീക്ഷ അവിടെ നടപ്പിലുണ്ട്.

സസ്യാദികൾ കൃഷി ചെയ്യുന്നതിലും അതു തന്നെ ഏർപ്പാടു്. എങ്ങനെയായാലും ഏറ്റവും നല്ല വിളവെടുക്കുന്നവർക്ക് ആണാകട്ടെ, പെണ്ണാകട്ടെ, ദേശീയ സമ്മാനത്തിനു ഒരുപോലെ അർഹതയുണ്ടു്

ഹൈസ്കൂളിൽനിന്നും ബിരുദമെടുത്തുകഴിഞ്ഞാൽ ഒരു പെൺകുട്ടി, മിശ്രവിദ്യാഭ്യാസം നടത്തുന്ന ഒരു കോളേജിലോ സർവ്വകലാശാലയിലോ ചേരും. അല്ലെങ്കിൽ സ്ത്രീകൾക്കു മാത്രമായിട്ടുള്ള ചില സ്ഥാപനങ്ങളുണ്ടു്. അവിടെ ചേരാനും മതി.

ഇന്ന തൊഴിലിലേ ഒരു സ്ത്രീക്കു പ്രവേശിക്കാവൂ എന്നു നിർബ്ബന്ധമില്ല; നിയമമില്ല; വ്യക്തിയുടെ ഇഛയാണു അതിനു പ്രമാണം. അദ്ധ്യാപനം രസതന്ത്രം, ഊർജതന്ത്രം നിയമം ഇൻജിനീയറിംഗ്, വൈദ്യം, സംഗീതം, കണക്കെഴുത്തു എന്നു വേണ്ട ഏതെങ്കിലുമൊരു തൊഴിലിൽ അവർ ഏർപ്പെട്ടുന്നു.

ഐക്യസംസ്ഥാനങ്ങളിലെ തൊഴിലാളിസേനയിൽ 19,000,000 സ്ത്രീകൾ ചേർന്നിട്ടുണ്ടു്. അതിൽ പകുതിയോളം വിവാഹിതകളാണു്. അവരിൽ മുപ്പത്തൊന്നു ശതമാനം സിവിലിയൻ തൊഴിൽ സേനയെ പ്രതിനിധീകരിക്കുന്നതാണു്. ഏതാണ്ടു 4,900,000 സ്ത്രീകൾ ഗ്രമസ്ഥപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നു. 3,700,000 കമ്പനികളിലും വ്യവസായശാലകളിലുമായി

1,784,000 നർസുകളായും അദ്ധ്യാപികമാരായും ജോലിനോക്കുന്നു. കൃഷിസ്ഥലങ്ങളിൽ മാനേജർ ജോലി നോക്കുന്നവർ 813,000 ആണ്. ഈ സംഖ്യയിൽ അതിലധികം വേലക്കാരും ഉൾപ്പെട്ടിട്ടുണ്ട്. 1,264,000 ആണ് വിൽപനക്കാരികളുടെ എണ്ണം. സ്ത്രീകൾക്ക് കൺട്രാക്ട് വേലയിൽ ഏർപ്പെടാനും വിരോധമില്ല. അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള തൊഴിലിലും ഏർപ്പെടാം. പൊതുജനക്ഷേമത്തിനും സ്വന്തം കാര്യങ്ങളിലും ഉത്തരവാദിത്വം ഏറിയ ജോലിയിൽ യഥേഷ്ടം ഏർപ്പെട്ടുന്നതിനു സ്ത്രീകൾക്ക് അധികാരവും അവകാശവും ഉണ്ടെന്നു പൊതുജനാഭിപ്രായത്തിനു ഇപ്പോൾ ശക്തി കൂടി വരികയാണ്.

ഐക്യസംസ്ഥാനങ്ങളിലെ സ്ത്രീകൾ വീട്ടുവേലയും പുറമേയുള്ള ജോലിയും ഒന്നിച്ചു വഹിക്കുന്നതിൽ തൽപരകളാണ്. വിധവകളോ വിവാഹമൊഴിഞ്ഞവരോ വിദൂരഭർത്തൃകകളോ ആയ സ്ത്രീകളിൽ നാലിൽ ഒരുഭാഗം ക്രൂടുംബം തങ്ങൾ സ്വയം പുലർത്തേണ്ട സന്താനങ്ങളുണ്ട്. ഉദ്യോഗത്തിൽ ഇരിക്കുന്ന സ്ത്രീകളിൽ എൺപത്തിരണ്ടു ശതമാനം വിവാഹിതകളാണ്. അവർ ഉദ്യോഗം വഹിക്കുന്നതു പല ഉദ്ദേശ്യത്തിലാണ്. കുടുംബച്ചെലവുകൂട്ടിമുട്ടിക്കുവാനാണു ചിലർ; മറ്റു ചിലർ തങ്ങളുടെ കുട്ടികൾക്കു സ്വപ്നകലാശാലാവിദ്യാഭ്യാസം കൊടുക്കുവാനാണ്. വേറെ ചിലരാകട്ടെ തങ്ങൾക്കു ലഭിച്ച തൊഴിൽപരിശീലനത്തെ തുരുമ്പുപിടിപ്പിക്കാതെ ഇരിക്കാനാണ്.

ഏതെങ്കിലും ഒരു സംഘടനയിലെ അംഗമല്ലാത്ത ഒരു സ്ത്രീപോലും അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലില്ല. പള്ളികളി

ലെ സംഘടനകളിൽനിന്നും അവർ ഐകമത്യത്തിന്റെ മഹാശക്തിയെപ്പറ്റി ആദ്യം മനസ്സിലാക്കി. ഈ സംഘടനകളിൽ നിന്നും മനുഷ്യസേവനോചിതമായ മറ്റനേകം സംഘടനകളും പൊന്തിവന്നിട്ടുണ്ട്. ഇന്ന സ്ത്രീകളും നിമ്മിച്ച മഹാസംഘടനകളുടെ എണ്ണവും വണ്ണവും ലഘുവല്ല. അന്തർദേശീയമായ അംഗീകാരം ലഭിച്ച പല സംഘടനകളും ഇന്നുണ്ട്. ഇവയുടെ എല്ലാം ലക്ഷ്യം പൗരത്വബോധവും രാഷ്ട്രീയമായ ഉത്തരവാദിത്വവും ഉണർത്തുക എന്നുള്ളതാണ്. ഈ സംഘങ്ങളിൽ പ്രമുഖമായവ, ഒന്ന്, ജനറൽ ഫെഡറേഷൻ ഓഫ് വിമൻസ് ക്ലബ്ബാണ്. മറെറാന്ന ലീഗ് ഓഫ് വിമൻസ് വോട്ടേഴ്സും ആണ്. സ്ത്രീകൾക്കുള്ള തൊഴിൽ സംഘടനകളും ധാരാളമുണ്ട്. ഏതെങ്കിലും തൊഴിലിലിരിക്കുന്ന സ്ത്രീകൾ സംഘടിച്ചിരിക്കുന്നതു പല ഉദ്ദേശ്യത്തിലാണ്. സാമ്പത്തികസ്ഥിതി ഉയർത്തുക; അന്തസ്സിനു ചേർന്ന അനുമോദനങ്ങൾ മറവുള്ളവരിൽനിന്നു സമ്പാദിക്കുക; പൗരപ്രസ്ഥാനങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹനം കൊടുക്കുക തുടങ്ങിയവ അവയിൽ ചിലതാണ്. സ്ത്രീകളുടെ ബാഹുല്യമായ ഈ പ്രവർത്തനങ്ങൾ അവരെ പലതരത്തിലും ഉന്നതനിലയിലാക്കിയിട്ടുണ്ട്. മാത്രവുമല്ല അമേരിക്കയിലെ മിക്ക സ്ത്രീസംഘടനകളും ഇന്നു ലോകകാര്യത്തിൽ അത്യധികമായ താൽപര്യം കാണിച്ചുവരുന്നുണ്ട്. ലോകത്തെ സംബന്ധിക്കുന്ന മിക്ക പ്രശ്നങ്ങളിലും അവരുടെ ശ്രദ്ധ ഇതിനകം പതിഞ്ഞു കഴിഞ്ഞിരിക്കുന്നു.

---

# മതം

82,000,000 ആളുകളോളം ഇന്നു ഐക്യസംസ്ഥാനങ്ങളിലെ പള്ളികളിൽ അംഗത്വമുള്ളവരാണു്. ലക്ഷക്കണക്കിനു കുട്ടികൾ ഞായറാഴ്ചപാഠശാലയിൽ ഹാജരാകുന്നുമുണ്ടു്.

അമേരിക്കയിലെ ഒരംഗീകൃതതത്വമാണു രാഷ്ട്രവും മതവും രണ്ടായി മാറിനിൽക്കണമെന്നുള്ളതു്. ഗവണ്മെണ്ടു് പള്ളികൾക്കു പണം കൊടുക്കില്ല. മതസ്ഥാപനങ്ങൾക്കു സഹായം ചെയ്യുക എന്നതു ഓരോരുത്തരുടേയും ഇഷ്ടാധീനമായ ഒരു കാര്യമാണു്.

2,54,000 പള്ളികളുണ്ടു് ഐക്യസംസ്ഥാനങ്ങളിൽ ആകപ്പാടെ. 256 മതവർഗ്ഗങ്ങളുമുണ്ടു്. എല്ലാ ആളുകളുടേയും ഏതു കാലത്തുമുള്ള മതവിശ്വാസം ഐക്യനാടുകളിലെ മണ്ണിൽ ഉറച്ചു വളർന്നിട്ടുണ്ടു്. ഗവണ്മെണ്ടു് യാതൊരു തരത്തിലും അക്കാര്യത്തിൽ ഇടപെടില്ല; ഒരു നിയന്ത്രണവും ചെലുത്തില്ല.

പൊതുവായ ആരാധന, മതതത്വംപഠിപ്പിക്കൽ എന്നിവയ്ക്കു പുറമെ അമേരിക്കൻപള്ളികൾക്കു വേറേയും പല കടമകളുണ്ടു്. വർഗ്ഗപ്രവർത്തനങ്ങളുടെ സുപ്രധാനകേന്ദ്രങ്ങളാണു് ദേവാലയങ്ങൾ. അവിടെ സ്ത്രീക്കും പുരുഷനും പ്രത്യേകം പരിപാടികളുണ്ടു്. യുവാക്കൾക്കും കുട്ടികൾക്കും വെവ്വേറെ കൂ-

ത്യക്തമാണ്. പഠിക്കാനും കളിക്കാനും കൂടാനും മറ്റു സേവനങ്ങൾക്കുമായി ദേവാലയപരിപാടികളും നാട്ടുകാർ ഉപയോഗിക്കുന്നു.

പ്രോട്ടസ്റ്റന്റ്, റോമൻ കത്തോലിക്ക, ജൂവിഷ എന്നിവയും മതകക്ഷികളാണ് ഐക്യനാടുകളിലുള്ളത്. പ്രോട്ടസ്റ്റന്റുകാർ 48,000,000; റോമൻ കത്തോലിക്കർ 28,000,000; യഹൂദർ 5,000,000. ഇങ്ങനെയാണ് അതിന്റെ സ്ഥിതിവിവരക്കണക്ക്.

ലോകത്തിലുള്ള എല്ലാ മതവിഭാഗക്കാരുടെയും പ്രതിനിധികളും അമേരിക്കയിലുണ്ട്. പേരെടുത്തു പറയാനുള്ളവരുടെ മാത്രം താഴെ ചേർക്കുന്നു—റഷ്യൻ ഓർത്തഡോക്സു, ഗ്രീക്ക് ഓർത്തഡോക്സു, പോളിഷ് നേഷനൽ കത്തോലിക്; സെർബിയൻ ഈസ്റ്റേൺ ഓർത്തഡോക്സു, ബുദ്ധമതക്കാർ, ഉക്രേനിയൻ ഓർത്തഡോക്സു, സിറിയൻ അന്ത്യോക്യൻ ഓർത്തഡോക്സു.

അമേരിക്കക്കാർ പൊതുവെ മതസഹിഷ്ണുതയുള്ളവരാണ്. അന്യമതദ്രോഹം എന്തെന്നു അവർ അറിഞ്ഞിട്ടില്ല. ഐക്യസംസ്ഥാനഭരണഘടനയിൽ മതസഹിഷ്ണുതാനിയമം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. രാജ്യവാസികളും അവരുടെ ഇഷ്ടം പോലെ ഏതെങ്കിലും മതമോ ദേവാലയമോ വിശ്വാസമോ സ്വീകരിച്ചു കൊള്ളട്ടെ. അതുമൊന്നിനും വിലക്കു പറയില്ല. ഭരണഘടനാഭേദഗതിയിലെ ഒന്നാമത്തെ നിയമം അനുശാസിച്ചിരിക്കുന്നതു നോക്കുക:—

"ഒരു മതസ്ഥാപനത്തെ സമാദരിക്കയോ നിരോധിക്കയോ ചെയ്തുകൊണ്ടു കോൺഗ്രസ്സ് നിയമം ഉണ്ടാക്കുന്നതല്ല."

ഇതേ നിരോധനം 48 സംസ്ഥാനങ്ങളിലെ നിയമനിർമ്മാണങ്ങളിലും കൊള്ളിച്ചിട്ടുണ്ട്. അതു ഭരണഘടനാനിയമപ്രകാരവും വളരെക്കൊല്ലങ്ങളായി തുടർന്നു പോരുന്ന ന്യായാധിപന്മാരുടെ അഭിപ്രായ പ്രകാരവും ഇന്നും സുരക്ഷിതമായി തുടർന്നു പോരുന്നു.

അനേകം സ്വകലാശാലകളിൽ നിയമപഠനവും പരിശീലനവും നടത്തി വരുന്നുണ്ട്. പ്രത്യേകം മതകാര്യപാഠശാലകളും നിലവിലുണ്ട്. ഒരു വർഷത്തിൽ ശരാശരി 15000 മതവിദ്യാർത്ഥികൾ അത്തരം പാഠശാലകളിൽ ചേരുന്നു. ഇവരിൽ ആയിരത്തോളം സ്ത്രീകളാണ്.

കുട്ടികൾക്കും യുവാക്കൾക്കും മതപഠനത്തിനുള്ള പ്രത്യേക സൌകര്യങ്ങൾ എല്ലാ വിഭാഗക്കാരും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചു പ്രോട്ടസ്റ്റൻറുകാരും റോമൻ കത്തോലിക്കരും യഹൂദരും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

ഏതാണ്ടു രണ്ടായിരത്തോളം അമേരിക്കൻവർഗ്ഗങ്ങൾ സ്വന്തം വിദ്യാർത്ഥികളെ, ആഴ്ചയിൽ കുറെ മണിക്കൂർ അവരുടെ ഇഷ്ടപ്രകാരം സ്വതന്ത്രരാക്കിവിടുന്നു.

അമേരിക്കൻ ബൈബിൾ സംഘത്തിന്റെ 1950-ലെ കണക്കനുസരിച്ചു ഐക്യനാട്ടുകളിൽ ഏറ്റവും ചിലവുള്ള പുസ്തകം വിശുദ്ധവേദപുസ്തകമാണെന്നു കണ്ടിരിക്കുന്നു.

---

# സംഗീതം, ഗ്രന്ഥങ്ങൾ, കല, നാടകശാല

വെ കൃസംസ്ഥാനങ്ങളിൽ ഏതാണ്ട് 550-ഓളം ഗായക സംഘങ്ങളുണ്ട്. അതിൽ മികച്ചതു 25 എണ്ണമാണ്. അതിൽ പെട്ട ഓരോന്നിലും 80 മുതൽ 110വരെ ഗായകന്മാരെ നിയമിച്ചിട്ടുണ്ട്. വർഷന്തോറും അവിടെ ഗായകസമ്മേളനങ്ങൾ നടക്കുന്നുണ്ട്. സമ്മേളന കാലങ്ങളിൽ ഈ അഞ്ഞൂറിൽപരം ഗായക സംഘങ്ങൾ ചേർന്നു 10,000 പാട്ടുകച്ചേരികൾ നടത്തുന്നു.

ഇതിനെല്ലാം പുറമെ, സർവ്വകലാശാലകളിലും സ്കൂളുകളിലും കോളേജുകളിലുമായി 35,000 ഗായകസംഘങ്ങൾ വേറെയുണ്ട്.

നാടകക്കമ്പനികളും അവിടെ സുലഭമായിട്ടുണ്ട്. ഇരുപതോളം സംഗീതനാടകക്കമ്പനികൾ വമ്പിച്ച തോതിലും അല്ലാതെയും പ്രദർശനങ്ങൾ നടത്തുന്നുണ്ട്: സംഗീതനാടകങ്ങൾ, സംഗീതയുത്തങ്ങൾ, ഗാനസഭകൾ തുടങ്ങിയ പലതും നൂറുനൂറായി പട്ടണങ്ങളിലും നഗരങ്ങളിലും അരങ്ങേറിക്കുന്നുണ്ട്. ക്ലാസിക്കൽ സംഗീതത്തിനും യുത്തനാടകത്തിനുമായി കൊല്ലംതോറും

30,000,000 പ്രവേശനടിക്കറ്റുകളാണ വിൽക്കപ്പെട്ടന്നത്. ന്യൂയോർക്കിൽ ഒരു മെത്രാപോളിട്ടൻ ഓപ്പ്രാ ഗിൽഡ് ഉണ്ട്. അവിടെനിന്നും അനുദിനം ഗാനനാടകങ്ങൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഓരോ ശനിയാഴ്ച വൈകിട്ടും 12,000,000 ആളുകൾ അതു കേട്ടുവരുന്നു.

ഓരോ വർഷവും അവിടത്തെ പൊതുപാഠശാലകളിൽ 3,000,100 വിദ്യാർത്ഥികൾ യന്ത്രസംഗീതവും 3,000,000 വായ്പാട്ടും പഠിക്കുന്നു. ഏതാണ്ട് 7500 സൗജന്യപൊതുഗ്രന്ഥശാലകൾ അവിടെയുണ്ട്. അവയിൽ എല്ലാംകൂടി 135,000,000 ഗ്രന്ഥങ്ങൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. 21000 സ്ത്രീകൾക്കും പുരുഷന്മാർക്കും കൂടികൾക്കുമായി, ഇങ്ങനെ ഓരോ പൊതുഗ്രന്ഥശാലകൾ അവിടെയുണ്ട്. ഏതാണ്ട് 350,000,000 ഗ്രന്ഥങ്ങൾ വർഷംപ്രതി പൊതുജനങ്ങൾ ഗ്രന്ഥശാലകളിൽനിന്നും വായ്പ വാങ്ങി വായിക്കുന്നു.

സർവ്വകലാശാലകളിലും കോളേജുകളിലും പ്രത്യേകം ഗ്രന്ഥശാലകളുണ്ട്. അവിടെയുള്ള പുസ്തകങ്ങളുടെ എണ്ണം 95,000,000 ആണ്. കഴിഞ്ഞ പത്തു വർഷങ്ങളായി ഐക്യസംസ്ഥാനങ്ങളിലെ പുസ്തകക്കച്ചവടം എന്തെന്നില്ലാതെ വർദ്ധമാനമായിട്ടുണ്ട്. 1950-ൽ പ്രസിദ്ധീകരിച്ച പുതിയ ഗ്രന്ഥങ്ങൾ 11,022 ആണ്.

മഹാനഗരങ്ങളിൽ പലേടത്തും ക്ലാസിക്കൽ സംഗീതത്തിന്റെയും ആധുനിക സംഗീതത്തിന്റേയും ചിട്ടപ്പെടുത്തിയ സ്വരസമാഹാരങ്ങൾ വായ്പയായിക്കൊടുക്കുവാൻ തയ്യാറാക്കിവച്ചിട്ടുണ്ട്. മറ്റു ചില ഗ്രന്ഥശാലകളാകട്ടെ അന്ധവിദ്യാഭ്യാസത്തി

ള്ള ഗ്രന്ഥങ്ങളും നൽകുന്നു. ചാക്ഷുഷവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ വിദ്യാഭ്യാസപ്രാധാന്യമുള്ള ചലച്ചിത്രങ്ങളും ആ സ്ഥാപനങ്ങൾ ദാനം ചെയ്യുന്നുണ്ട്. ഇതിനെല്ലാം പുറമെ സഞ്ചാരഗ്രന്ഥശാലയങ്ങളും നിലവിലിരിക്കുന്നു. വിദൂരദേശത്തുള്ള വായനക്കാർക്കു ആ സ്ഥാപനങ്ങളിൽ ഗ്രന്ഥങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്. തപാൽവഴിയോ മേട്ടോർവഴിയോ ആയിരിക്കും ഇതിന്റെ പ്രവർത്തനം.

കലാപ്രോത്സാഹനത്തിനും ഐക്യസംസ്ഥാനങ്ങൾ മുൻകൈയ്യെടുത്തു പ്രവർത്തിക്കുന്നുണ്ട്. 565-ഓളം കലാപാഠശാലകൾ ഉള്ളതിൽ200,000 വിദ്യാർത്ഥികൾ പരിശീലനം നടത്തുന്നു. കൊത്തുപണി, പ്രതിമാനിർമ്മാണം, പെയിൻറിംഗ് തുടങ്ങിയവ തൊഴിലായെടുത്തിട്ടുള്ള കലാകാരന്മാരുടെ എണ്ണം 60,000 ആണ്.

കാഴ്ചബംഗ്ലാവുകളും കലാനിലയങ്ങളും കണക്കറ്റുണ്ട്, ഐക്യസംസ്ഥാനങ്ങളിൽ. ഇവയിൽ 400 എണ്ണം എടുത്തുപറയത്തക്കവയാണ്. സന്ദർശകരും ഒട്ടും കുറവല്ല. വാഷിംഗ്ടൺ ഡി. സി. യിലുള്ള കോർകോറൻ കലാനിലയവും ദേശീയകലാനിലയവും ഐക്യനാടുകളിലെ പ്രധാനപ്പെട്ട കലാനിലയങ്ങളത്രെ. ന്യയോർക്കു നഗരത്തിലുമുണ്ടു രണ്ടെണ്ണം—മെത്രാപൊളിറ്റൻ മ്യൂസിയം ഓഫ് ആർട്ട് ഒന്ന്. മ്യൂസിയം ഓഫ് മോഡേൺ ആർട്ട് മറെറാന്ന്. ബോസ്റ്റണിലും ചിക്കാഗോവിലും ഉണ്ടു വേറേ ഓരോന്ന്. മെട്രാപ്പോളിറൻ മ്യൂസിയത്തിലെ വളരെ വിപുലമായ തോതിൽ കലാവസ്തുക്കൾ സംഭരിച്ചിട്ടുള്ളവയാണ്.

കലാസ്വാദനത്തെ പ്രോത്സാഹിപ്പിക്കാൻ എല്ലാ കലാനിലയങ്ങളും സമുചിതപരിപാടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒരിയ്ക്കൽ

ഒരു പ്രസംഗപരമ്പരയാണെങ്കിൽ മറ്റൊരിയ്ക്കൽ ഒരു കലാപ്രദർശനമായിരിക്കും പൊതുജനവിദ്യാഭ്യാസാർത്ഥം നടത്തുന്നത്. പ്രദർശനങ്ങളിൽ പലതും പെരിയ പട്ടണങ്ങളിലേക്കും സംക്രമിപ്പിക്കാറുണ്ട്.

ന്യൂയോർക്ക് നഗരമാണ് ഐക്യനാട്ടിലെ ഏറ്റവും വലിയ നാടകശാലാകേന്ദ്രം. അതിൽ 250 നാടകശാലകളും ഐക്യനാട്ടുകളിൽ ഉള്ളതിൽ 25 എണ്ണം ന്യൂയോർക്കിലാണ്. നാടകം തൊഴിലായെടുത്തിട്ടുള്ളവരുടെ പ്രകടനങ്ങളും മാത്രമെ ഈ നാടകശാലകളിൽ നടത്തുന്നുള്ളൂ. വിൻറർ സീസണിൽ ഏകദേശം 30,000 ആളുകളും ഒരു ദിവസം ന്യൂയോർക്ക് നഗരത്തിലെ നാടകശാലകളിൽ പോകുന്നുണ്ട്.

തണുപ്പുകാലത്തെ നാടകപ്രകടനങ്ങളും കഴിഞ്ഞാൽ ആളുകളോടൊപ്പം നാടകശാലകളും തീരപ്രദേശങ്ങളിലേക്ക് മാറുകയായി. ഈ അടുത്ത കാലത്തു ഈ ആവശ്യത്തിലേക്ക് അനേകം 'ഗ്രീഷ്മകാല നാടകശാലകളും' ഉണ്ടായിട്ടുണ്ട്. ഈ നാടകശാല നാടകയെയുണ്ട്. ഇവയിൽ നൂറൻപതോളം കമ്പനികളും വിഖ്യാതനടീനടന്മാരുടെ പ്രദർശനങ്ങളും വിജയകരമായി നടത്തിക്കുന്നു യുവാക്കന്മാർക്ക് നാടകാഭിനയത്തിനുള്ള അവസരവും അവർ പലപ്പോഴും നൽകാറുണ്ട്. അപ്പോഴെല്ലാം പേരെടുത്ത നടന്മാരും ഡയറക്ടറമാരും അവർക്കെല്ലാം വേണ്ട ഉപദേശം കൊടുക്കുന്നതാണ്.

നാടകം തൊഴിലായെടുത്തവരുടെ കഥയങ്ങനെ. ഇനി അങ്ങനെയല്ലാത്തവരും പകുതി തൊഴിലായെത്തിട്ടുള്ളവരുമായ

കൂട്ടരുടെ പ്രദർശനങ്ങളും നാട്ടുപുറപ്പാടുകളുമുണ്ട്. അങ്ങനെയുള്ള നാടകശാലകളുടെ എണ്ണം 2,10,000 ആണ്. ഗ്രാമങ്ങളും, പട്ടണങ്ങളും, സാംസ്കാരികശാലകളും, സ്കൂളുകളും, തൊഴിലാളിസംഘടനാശാലകളും എന്നുവേണ്ടാ പൌരന്മാർ കൂടുന്ന മിക്ക കേന്ദ്രങ്ങളിലും ഇത്തരം നാടകങ്ങളും ധാരാളമായി നടത്തപ്പെടുന്നു.

# വിനോദം

1920വരെ ഐക്യനാടുകളിൽ വേല സമയം ആഴ്ചയിൽ 50 മണിക്കൂറായിരുന്നു. ഇന്നതു 40 ആയിക്കുറച്ചിട്ടുണ്ട്. അങ്ങനെ അമേരിക്കക്കാർക്കു വിനോദത്തിനുള്ള സമയം ധാരാളമായുണ്ട്.

കായികവിനോദങ്ങൾ കാണുവാൻ ലക്ഷക്കണക്കിനാണു അമേരിക്കക്കാർ തടിച്ചു കൂടുന്നതു്. കാണാൻ മാത്രമല്ല, അതിൽ പങ്കുകൊള്ളാനും അവർ ബദ്ധശ്രദ്ധരാണു്. 20 ലക്ഷം മുതൽ 30 ലക്ഷംവരെ അമേരിക്കക്കാർ 'ബാളിംഗി'ൽ പങ്കെടുക്കുന്നു.

മത്സരമില്ലാത്ത വിനോദങ്ങളിൽ മീൻ പിടുത്തമാണു ഏറ്റവും പ്രധാനം. 1948-49 വർഷത്തിൽ 15,478,570 ഓളം ലൈസൻസുകൾ മീൻ പിടിത്തത്തിനായി നൽകിയിട്ടുണ്ടു്. 'ഷിക്കാർ' അവിടത്തെ ഒരു നല്ല വിനോദമാണു്. 12,500,000 ലൈസൻസുകൾ ഷിക്കാറിനുവേണ്ടി അതേ അണ്ടിൽ കൊടുത്തിട്ടുണ്ടു്.

മറ്റു കായികവിനോദങ്ങളിൽ താഴെ പറയുന്നവ പ്രാധാന്യമർഹിക്കുന്നു. ടെന്നിസു, സോഫ്റ്റ് ബാൾ, ആർച്ചറി, ഹാൻഡ് ബാൾ, മഞ്ഞത്തു തെന്നൽ, ഹോർസ്ഷു പിച്ചിങ്,

ടോബോ ഗാനിങ്ങ്, കപ്പലോടിം, മോട്ടാർ ബോട്ടോട്ടം, ഷഫിൾ ബോർഡ്, നീന്തൽ. ഐക്യനാട്ടിലെവീടേയും പ്രാദശിക ഗവമ്മെണ്ടു അതതു സ്ഥലവാസികൾക്കു വേണ്ട കളിസ്ഥലങ്ങളും നീന്തൽക്കുളങ്ങളും എന്നുവേണ്ട എന്തെല്ലാം അവരുടെ കായിക വിനോദത്തിനു ആവശ്യമുണ്ടോ അതെല്ലാം ഏർപ്പെടുത്തിയിരിക്കും. വിവിധരീതിയിലുള്ള വിനോദപരിപാടികളിൽ പങ്കെടുക്കാനുള്ള സൌകര്യങ്ങളും എല്ലാം ജനങ്ങൾക്കുവേണ്ടി ഗവമ്മെണ്ടു് ചെയ്തുകൊടുത്തിട്ടുണ്ടു്.

കളികളിൽ പങ്കെടുക്കാനെന്നപോലെ അതു കണ്ടു രസിക്കാനും അമേരിക്കക്കാർക്കു കൌതുകമുണ്ടു്. വർഷംതോറും ശരാശരി 500,000,000 പ്രവേശന ടിക്കറ്റുകളും ഒരു കളിസ്ഥലത്തു ചെലവാകാറുണ്ടു്. അതായതു ഒരാൾ മൂന്നിൽ കൂടുതൽ ടിക്കറ്റു ശരാശരി വാങ്ങുമെന്നു ചുരുക്കം.

സന്ദർശകന്മാർ ഏറ്റവുമധികം ആകർഷിക്കുന്ന കളി ബാസ്കറ്റു ബാളാണു്. 1947-48ൽ 75,000,000 ആളുകൾ പണം കൊടുത്തു ആ കളി കണ്ടിട്ടുണ്ടു്.

ഫുട്ബാളും സ്വതേ 'ഏറ്റവും വലിയ അമേരിക്കൻ' കളിയാണെന്നു ഒരു പഴമൊല്ല തന്നെയുണ്ടു്. 1949-ൽ പതിനാറോളം ഒന്നാംകിട കളിസ്ഥാപനങ്ങൾ 20,324,980 സന്ദർശകരെ ആകർഷിക്കയുണ്ടായി. തൊഴിൽനാതരം മത്സരങ്ങൾ കാണുന്നതിനു ലക്ഷക്കണക്കിലാണു ആളുകൾ തടിച്ചു കൂടുന്നതു്. ഫുട്ബാൾ, ബോക്സിംഗ്, കുതിരസ്സവാരി എന്നിവയുമാണു അടുത്തു പ്രാധാന്യമുള്ള വിനോദങ്ങൾ.

ഇതുവരെപ്പറഞ്ഞ കണക്കിൽ പെടാത്ത ഒട്ടനേകം വിനോദരീതികളും രംഗങ്ങളും ഐക്യനാടുകളിലുണ്ട്. വ്യക്തികൾ വർഷത്തിൽ തുടരെക്കളിക്കുന്ന ഗോൾഫ് ബാൾ, ബേസ്ബാൾ, ഫുട്ട് ബാൾ, ബാസ്കറ്റ് ബാൾ തുടങ്ങി ഇനിയും പല മത്സരക്കളികൾ പലയിടങ്ങളിലായി നടത്തപ്പെടുന്നു. ചിലപ്പോൾ വീടിനടുത്തു തന്നെയുണ്ടായിരിക്കും കളിസ്ഥലം. മറ്റു ചിലതു ഒരു നാട്ടിലെ പൊതുക്കളിയരങ്ങായിരിക്കും വേറെ ചിലതു സ്കൂളുകളിലും വ്യവസായകേന്ദ്രങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു.

സൃഷ്ടിപരമായതും വിദ്യാഭ്യാസമൂല്യം ഉള്ളതുമായ വിനോദങ്ങൾ ഏതാണ്ട് 10,000,000 അമേരിക്കൻ വനിതകൾക്കും 7,000,000 പുരുഷന്മാർക്കും, 2,000,000 കുട്ടികൾക്കും നേരമ്പോക്കിനുള്ള സൌകര്യമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ആ ജാതി വിനോദങ്ങളിൽ സർവ്വപ്രധാനമായവ തുന്നൽവേല, ഫോട്ടോഗ്രാഫ്, സ്റ്റാമ്പുശേഖരണം എന്നിത്രയുമാണ്. മരത്തിൽ കൊത്തുവേല, പാവപ്പണി, ചായമിടൽ, മാതൃകാവസ്തുനിർമ്മാണം പലവിധത്തിലുള്ള കലാസൃഷ്ടികൾ സംഭരിക്കൽ എന്നിവയും ആ വിടങ്ങളിൽ പ്രചാരമുള്ള വിനോദങ്ങൾ തന്നെയാണ്. അമേരിക്കയിൽ ഏകദേശം 80,000 റേഡിയോ ഓപ്പറേറ്റർമാർ ഈ വിനോദവിജ്ഞാന സമ്പാദനം വഴി ഉയർന്നു വന്നിട്ടുണ്ട്. ഇവർ സ്വതേ ആ തൊഴിൽക്കാരല്ലെന്നോർക്കണം. രസത്തിനു തുടങ്ങിയെന്നു തുടങ്ങി. അവരതിൽ വൈദഗ്ധ്യവും നേടി. കളിച്ചു കാര്യമാക്കുന്ന ഇത്തരം റേഡിയോ വിദഗ്ധന്മാർ പരസ്പരം കത്തിടപാടും മറ്റു ബന്ധങ്ങളും പുലർത്തുന്നുണ്ട്. വിദേ

ശത്രുത ഇക്കൂട്ടർക്കു് സമാനവിദ്വാന്മാർ ഉണ്ടായിരിക്കുമല്ലോ. അവരുമായും ഇവർ കത്തിടപാടുകൾ നടത്തിവരുന്നുണ്ടു്.

എല്ലാ അമേരിക്കക്കാരും ഇഷ്ടപ്പെടുന്ന ചില വിനോദങ്ങളുണ്ടു്. റേഡിയോ കേൾക്കുക, സിനിമ കാണുക, ടെലിവിഷൻ നോക്കി രസിക്കുക എന്നിത്രയും ആ വകുപ്പിൽ പെടുന്നു.

ശമ്പളത്തോടുകൂടി ഒരു രണ്ടു വാരം അവധി മിക്കവർക്കും കിട്ടുന്നുണ്ടു്. ആ വേള മിക്കവരും ഒരു യാത്രയ്ക്കായി ചെലവാക്കുന്നു. കുടുംബത്തിനു യാത്ര നടത്താവുന്ന പ്രത്യേകം ചില വാഹനങ്ങളുണ്ടു്. അവയിലായിരിക്കും മിക്കവരും ഈ വിനോദയാത്ര നടത്തുന്നതു്. അമേരിക്കക്കാർക്കു് ഏറ്റവും ഇഷ്ടപ്പെടുന്ന ഒന്നാണു ഈ വിനോദയാത്ര.

25 നാഷനൽ പാർക്കുകൾ ഏതാണ്ടു് 32,000,000 ആളുകൾ പ്രതിവർഷം സന്ദർശിക്കുന്നു. ക്യാമ്പിങ്ങ്, മീൻ പിടിത്തം നീന്തൽ തുടങ്ങിയവ അപ്പോൾ യഥേഷ്ടം നടത്തുന്നു. സംസ്ഥാനങ്ങൾ വകയായി ഒരുക്കിയിട്ടുള്ള പാർക്കുകൾ 100,000,000-ൽ അധികം ആളുകൾ സന്ദർശിക്കുന്നു.

1948-ൽ 3,00,000-ൽ അധികം അമേരിക്കക്കാർ വിനോദാർത്ഥം യൂറോപ്പു സഞ്ചാരം നടത്തി. 1949-ൽ 2,60,000 ആളുകൾ ഇതേ നിലയ്ക്കു പോവുകയുണ്ടായി. ഇനിയും അനേകായിരം ആളുകൾ അവരുടെ വെക്കേഷൻ സമയം ക്യാനഡ, മദ്ധ്യഅമേരിക്കാ തെക്കെ അമേരിക്കാ എന്നിവടങ്ങളിലായി കഴിച്ചു കൂട്ടുന്നു.

# നിർമ്മാണ വ്യവസായം

1951-മാർച്ചു മാസത്തിൽ ഏതാണ്ടു് 16,022,000 ആളുകൾ ഐക്യനാട്ടുകളിലെ തൊഴിൽ ശാലകളിൽ ജോലി നോക്കിയിരുന്നു. ഇവരിൽ 13,197,000 ആളുകൾ കമ്പനികളിലും മറ്റു ഉൽപാദന വേലകളിലുമായി കഴിഞ്ഞിരുന്നു. ശേഷമുള്ളവരാകട്ടെ ഭരണം, കണക്കെഴുത്തു, ഗുമസ്തപ്പണി, വില്പന വേല എന്നീകാര്യങ്ങളിൽ ഏർപ്പെട്ടു.

ഏറ്റവും കൂടുതൽ ഉൽപാദനവേലക്കാരെ നിയമിക്കുന്ന വ്യവസായങ്ങളുടെ പേരും അവർ നിയമിക്കുന്ന ആളുകളുടെ കണക്കും ഇതാ നോക്കുക:—

| | | |
|---|---|---|
| വാഹനഗതാഗതം | .... | 1,259,000 |
| യന്ത്രങ്ങൾ | .... | 1,228,000 |
| തുണിത്തരങ്ങൾ | ... | 1,227,000 |
| ലോഹം | ... | 1,158,000 |
| ഭക്ഷണം | .... | 1,097,000 |

താഴെ പറയുന്ന വ്യവസായങ്ങളിലും ഒട്ടധികം ആളുകൾ ജോലിനോക്കുന്നുണ്ടു്.

| | | |
|---|---|---|
| വീട്ടു ഉപകരണങ്ങളും മറ്റും | ... | 154,000 |
| കെമിക്കൽസ്, പ്ലാസ്റ്റിക്സ് | ... | 106,500 |
| കല്ല് കളിമണ്ണ് ഗ്ലാസ് ഇവ കൊണ്ടുള്ള സാധനങ്ങളും | ... | 115,600 |

വൻതോതിലുള്ള വ്യവസായങ്ങളും വേറെ പലതും ഉണ്ടെങ്കിലും അതിൽ വേല ചെയ്യുന്ന കൂട്ടർ എണ്ണത്തിൽ അത്ര അധികമില്ല. ഇരുമ്പു, ഉരുക്കു, വാഹനങ്ങളും, പെട്രോളിയം, റിഫൈനിങ്ങ്, തീവണ്ടി, അതിനാവശ്യമുള്ള മറ്റു സാധനങ്ങളും, വിമാനം, യന്ത്രസാമഗ്രി, റബ്ബർ വസ്തുക്കളും, പുകയില വസ്തുക്കളും തുടങ്ങിയവ ഈ വകുപ്പിൽ പെടുന്നു.

1950-ലെ വ്യവസായത്തിൽനിന്നുമുള്ള ഉൽപാദനം 1939-ലേതിനേക്കാളും 94 ശതമാനം കൂടുതലാണു്.

# വാർത്താ വിനിമയ പദ്ധതികൾ

ഐക്യനാടുകളിലെ പ്രധാന വാർത്താവിനിമയ പദ്ധതികൾ തപാൽ സമ്പ്രദായം, ടെലഫോൺ സമ്പ്രദായം, ടെലഗ്രാഫ് സർവ്വീസ്, റേഡിയോ എന്നിവയുമാണ്.

തപാൽ വകുപ്പിലാണ് തപാൽസമ്പ്രദായം പ്രവർത്തനം നടത്തുന്നത്. ദേശീയഭരണകൂടത്തിന്റെ ഒരേജൻസി എന്ന നിലയാണ തപാൽ വകുപ്പിനുള്ളത്. 500,000 ജോലിക്കാർ തപാൽവകുപ്പിലുണ്ട്. കത്തുകൾ വിതരണം ചെയ്യുന്നതിന 10,000 ട്രക്കുകൾ ഉപയോഗിക്കുന്നു. 42,000 തപാലാപ്പീസുകളാണ ആകെയുള്ളത്. കൊല്ലത്തിൽ 43,000,000,000 ഉരുപ്പടികൾ ഈ ആഫീസുകളിൽ കൈകാര്യം ചെയ്യുന്നു. അപ്പോൾ പ്രതിദിനം 115,000,000 ഉരുപ്പടികളുണ്ടായിരിക്കുമെന്ന ഓർക്കണം. ഈ കണക്കിന ഐക്യനാടുകളിലെ ഒരാൾക്ക ഒരു വർഷത്തിൽ കിട്ടുന്നത 280 ഉരുപ്പടികളാണ്.

ഐക്യനാടുകളിൽ ആകെ 43,000,000-ൽ കൂടുതൽ ടെലഫോണുകളുണ്ട്. അതായത ഒരു ടെലിഫോൺ ചുരു

ങ്ങിയതു 4 പേർക്കു എന്നാ കണക്കിൽ ഉപയോഗിക്കാം. 1950-ൽ ഒരു ദിവസം ശരാശരി 150,000,000 ലധികം ഫോൺ വിളികൾ വീട്ടാവശ്യത്തിനുതന്നെ നടന്നിട്ടുണ്ട്.

അടുത്തതു കമ്പിത്തപാലാണു. 30,000 കമ്പിത്തപാലാപ്പീസുകൾ ഐക്യസംസ്ഥാനത്തു ആകെയുണ്ട്. ഇതു ഫോൺ സർവ്വീസിനോടും റയിൽവേയോടും ചേർന്നും ഒറ്റയ്ക്കുമാണു പ്രവർത്തനം നടത്തുന്നതു. 1950-ൽ ഗാർഹികകമ്പിത്തപാൽ വ്യവസായം 190,000,000-ൽ അധികം കമ്പികൾ അടിച്ചിട്ടുണ്ട്. ഇതു പണമൊടുക്കി അടിച്ചിട്ടുള്ളതിന്റെ മാത്രം കണക്കാണ്. ഐക്യസംസ്ഥാനങ്ങളും അന്യദേശങ്ങളുമായുള്ള വാർത്താവിനിമയം സാധിക്കാൻ വേറെ പദ്ധതികളുണ്ട്. സമുദ്രത്തിലൂടെയുള്ള കേബിൾ, റേഡിയോ കമ്പിത്തപാൽ, റേഡിയോ ടെലഫോണി എന്നിത്രയുമാണു അക്കാര്യം സാധിക്കുന്നതു. ഇതിനുപുറമെ റേഡിയോ ടെലഫോണി ഇപ്പോൾ ബഹുമുഖമായ പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും വേണ്ടി വിനിയോഗിക്കപ്പെട്ടുന്നു. പോലീസു്, അഗ്നിശമനകേന്ദ്രം, വനംവകുപ്പു്, രാജവീഥി വകുപ്പു്, വ്യവസായ വകുപ്പു്, പൊതുപ്രയോജന വിഷയങ്ങൾ, ഭൂഗർഭശാസ്ത്ര വകുപ്പു്, നഗരസഭകൾ എന്നിങ്ങനെ വിവിധകക്ഷികൾക്കും റേഡിയോ ടെലിഫോണിയുടെ സേവനം അത്യന്താപേക്ഷിതമായിത്തീർന്നിട്ടുണ്ട്. ഐക്യനാടുകൾക്കുള്ളിൽ ജീവസംരക്ഷ, വിഭവരക്ഷ, തൊഴിലാവശ്യങ്ങൾ എന്നിവയ്ക്കു റേഡിയോ സർവ്വീസാണു ഉപകരിക്കുന്നതു.

ഗവർമ്മെൻറിൽനിന്നു നേരിട്ടല്ലാ ഈ വാർത്താവിതരണ പദ്ധതികളുടെ പ്രവർത്തനം നടത്തുന്നതു. സ്വകാര്യകമ്പനികൾ

ഫെഡറൽ ഗവർമ്മെൻറിൻെറ പ്രതിനിധികളെന്നു നിലയ്ക്കു്, ഗവർമ്മെണ്ടു നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾക്കധീനമായി റേഡിയോ പ്രക്ഷേപണം തുടങ്ങിയവ പ്രവർത്തനക്ഷമമാക്കുന്നു. റേഡിയോ ലൈസൻസു കൊടുക്കുക, പ്രക്ഷേപണനിലയം നടത്തുക എന്നിങ്ങനെ അതിനെ സംബന്ധിച്ചതെല്ലാംതന്നെ ഫെഡറൽ വാർത്താ വിതരണ കമ്മീഷനാണു ചെയ്യുന്നതു്.

റേഡിയോ ടെലിവിഷൻ എന്നിവയും സ്വകാര്യസ്ഥാപനങ്ങളാണു നടത്തുന്നതു. പരസ്യങ്ങളിൽനിന്നുമുള്ള വരുമാനം കൊണ്ടു ഇതിൻെറ ചെലവു നിർവഹിക്കുന്നു. 1951 മേയ് മാസത്തിൽ 4,000 പ്രക്ഷേപണനിലയങ്ങളും 109 ടെലിവിഷനും ഉണ്ടായിരുന്നു. പുറമേ 180,000, ഓളം പ്രക്ഷേപണമില്ലാത്ത നിലയങ്ങളും പൊതുജനോപകാരത്തിനുണ്ടായിരുന്നു. ഐക്യസംസ്ഥാനത്തിൽ 665,191 ലൈസൻസുള്ള റേഡിയോ ഓപ്പറേറ്റർമാർ ഉള്ളതായി കണക്കുണ്ടു്.

പ്രതിദിനപ്പത്രങ്ങളുടെ എണ്ണം 1,700 ആണു്. വാരികകളും 8,386. മാസികകളും 6,500. ഇവയെല്ലാംതന്നെ സ്വകാര്യ ഉടമകളും നടത്തുന്നവയാണു്.

---

# വിദ്യുച്ഛക്തി

കഴിഞ്ഞ നാല്പതു വർഷങ്ങളായി പതിപ്പുറ്റു കൊല്ലം കൂടുമ്പോഴും വിദ്യുച്ഛക്തിയുടെ ഉല്പാദനവും വിതരണവും ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

ഈ വർദ്ധനവിന്റെ തോതു തുടർച്ചയായിത്തന്നെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. 1960-ലേയ്ക്കു ഈ വർദ്ധനത്തോതും, ഉല്പാദനവും വീണ്ടും ഇരട്ടിക്കുമെന്നു ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

ശക്തി, ചൂട്, വെളിച്ചം എന്നിവയ്ക്കുവേണ്ടി വർഷംപ്രതി വിദ്യുച്ഛക്തിയുണ്ടാകുന്നതു ഏതാണ്ടു 410,000,000,000 കിലോവത്ത് മണിക്കൂറളവിലാണ്. ഇതിൽ 26 ശതമാനം വെള്ളത്തിൽ നിന്നു ശക്തി സംഭരിക്കുന്നു. ശേഷമുള്ളവ കൽക്കരി, എണ്ണ, ഗ്യാസ് തുടങ്ങിയ ഇന്ധനവസ്തുക്കളിൽ നിന്നുമാകുന്നു.

വിവിധകേന്ദ്രങ്ങളിൽ നിന്നുമാണു വിവിധാവശ്യങ്ങൾക്കു വിദ്യുച്ഛക്തി ഉണ്ടാക്കി എടുക്കുന്നതു്. സ്വകാര്യക്കമ്പനികൾ 81 ശതമാനം; ഐക്യസംസ്ഥാന ഗവർമ്മെണ്ടിന്റെ ശക്തിയന്ത്രങ്ങൾ 12 ശതമാനം; നഗരത്തിനു സ്വന്തമായിട്ടുള്ള ശക്തിഭരണാലയം, സഹകരണ പദ്ധതിയിലുള്ള ശക്തികേന്ദ്രം എന്നിവ 7 ശതമാനം. ഇങ്ങനെയാണു ദേശീയാവശ


ത്തിനുള്ള ശക്തിസംഭരണത്തിന്റെ സ്ഥിതിവിവരണക്കണക്ക്. വ്യവസായാവശ്യങ്ങൾക്കായി അതതു വ്യവസായകേന്ദ്രങ്ങൾതന്നെ വിദ്യുച്ഛക്തി വേറെ ഉല്പാദിപ്പിക്കുന്നു.

രാജ്യത്തു ഒട്ടാകെ നടപ്പിലുള്ള ജലവിതരണ പദ്ധതി, വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതി, തുടങ്ങിയവ നടത്തുന്നതു ഒരു 'സംഘം എഞ്ചിനീയറന്മാരാണ്'. ദേശീയഗവണ്മെന്റിന്റെ വകയായി ഒരു റിക്ലമേഷൻ ബ്യൂറോ കൂടിയുണ്ട്. ഈ രണ്ടു കൂട്ടരും കൂടി അണയിൽ കെട്ടിനിർത്തുന്ന വെള്ളത്തിൽനിന്നും യഥേഷ്ടം വേണ്ടിടത്തോളം ശക്തി സംഭരിക്കുന്നു.

വിദ്യുച്ഛക്തിയുണ്ടാകുന്നതിന്റെ 56 ശതമാനം ഉപയോഗിക്കുന്നതു വൻകിട വ്യവസായങ്ങൾക്കു വേണ്ടിയാണ്. നഗരവാസികൾ 21 ശതമാനവും, ചെറുതരം തൊഴിലാളികളും വ്യവസായങ്ങളും 17 ശതമാനവും. കൃഷിസ്ഥലങ്ങൾ 7 ശതമാനവുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

95 ശതമാനത്തിലധികം അമേരിക്കൻ വീടുകളിലും വൈദ്യുതവിളക്കുകളുണ്ട്; അവർ പലതിനും വിദ്യുച്ഛക്തിയാണു ഉപയോഗിക്കുന്നതും. അമേരിക്കൻ കൃഷിസ്ഥലങ്ങളിൽ 90 ശതമാനത്തിലധികവും വിദ്യുച്ഛക്തി പ്രയോജനപ്പെടുത്തുന്നു. 1940-ൽ ഇതിന്റെ കണക്കു വെറും 35 ശതമാനം എന്നായിരുന്നു. ഒരു കിലോവത് മണിക്കൂർ വിദ്യുച്ഛക്തിയുടെ വില കഷ്ടിച്ചു മൂന്നു സെൻറാണ്. അതു 1000 ഗാലൻ വെള്ളവും പമ്പു ചെയ്യും, 30 പശുക്കളെ കറക്കും, 200 ബുഷൽ ധാന്യം പൊടിക്കും, 10 ഗാലൻ പാലു തണുപ്പിക്കും.

---



അമേരിക്കയിലെ ചെറുപട്ടണങ്ങളിലെ ഗ്രാമങ്ങളിൽ അവിടത്തെ തപ്പാൽക്കാർ സുപരിചിതരാണ്. സാധാരണ അവരുടെ പേരുകൂടി എവർക്കും അറിയുമായിരിക്കും. അയാൾ തപ്പാൽ വിതരണത്തിനു പോകുമ്പോൾ അയൽക്കാരും അയാളുമായി പരസ്പരാഭിവാദനം ചെയ്തു പരിചയമുണ്ട്.



ഒഹായോവിൽ മൗണ്ട് വെർനോണിലുള്ള ഒരു യന്ത്രശാല യിലെ ജോലിക്കാർ ജോലി കഴിഞ്ഞു വീട്ടുകളിലേക്കു മട ങ്ങുന്നതാണ് ചിത്രത്തിൽ കാണുന്നതു്. പലരും സ്വന്തം കാറിലാണ് ഫാക്ടറിയിലേക്കു വരുന്നതും തിരിച്ചു പോകു ന്നതും. വ്യവസായശാലയിലെ തൊഴിലാളികളും, തൊഴി ലാളിയൂണിയനുകളിൽ അംഗങ്ങളാണ്.

# വാഹനഗതാഗതം

ഐക്യസംസ്ഥാനങ്ങളിൽ ഏറ്റവുമധികം ഉപയോഗിയ്ക്കുന്ന വാഹനങ്ങളും ആളുകളും അവരവരുടെ സ്വകാര്യാവശ്യത്തിനു വേണ്ടി വാങ്ങുന്ന കാറുകളാണ്. മുന്നുപേർക്കു ഒരു വാഹനം വീതം ഇന്നു അത്രമാത്രം യാനപാത്രങ്ങളും അമേരിക്കയിലുണ്ട്. ഓരോ വാഹനവും കൊല്ലത്തിൽ ശരാശരി 10,000 മൈൽ സഞ്ചരിക്കുന്നു.

ഐക്യസംസ്ഥാനങ്ങളിൽ ഏതു പട്ടണത്തിലും ഗ്രാമത്തിലും ബസ്സുവഴി എത്താം. ഒരു നഗരത്തിൽനിന്നു മറെറാന്നിലേക്കു സഞ്ചരിക്കാനോ അല്ലെങ്കിൽ ഒരു നഗരത്തെ മറെറാന്നായി ബന്ധിക്കാനോ 3,000 ബസ്സുകളുണ്ട്. 1949-ൽ 21,151,000,000 നാഴിക യാത്രക്കാരുടെ ബസ്സുകൾ സഞ്ചരിച്ചിട്ടുണ്ട്.

കപ്പൽച്ചരക്കു കൊണ്ടുപോവാനും മോട്ടോർ ട്രക്കുകൾ ഉപയോഗിക്കുന്നു. 1949-ൽ 93,653,000,000 ടൺ മൈലുകളാണ് അത്തരം ട്രക്കുകൾ വഹിച്ചിട്ടുള്ളത്.

സംസ്ഥാനങ്ങളും അവരുടെ അതിർത്തിക്കുള്ളിൽ ഗതാഗതസൌകര്യം ശരിപ്പെടുത്തിക്കൊള്ളണമെന്നാണു നിയമം. പാതകൾ വെട്ടാനും മറവുള്ള ചെലവുകൾ ഫെഡറൽ ഗവൺമെൻറിൽ

നിന്നും കൊടുത്തു കൊള്ളും. 'ഗാസോളീ'ൻ നികുതി, വാഹന റജിസ്ട്രേഷനുള്ള ഫീസ്സ്, മറ്റു ഇനങ്ങളിൽ നിന്നുമുള്ള നികുതി ഇവയിൽനിന്നും കിട്ടുന്ന പണം കൊണ്ടാണ് റോഡുവെട്ടലും നന്നാക്കലും സൂക്ഷിക്കലും മറ്റും നടത്തുന്നതു്.

1949-ൽ റയിൽപ്പാതകൾ ആകെ 35,718,000,000 മൈയിലുകൾ ആഭ്യന്തരത്തിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. കപ്പൽച്ചരക്കു, തപ്പാൽ ഉരുപ്പടി തുടങ്ങിയവയെല്ലാംകൂടി 534,448,000,000 ടൺ മൈലുകളാണു വഹിച്ചിട്ടുള്ളതു്.

ഏതു കപ്പൽകാരനും ഐക്യനാട്ടുകളിൽ എവിടേയെങ്കിലും നിന്നും ചരക്കുകൾ കയറ്റി രാജ്യത്തിന്റെ ഏതു ഭാഗത്തേയ്ക്കും അയക്കുവാൻ സൗകര്യമുണ്ട്. ഏതു റയിൽപാതയിലൂടെ ആണെങ്കിലും ഏതു കാറിനും എതുയും എളുപ്പത്തിൽ ചരക്കുകൾ കൊണ്ടുപോകാൻ കഴിയുന്നതാണ്. റെയിൽവേ അധികാരികൾ അതിനുവേണ്ടി സകലസൗകര്യങ്ങളും എപ്പോഴും ചെയ്തുകൊടുക്കുന്നു. മറ്റൊരു സൗകര്യംകൂടി ഈ വിഷയത്തിൽ അവിടെയുണ്ട്. അവിടത്തെ എല്ലാ റയിൽപാതയുടെയും അളവു ഒരേതോതിലാണ്. അതുകൊണ്ടു രാജ്യത്തിന്റെ ഏതു കോണിലുള്ള ഏതു കാറിനും ആ പാതയിലൂടെ സ്വതന്ത്രം സഞ്ചരിക്കാം.

സ്വകാര്യഉടമകളുടെ വകയാണു റയിൽപാത. പക്ഷെ റയിൽ ക്രൂലിയെല്ലാം എവിടെയും ഒരേ തോതിലായിരിക്കും. കാരണമുണ്ട്. ഇതു നിശ്ചയിക്കുന്നതു ഫെഡറൽ ഗവർമ്മെൻറിന്റെ ഒരേജൻസിയായ ഇൻറർ സ്റ്റേറ്റു കോമേഴ്സ് കമ്മീഷനാണു്.

ഇനി വിമാനസർവ്വീസിനെപ്പററിപ്പറയാം. ഐക്യസംസ്ഥാനത്തു അഭ്യന്തരമായും അംഗീകൃത വിമാനക്കമ്പനികളുണ്ട്. അവിടെയുള്ള 1386 വിമാനങ്ങൾ രാജ്യത്തിനകത്തും കടലിനക്കരെയുമായി സഞ്ചരിക്കുന്നു. 1950-ൽ 17,654,712 യാത്രക്കാരുണ്ടായിരുന്നു. 222,958,244 ടൺ മൈൽ ചരക്കുകൾ വിമാനംവഴി കയററിഅയച്ചിട്ടുണ്ട്. അയച്ച തപാൽ ഉരുപ്പടികൾ 67,502,843 ടൺ മൈൽ ആണു. ഐക്യസംസ്ഥാനങ്ങളിൽ ആകെ 6332 വിമാനത്താവളങ്ങളാണുള്ളതു. സ്വകാര്യാവശ്യത്തിനും വാണിജ്യാവശ്യത്തിനുമുള്ള വിമാനങ്ങൾക്കുവേണ്ടി 175-ഓളം വിമാനഗതാഗതനിയന്ത്രണഗോപുരങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഫെഡറൽ ഗവർമ്മെൻറിൻെറ ഏജൻസിയായ സിവിൽ ഏറോനോട്ടിക്സ് അഡ്മിനിസ്ട്രേഷനാണു ഈ കാര്യം നിർവഹിച്ചിട്ടുള്ളതു. നഗരങ്ങൾ തമ്മിലുള്ള വിമാനഗതാഗതം നിയന്ത്രിക്കുന്നതിന് 30-ഓളം നിയന്ത്രണകേന്ദ്രങ്ങളുണ്ട്.

വിമാനസഞ്ചാരത്തെ സഹായിക്കുന്നതിനു കാലാവസ്ഥാ വിവരം ചെയ്യുന്ന 445 നിലയങ്ങൾകൂടിയുണ്ട്. ഇവയെ പ്രവർത്തിപ്പിക്കുന്നതു ഐക്യസംസ്ഥാനങ്ങളിലെ 'വെതർബ്യൂറോ' ആണ്.

---

# കൃഷി

വെറ്റകൃസംസ്ഥാനങ്ങളിലെ സ്ഥലവിഭാഗത്തിന്റെ 60 ശതമാനം കൃഷിസ്ഥലങ്ങളാണ്. അമേരിക്കൻ വിളവുകളിൽ പ്രധാനപ്പെട്ടവ, ഗോതമ്പ്, ധാന്യം, പഞ്ഞി, പഴവർഗ്ഗങ്ങൾ, പുകയില എന്നിവയാണ്. കൃഷിസ്ഥലത്തിലെ ആദായത്തിൽ പകുതിയിലധികവും വയ്ക്കോൽ പുല്ല്, അവയിൽനിന്നുണ്ടാകുന്ന മറവുല്പാദനങ്ങൾ എന്നിവയാണ്.

ഐക്യസംസ്ഥാനങ്ങളിൽ ആകെ 6,000,000 കൃഷിസ്ഥലങ്ങളാണുള്ളത്. എല്ലാംകൂടി ശരാശരി 195 ഏക്കർ ആണ് ഒരു കൃഷിസ്ഥലത്തിന്റെ വലിപ്പം. ആകെയുള്ള കൃഷിസ്ഥലത്തിന്റെ 35 ശതമാനം സ്ഥലത്തു് അതായതു് 403,000,000 ഏക്കർ സ്ഥലത്തു ധാന്യങ്ങൾ വിളയുന്നു. ഫ്രാൻസ്, ജർമ്മനി, ഇറലി നതർലാൻഡ്സ്, ബൽജിയം ഇത്രയും സ്ഥലത്തെ കൃഷിസ്ഥലങ്ങൾ ഒന്നിച്ചുചേർത്താൽ ഐക്യസംസ്ഥാനങ്ങളിലെ കൃഷി സ്ഥലത്തോളമേ വരൂ. ഇൻഡ്യയും പാകിസ്ഥാനും ചേർന്നാൽ ഐക്യസംസ്ഥാനങ്ങളിലെ കൃഷിസ്ഥലങ്ങളുടെ മൂന്നിരട്ടിയുണ്ട്. 1948-49 സാമ്പത്തികവർഷത്തിൽ ഐക്യസംസ്ഥാനങ്ങൾ അന്യരാജ്യങ്ങളിലേക്കു 21,905,000 ടൺ ഭക്ഷ്യസാധനങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. ഇത്രമാത്രം ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടുമില്ല. വിശേഷിച്ചും യുദ്ധത്തിനുമുമ്പുള്ളതിൽനിന്നും

തനതാവശ്യത്തിലേക്കു 10 ശതമാനം കൂടുതൽ ഭക്ഷ്യസാധനങ്ങളും എടുത്തതിനുശേഷമാണു്.

ഏകദേശം 28,158,000 ആളുകളും അമേരിക്കയിലെ കൃഷിസ്ഥലങ്ങളിൽ പാർക്കുന്നു. ഇതു അമേരിക്കയിലുള്ള ജനസംഖ്യയുടെ അഞ്ചിൽ ഒരുഭാഗമാണു്. കൃഷിസ്ഥലത്തു വേലചെയ്യുന്നവരുടെ സംഖ്യ 10,760,000 ആണു്.

ഇതിൽ 75 ശതമാനം ആളുകളും അതായതു ഏതാണ്ടു് 8,326,000 ആളുകളും കർഷകരുടെ സ്വന്തം കുടുംബത്തിൽനിന്നും ഉള്ള വേലക്കാരാണു്.

ഐക്യസംസ്ഥാനത്തിലെ 77 ശതമാനം ധാന്യകൃഷി സമ്മിശ്രധാന്യങ്ങളുടെ ഉല്പന്നങ്ങളാണെന്നാക്കുന്നതു്. ഇതിൽനിന്നുമുള്ള വിളവു വളരെ ഉൽകൃഷ്ടമായി കരുതപ്പെടുന്നു. മദ്ധ്യപശ്ചിമ പ്രദേശങ്ങളിലെ ധാന്യവിളവു മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ചു കൂടുതൽ ശതമാനമുണ്ടു്. ഇവിടെ വിതക്കുന്നതിൽ 94 ശതമാനവും മിശ്രധാന്യവുമാണു്. സാധാരണ മിശ്രധാന്യങ്ങളും 20 മുതൽ 25 ശതമാനംവരെ കൂടുതൽ വിളവുണ്ടാക്കുന്നു. 1926 മുതൽ 1934 വരെയുള്ള ഘട്ടത്തിൽ ധാന്യവിളവു ഏക്കറിനു 2.3 ബുഷലിൽ താഴെയാണു. 1950-ൽ അതു 38 ബുഷലായി ഉയർന്നു.

1927-മുതൽ 1936 വരെയുള്ള ഘട്ടത്തിൽ ഏക്കറിനു ശരാശരി 13.5 ബുഷൽ ഗോതമ്പുണ്ടായി. 1950-ൽ അതു 16 ബുഷലായി വർദ്ധിച്ചു.

പഞ്ഞിയുടെ കണക്കും ഏതാണ്ടിതുപോലെതന്നെ. ഏക്കറിന 180 റാത്തലായിരുന്ന മുൻപു്. ഇപ്പോഴിതു 270 റാത്തലായി ഉയർന്നിട്ടുണ്ടു്.

1910 മുതൽ 49 വരെയുള്ള കാലഘട്ടത്തിൽ കൃഷിസ്ഥലത്തെ തൊഴിലാളി വേലയിൽനിന്നുമുണ്ടാകുന്ന ഉൽപന്നങ്ങളും വളരെ ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടു്.

1929-ൽ ഉഴാനും നിരത്താനുമുള്ള ട്രാക്ടർ യന്ത്രങ്ങളും 827,000 ആയിരുന്നു. 1950 ആരംഭത്തിൽ അതു 3,825,000 ആയി വർദ്ധിച്ചു. 1940-ൽ ഉണ്ടായിരുന്നതിന്റെ മൂന്നിരട്ടി 'ധാന്യം പെറുക്കി' യന്ത്രവും നാലിരട്ടി കറവയന്ത്രവും 1950 ജനുവരി ഒന്നാംതീയതിക്കു അവിടത്തെ കൃഷിക്കാർക്കു നേടാൻ സാധിച്ചു.

1918-നു മുമ്പു കർഷകാവശ്യങ്ങൾക്കുള്ള മൃഗങ്ങൾക്കു മേയാൻ മാത്രം 65,000,000 ഏക്കർ സ്ഥലങ്ങൾ ഇടിരുന്നു. ഇപ്പോഴാകട്ടെ യന്ത്രങ്ങൾ വന്നതോടെ ഈ സ്ഥലങ്ങൾ ധാന്യം വിളയുന്ന വയലുകളായി രൂപാന്തരപ്പെട്ടു. ഐക്യസംസ്ഥാനത്തെ വിളവെടുപ്പുസ്ഥലത്തിന്റെ 16 ശതമാനത്തിനു തുല്യമാണ ഇതുയും സ്ഥലം. അമേരിക്കൻ കൃഷിസ്ഥലങ്ങളിൽ ഇപ്പോൾ 7,500,000 കുതിരകളും കോവർകഴുതകളും കൃഷിആവശ്യങ്ങൾക്കുണ്ടു്.

1949-ൽ ഒരു സാമ്പിൾ സർവേ നടത്തിയതിന്റെ ഫലമായി താഴെ കാണുന്ന കാര്യങ്ങൾ വെളിപ്പെട്ടിരിക്കുന്നു. കൃഷിസ്ഥലം സ്വന്തമായില്ലാത്ത കുടുംബങ്ങളിൽ അഞ്ചിൽ ഒന്നുവീതം സ്വന്തമായി പച്ചക്കറിതോട്ടം ഉണ്ടാക്കുന്നുണ്ടു്. അപ്രകാരമുള്ള പത്തുണ്ടു വീട്ടുകളിൽ ഒന്നുവീതം കോഴിവളർത്തുന്നു.

---

# വനവും
# വനവിഭവങ്ങളും

ഐക്യസംസ്ഥാനങ്ങളുടെ മൂന്നിലൊരു ഭാഗം കാടാണ്. 622,000,000 ഏക്കർ വിസ്താരം അതിനുണ്ട്.

മരം നട്ടു വളർത്തി തടി വെട്ടി എടുക്കുക; കാലികൾക്കു മേച്ചിൽസ്ഥലത്തിനുപയോഗിക്കുക; മണ്ണ് വാർന്നുപോകാതെ ജലസംഭരണത്തിനുപയോഗപ്പെടുത്തുക; വിദൂഷകത്വം, ജലവിതരണം, ഗതാഗതമെന്നിവക്കു വേണ്ടി സംഭൃതജലം വാർന്നുപോകാതെ സൂക്ഷിക്കുക. പൊതുജനങ്ങൾക്കു 'ഷിക്കാർ' തുടങ്ങിയ വിനോദങ്ങൾക്കു ഉപയോഗിക്കുക. ഇതെല്ലാമാണു കാടിനെക്കൊണ്ടുള്ള പ്രയോജനം.

വാണിജ്യ വനത്തിന്റെ ഏതാണ്ടു് നാലിൽ ഒന്നു പൊതുജനസ്വത്താണ്. പൊതുജനങ്ങളാണ് അതു ഭരിക്കുന്നതു്. ആകെ 149 ദേശീയ വനങ്ങളുണ്ട്. 158,650,000 ഏക്കറാണ് അതിന്റെ വിസ്തീർണ്ണം. അതിൽ 35,650,000 ഏക്കർ മേച്ചിൽ സ്ഥലങ്ങളാണ്. ദേശീയ വനത്തിന്റെ ഭരണം ഐക്യസംസ്ഥാനവനം വകുപ്പാണ് നടത്തുന്നതു്. ശാസ്ത്രീയമായ രീതിയിലാണ് ദേശീയവനങ്ങളിലെ വനസംരക്ഷണവും വനം

വളർത്തലും നടക്കുന്നു. സ്വകാര്യകമ്പനികൾക്കാണ് അതിലെ വിളവെടുക്കാനുള്ള അവകാശം കൊടുത്തിരിക്കുന്നു.

ഫെഡറൽ ഗവൺമെൻറ് സംസ്ഥാനങ്ങൾക്കും സ്വകാര്യ ഉടമകൾക്കും വനസ്ഥലങ്ങളെ സംബന്ധിച്ച അറിയിപ്പുകളും സംരക്ഷണ സമ്പ്രദായങ്ങളും പറഞ്ഞു കൊടുക്കുന്നു. സ്വകാര്യ വനങ്ങളിലെ വിഭവങ്ങൾ വർദ്ധിപ്പിക്കേണ്ട കാര്യത്തിൽ ഫെഡറൽ ഗവൺമെൻറ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

1100-ൽ കൂടുതൽ തരം മരങ്ങളിൽ കൂടുതൽ അമേരിക്കൻ കാടുകളിൽ വളരുന്നു. ഇവയിൽ നൂറു ജാതികൾ വാണിജ്യ മൂല്യമുള്ളവയാണ്. അവയിൽ 29 ജാതികൾ തടിക്കും, പൈപ്പുസ്റ്റിനും, മരച്ചോറിനും വേണ്ടി ഉപയോഗിക്കുന്നു. ഇവയിൽ ചില മരങ്ങൾ ഡഗ്ലാഡ്ഫിർ, പൈൻ, ഓക്ക്, ഗം, മേപ്പിൾ, സ്പ്രൂസ്, സെക്വോയ, റെഡ് വുഡ് എന്നീ പേരുകൾ ഉള്ളവയാണ്.

തടി സംഭരണത്തിൽ തെക്കൻ സംസ്ഥാനമാണു കേൾവിപ്പെട്ടിട്ടു. വാഷിങ്ടൺ, ഓർഗോൺ, കാലിഫോർണിയ എന്നീ മൂന്നു പടിഞ്ഞാറൻ സംസ്ഥാനങ്ങളിലും ഇതു കേമമായി നടക്കുന്നു. ഏതായാലും നാല്പത്തെട്ടിൽ മുപ്പതു സംസ്ഥാനങ്ങളിലും വാണിജ്യ പ്രാധാന്യമുള്ള വൃക്ഷങ്ങൾ സമൃദ്ധിയായി വളരുന്നുണ്ട്. ഐക്യസംസ്ഥാനങ്ങളിലെ 64,000 കമ്പനികളോളം തടിയും അതു സംബന്ധിച്ച മറ്റുല്പാദനങ്ങളും ഉണ്ടാക്കുന്നു. കടലാസു, മരസാധനങ്ങൾ തുടങ്ങി പലതരം ഉപഭോഗവസ്തുക്കൾ വനവിഭവങ്ങളിൽനിന്നും നിർമ്മിക്കുന്നതിനു ആവശ്യമുള്ള വേലക്കാർ 1,000,000 ആണ്.

കുറഞ്ഞൊരു കാലമായി 35,000,000,000 അടി നീളത്തിൽ ശരാശരി ഒരു കൊല്ലം തടി ഉണ്ടാക്കുന്നുണ്ട്. 12,000,000 ടൺ മരമോറാണ് ഒരു കൊല്ലത്തിൽ ഉണ്ടാക്കുന്നത്. 1948-ൽ 26,000,000 ടൺ കടലാസും തടിക്കടലാസും നിർമ്മിച്ചിട്ടുണ്ട്. വർത്തമാനക്കടലാസിനുള്ള ന്യൂസ് പ്രിൻറ് ഒരു കൊല്ലത്തിൽ 1,000,000 ടൺ ഉണ്ടാക്കുന്നു.

തെക്കൻ പൈൻ കാടിൽനിന്നും കൊല്ലംതോറും600,000 ബാരൽ ടർപൻടൈനും 2,000,000-ൽ പരം പാരസീനും എടുക്കുന്നുണ്ട്.

# ധാതുവിഭവങ്ങൾ

കൽക്കരി, ഇരുമ്പ്, ചെമ്പ്, ഈയം, ടുത്തനാകം, വെള്ളി, സ്വർണ്ണം, രസം എന്നിത്രയും ലോഹങ്ങൾ ഐക്യസംസ്ഥാന ഘനികളിൽ നിന്ന ലഭിക്കുന്നു. പെട്രോളിയം, നാചുറൽ ഗ്യാസ്, ബാക്സൈറ്റ്, ഗന്ധകം, ചുണ്ണാമ്പ്, ഉപ്പ്, കളിമണ്ണ്, സ്ലേറ്റ് എന്നിങ്ങനെ അത്യാവശ്യപ്പെട്ട ധാതുദ്രവ്യങ്ങളും അവിടെ നിന്ന എടുക്കുന്നുണ്ട്.

കൊല്ലത്തിൽ 90,000,000 ടൺ ഇരുമ്പും, 800,000 ടൺ ചെമ്പും, 400,000 ടൺ ഈയവും, 600,000 ടൺ ടുത്തനാകവും, ആണ് ഐക്യസംസ്ഥാനങ്ങളിൽ നിന്നൊടുക്കുന്നു.

കല്ക്കരിയാകട്ടെ കൊല്ലത്തിൽ 500,000,000 ടൺ ഉണ്ടാക്കിയെടുക്കുന്നു. ഭൂമിക്കടിയിൽ നിന്നുമെടുക്കുന്ന കല്ക്കരിയിൽ 90 ശതമാനത്തിലധികവും യന്ത്രം കൊണ്ടാണ വെട്ടിയെടുക്കുന്നു. 50 ശതമാനത്തിലധികം യന്ത്രസഹായം കൊണ്ട് വാഹനങ്ങളിൽ കയറുന്നു. 48 സംസ്ഥാനങ്ങളിൽ പകുതിയിലധികം ഇടത്തിൽനിന്നും കല്ക്കരി വെട്ടിയെടുക്കുന്നു.

1950-ൽ ഐക്യസംസ്ഥാനത്തുനിന്ന് 1,971,845,000 ബാരൽ പെട്രോളിയം എടുത്തിട്ടുണ്ട്. പെട്രോളിയത്തിൽ

നിന്നും ഗ്യാസോളീൻ, ലൂബ്രിക്കേറ്റിംഗ് എണ്ണ, കത്തിക്കുന്ന എണ്ണ, മണ്ണെണ്ണ തുടങ്ങിയവ നിർമ്മിക്കുക എന്നതു് അമേരിക്കയിലെ ഏറ്റവും പ്രമുഖമായ ഒരു വ്യവസായമാണു്. ഇതിൽ വേല ചെയ്യുന്നവർ 1,000,000 ആളുകളാണു്.

---

# വാണിജ്യനൗകയും വിദേശവാണിജ്യവും

1950 ആരംഭത്തിൽ അമേരിക്കൻ വാണിജ്യനൌകയിൽ 14,509,000 ടൺ തൂക്കമുള്ള 1212 കപ്പലുകളുണ്ടായിരുന്നു. 1939-ൽ ആകടെ 9,300,000 ടൺ ഭാരമുള്ള 1091 കപ്പലുകളെ ഉണ്ടായിരുന്നുള്ളൂ.

1950 ആരംഭത്തിൽ ഐക്യരാഷ്ട്രങ്ങളിൽ 20,835,000 ടൺ ഭാരമുള്ള 2076 കപ്പലുകളും ആവശ്യത്തിനുപകരിക്കത്തക്ക വിധം 'റിസർവി'ൽ വെച്ചിരുന്നു.

1950ലെ ഏറ്റുമതിക്കച്ചവടം 10,275,000,000 ഡോളറിനുണ്ടായിരുന്നു. ഇറക്കുമതിയാകടെ 8,842,000,000 ഡോളറിനും മാത്രമുണ്ടായി.

1950-ലെ പ്രധാനപ്പെട്ട കയറ്റുമതിച്ചരക്കുകളും താഴെ പറയുന്നവയാകുന്നു. പഞ്ഞി, ധാന്യങ്ങളും ധാന്യങ്ങൾ കൊണ്ടുള്ള വസ്തുക്കളും, രാസവസ്തുക്കൾ, വാഹനാവയവങ്ങൾ, തുണിച്ചരക്കുകൾ, പെട്രോളിയം വസ്തുക്കൾ, ഇരുമ്പും ഉരുക്കും കൊണ്ടുള്ള വസ്തുക്കൾ, പുകയിലയും പുകയില കൊണ്ടുള്ള സാധനങ്ങ

ളും, കല്ലുരിയും അതോടനുബന്ധിച്ചവയും. 1950-ൽ ഏതാണ്ട് ഏറ്റവുമധികം ഇറക്കുമതിച്ചരക്കുകളിൽ 29 ശതമാനം യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും (യുണൈറ്റഡ് കിംഗ്ഡം ഉൾപ്പെടെ) 26 ശതമാനം മറ്റു് അമേരിക്കൻ റിപ്പബ്ലിക്കുകളിലേക്കും. 13.6 ശതമാനം മറ്റു വിദൂരപൌരസ്ത്യദേശങ്ങളിലേക്കും. ഏതാണ്ട് 12 ശതമാനത്തോളം ആഫ്രിക്ക, സമീപപൗരസ്ത്യദേശങ്ങളിലേക്കും കൊണ്ടുപോയിട്ടുണ്ട്.

താഴെ പറയുന്നവയാണ ഐക്യസംസ്ഥാനങ്ങളിലേക്ക പ്രധാനമായി ഇറക്കുമതി ചെയ്യുന്നതു്. കാപ്പി, ഇരുമ്പല്ലാത്ത മറ്റു ധാതുക്കൾ, ലോഹങ്ങളും ഇരുമ്പു കൂട്ടുചേർന്ന ലോഹങ്ങൾ, കടലാസും കടലാസു കൊണ്ടുള്ള വസ്തുക്കൾ, പെട്രോളിയം പെട്രോളിയം കൊണ്ടുള്ള സാധനങ്ങൾ, ശുദ്ധി ചെയ്യാത്ത രോമം പഞ്ചസാര, അറ്റത്ത മര ഉരുപ്പടികൾ, പഴങ്ങൾ, നിലക്കടല തുടങ്ങിയവ, സസ്യ എണ്ണ, കൊഴുപ്പു വർഗ്ഗം, എണ്ണക്കുരുക്കൾ, ശുദ്ധീകരിക്കാത്ത ഇരുമ്പു ക്രൂട്ട്, ശുദ്ധീകരിക്കാത്ത ഉരുക്ക്, രാസവസ്തുക്കൾ, വളവസ്തുക്കൾ, കൊക്കോ, ബീൻസ്, മത്സ്യം, രത്നങ്ങൾ. ഇറക്കുമതിച്ചരക്കുകളിൽ 60 ശതമാനം ചുങ്കമില്ലാതെയാണ ഐക്യസംസ്ഥാനങ്ങളിൽ ഇറങ്ങുന്നതു്.

1950-ൽ 32.9 ശതമാനം ഇറക്കുമതിച്ചരക്കുകൾ മറ്റു് അമേരിക്കൻ റിപ്പബ്ലിക്കുകളിൽ നിന്നും 22.1 ശതമാനം കാനഡായിൽ നിന്നും 15.7 ശതമാനം യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും, 19.1 ശതമാനം വിദൂര പൌരസ്ത്യദേശങ്ങളിൽ നിന്നും ഏതാണ്ട് പത്തു ശതമാനം ആഫ്രിക്കാ സമീപ പൌരസ്ത്യദേശങ്ങളും എന്നിവിടങ്ങളിൽ നിന്നുമാണ കൊണ്ടുവന്നിട്ടുള്ളതു്.

1934-നു ശേഷം ഐക്യസംസ്ഥാനങ്ങൾ മിക്ക പ്രമുഖ രാജ്യങ്ങളുമായി ഒരു പരസ്പര വാണിജ്യസഖ്യം നടത്തുകയുണ്ടായി. ലോകവാണിജ്യം പ്രോത്സാഹിപ്പിക്കാനും താരിഫു കൾ കുറയ്ക്കാനും വേണ്ടി 1934-ൽ ഉണ്ടായ കച്ചവട സംബന്ധമായ ഒരു ഒത്തുതീർപ്പിന്റെ ഫലമായാണിതു്.

---

# ഗവർമ്മെൻറ്
# ധനകാര്യങ്ങൾ

വെസ്റ്റ്കൃസംസ്ഥാനത്തെ ഗവമ്മെൻറിനു ഫെഡറൽ സാംസ്ഥാനികം പ്രാദേശികം എന്നിങ്ങനെ മൂന്നു വകുപ്പുകൾ ഉണ്ടല്ലോ? 1950 ജൂൺ മുപ്പതാം തീയതിയോടുകൂടി അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ആകെ 59,128,000,000 ഡോളറാണു ഗവമ്മേണ്ടിനു ചെലവായിട്ടുള്ളതു്. സംസ്ഥാനത്തെ ഒരു പുരുഷനും ഒരു സ്ത്രീക്കും ഒരു കുട്ടിക്കുംകൂടി കൊല്ലത്തിൽ ശരാശരി 390 ഡോളറാണു ചെലവു വന്നിട്ടുള്ളതെന്നു സാരം.


ഗവമ്മെൻറ് ചെലവിൻെറ 95 ശതമാനവും നികുതിയിൽ നിന്നാണു് പിരിച്ചെടുക്കുന്നതു്. 1951-ലെ സാമ്പത്തിക വർഷത്തിൽ ഫെഡറൽ ഗവർമ്മെൻറിനു 50,076,000,000 ഡോളർ ആണു ലഭിച്ചതു്. ആകെ നികുതി റവന്യൂ ആയിക്കിട്ടിയതു 47,972,000,000 ഡോളറുമാണു്. നികുതി പിരിക്കുന്നതു താഴെ പറയുന്നവയിൽ നിന്നുമാണു്. ആദായം, കോർപ്പറേഷൻ, വസ്തുവകകൾ, വാഹനം, രോമം, രത്നം തുടങ്ങിയവയുടെ വില്പന, വിനോദങ്ങൾ ശേഷമുള്ള 5 ശതമാനം റവന്യൂ മറ്റു പല ഇനങ്ങളിൽ നിന്നുമാണു ഉണ്ടാകുന്നതു്.

നികുതി പിരിക്കുന്നതിൽ പത്തിൽ ഏഴ് ഭാഗവും ഫെഡറൽ ഗവൺമെൻറിനു ചെല്ലുന്നു. സംസ്ഥാന ഗവൺമെൻറിനു കഴിച്ചു ആറിൽ ഒരു ഭാഗവും, പ്രാദേശിക ഗവർമ്മെൻറിനു ഏതാണ്ടു ഏഴിൽ ഒരു ഭാഗവുമാണു കിട്ടുന്നതു്.


ഫെഡറൽ ഗവർമ്മെൻറിൻെറ വരുമാനത്തിൽ ഭൂരിഭാഗവും വ്യക്തികളുടെ ആദായ നികുതികളിൽ നിന്നുമാണു കിട്ടുന്നതു്. നിശ്ചിതമായ ഒരു തോതിലാണു ആദായ നികുതി പിരിച്ചെടുക്കുന്നതു്. നിസ്സാരാദായങ്ങളിൽനിന്നു് നികുതി പിരിക്കാറില്ല. ഒരുദാഹരണം നോക്കുക. ഒരാൾക്കു കൊല്ലത്തിൽ 600 ഡോളറിൽ കൂടുതൽ വരുമെന്നിരിക്കട്ടെ. അയാൾക്കു മറ്റാശ്രിതന്മാരില്ലെങ്കിൽ നിശ്ചയമായും അയാൾ ആദായ നികുതി കൊടുക്കണം.

തൊഴിൽ, വ്യവസായം എന്നിവയിൽ നിന്നുമാണു ഐക്യസംസ്ഥാന ഗവർമ്മെൻറിനു, പിന്നീടു ഏറ്റവും കൂടുതൽ കിട്ടുന്ന നികുതി.

യുദ്ധകാലത്തുമാത്രം മറവുണ്ടാകുന്ന അസാധാരണമായ ചെലവുകൾ നെകത്തുന്നതു ബോൺസു വില്പനയോ മറ്റുജാതി കടം വാങ്ങൽ കൊണ്ടോ ആണു്. 1912-ൽ ഐക്യസംസ്ഥാനത്തെ ദേശീയ കടം 13 ഡോളറും 1922-ൽ 209 ഡോളറും ആയിരുന്നു ഓരോ ക്യാപ്പിറ്റയ്ക്കും. 1949ലെ സാമ്പത്തിക വർഷം അവസാനമായപ്പോഴേക്കും ഇതു ഒരു ക്യാപ്പിറ്റയ്ക്കു 1694 ഡോളറായി ഉയർന്നു.



ഒരു അമേരിക്കൻ കുടുംബത്തിലെ അംഗങ്ങളും അവരുടെ സ്നേഹിതനും ഒരു ടെലിവിഷ്യൻ സെറ്റിന്റെ മുറവും ഇരുന്നുകൊണ്ട് അകലെയുള്ള ഒരു നഗരത്തിൽ പ്രദർശിപ്പിക്കുന്ന സംഗീതനാടകം കാണുകയും കേൾക്കുകയും ചെയ്യുന്നു.



ആധുനിക അമേരിക്കൻ പാചകശാലയിൽ, ഭക്ഷണം പാകം ചെയ്യുന്നതിനും, ഭക്ഷണസാധനങ്ങളും ശീതകാരിയങ്ങളുംമുമ്പെന കേടുകൂടാതെ സൂക്ഷിക്കുന്നതിനും, മുറിയിൽ നല്ല വായുസഞ്ചാരം ഉണ്ടാക്കുന്നതിനും വിദ്യുച്ഛക്തി ഉപയോഗിക്കുന്നു. ഫോണിൽകൂടി 'ഓർഡർ' കൊടുത്തു പീടികയിൽനിന്നു ഭക്ഷ്യപദാർത്ഥങ്ങളും വരുത്തുന്നതിനു ഗൃഹനായകനു സാധിക്കും.

ഇങ്ങനെ പെടുന്നു ഇതു ഉയരാൻ കാരണം രണ്ടാണ്.

(1) രണ്ടാം ലോകമഹായുദ്ധകാലത്തും അതിനു ശേഷവും ഐക്യസംസ്ഥാനത്തിൻെറയും സ്വാതന്ത്ര്യം കൊതിക്കുന്ന മറെറ രാജ്യങ്ങളേയും സംരക്ഷിക്കേണ്ടി വന്ന ചെലവു്.

(2) മറെറ രാജ്യങ്ങളെ സഹായിക്കുന്നതിനും അന്താരാഷ്ട്രീയ സംഘങ്ങളിലും വേണ്ടിയുണ്ടായ ചെലവു്.

ഇതേ കാരണങ്ങളാൽകൊണ്ടു തന്നെ സമാധാന കാലത്തും ഫെഡറൽ ഗവൺമെൻറിനു ഏറെറവും അധികം ചെലവു വരുന്നുണ്ടു്. ഇപ്പോൾ വിദേശീയ സഹായത്തിനും സംരക്ഷയ്ക്കും വേണ്ടി മാററിവച്ചിരിക്കുന്ന തുക 8,900,000,000 ഡോളറാണു്.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ കഷ്ടതയനുഭവിച്ചവരുടെ ആശ്വാസത്തിനായി ഇപ്പോഴത്തെ ബഡ്ജററിൽ നീക്കിവച്ചിരിക്കുന്ന തുക 5,700,000,000 ഡോളറാണു്. ദേശീയ കടത്തിൻെറ പലിശതന്നെ 5,700,000,000 ഡോളർ വരുന്നുണ്ടു്. ശേഷമുള്ളതിൽനിന്നു 7,200,000,000 ഡോളർ സമുദായക്ഷേമം, ആരോഗ്യം, വയോവൃദ്ധർക്കും, തൊഴിലില്ലാത്തവർക്കും ഉള്ള ആനുകൂല്യങ്ങളം, വിദ്യാഭ്യാസം, കൃഷി, പ്രകൃതി വിഭവസംരക്ഷണം, വാഹനഗതാഗതം, വാർത്താവിതരണം, ഫെഡറൽ ഗവൺമെൻറിൻെറ നടത്തിപ്പു് എന്നിവക്കാണു മാററിവച്ചിരിക്കുന്നതു്.

# പ്രധാന തീയതികൾ

**1000.** ലീഫ് എറിക്സൺസും നോഴസ്മെൻ, മുന്തിരിത്തോട്ടമെന്ന പേരെടുത്ത വൈൻലാൻഡിൽ എത്തുന്നു. ഈ സ്ഥലം ഏതെന്ന ഇപ്പോഴും തിട്ടപ്പെടുത്തിയിട്ടില്ല. ചിലർ പറയുന്നു ലാബ്രഡോർ ആണെന്ന് മറ്റു ചിലർ ഇംഗ്ലണ്ടിന്റെ തീരമാണെന്നും വേറെ ചിലർ മാസച്യൂസറ്റ് തീരത്തിൽനിന്നും ഒട്ടികന്ന മർത്തയുടെ വൈൻയാർഡ് എന്ന ദ്വീപാണെന്നും പറയുന്നു.

**1492.** ക്രിസ്റ്റഫർ കൊളംബസ് അമേരിക്കയിൽ കാലുകുത്തുന്നു. ഒക്ടോബർ പന്ത്രണ്ടാംതീയതി.

**1607.** ഇപ്പോഴത്തെ വെർജീനിയാ സംസ്ഥാനത്തിലുള്ള ജയിംസ് ടൗണിൽ ഒന്നാമതായി ഇംഗ്ലീഷുകാർ സ്ഥിരതാമസം തുടങ്ങുന്നു.

**1647.** 'മാസാച്യൂസറ്റ്സ്' സ്കൂൾ നിയമം പാസ്സാകുന്നു. ഈ നിയമപ്രകാരം ഐക്യസംസ്ഥാനത്തു് സൗജന്യവിദ്യാഭ്യാസം നടപ്പാകുന്നു.

**1731.** ഫിലാഡൽഫിയായിലെ ഗ്രന്ഥാലയസംഘം ആരംഭിക്കുന്നു. ഇതനുസരിച്ചു ഐക്യസംസ്ഥാനത്തുള്ളവർക്കു സൗജന്യമായ ഗ്രന്ഥാലയസേവനം നൽകുന്നു.

**1752.** ബഞ്ചമിൻ ഫ്രാൻക്ലിൻ അദ്ദേഹത്തിന്റെ കാറ്റാടി പരീക്ഷണത്തിലൂടെ മിന്നലിനും വിദ്യുച്ഛക്തിക്കും തമ്മിലുള്ള സാജാത്യം പ്രത്യക്ഷമാക്കി.

**1775.** ലെക്സിംഗ്ടണിൽ അമേരിക്കൻ ഉപനിവേശജനങ്ങളും ബ്രിട്ടീഷ് പട്ടാളങ്ങളും തമ്മിലുള്ള യുദ്ധം. ഏപ്രിൽ 19-നു- സ്വാതന്ത്ര്യസമരം ആരംഭിച്ചു.

**1776.** ഫിലാഡൽഫിയായിൽവെച്ചു് ഐക്യസംസ്ഥാനങ്ങൾക്കു സ്വാതന്ത്ര്യപ്രഖ്യാപനം അംഗീകരിച്ചു. ജൂലൈ 4.

**1783.** സെപ്തംബർ 3-നു പാരിസിൽവെച്ചു ഗ്രേറ്റ് ബ്രിട്ടനും ഐക്യസംസ്ഥാനങ്ങളും തമ്മിൽ ഒരു സമാധാനസഖ്യം ചെയ്യുന്നു. ഇതുപ്രകാരം ഐക്യസംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം ഗ്രേറ്റ് ബ്രിട്ടൻ അംഗീകരിച്ചു.

**1787.** മേയ് 4-നു ഫിലാഡൽഫിയായിൽവെച്ചു് ഭരണഘടനാ സമ്മേളനം കൂടി. ഐക്യസംസ്ഥാനങ്ങളുടെ ഭരണഘടനയുടെ നക്കൽ തയ്യാറാക്കി.

**1789.** ഏപ്രിൽ 30-നു ജോർജ് വാഷിങ്ടൻ ഒന്നാമത്തെ പ്രസിഡണ്ടായി വാഴിക്കപ്പെട്ടു.

**1791.** ഭരണഘടനയിൽ ഒന്നാമതായി പത്തു ഭേദഗതികൾ വരുത്തി. അവകാശബിൽ ഡിസംബർ 15-ാം യോടുകൂടി നടപ്പിൽ വന്നു.

**1794.** തപാൽ സർവ്വീസു സംബന്ധിച്ചു ഒന്നാമത്തെ നിയമം കോൺഗ്രസ്സു പാസ്സാക്കുന്നു. (1693-ൽ കാളനികൾ തമ്മിലുള്ള തപാൽ സ്ഥാപിച്ചിരുന്നു.)

പഞ്ഞി വിളവു വർദ്ധിപ്പിക്കത്തക്കവണ്ണം എലി വിറ്റ്നി വിപ്ലവകരമായി അദ്ദേഹത്തിന്റെ 'കോട്ടൻജിൻ' സ്വയം അധികൃതമാക്കുന്നു.

**1803.** ഫ്രാൻസിനോടു ലൂസിയാനാ പ്രദേശങ്ങൾ വിലക്കു വാങ്ങുന്നു. ഐക്യസംസ്ഥാനം ഇതോടെ ഇരട്ടിയായി. മിസ്സിസ്സിപ്പി നദിയുടെ നിയന്ത്രണം ഐക്യസംസ്ഥാനങ്ങൾക്കു സിദ്ധിച്ചു.

ലെവിസ് ക്ലാർക്കസ് യാത്രാസംഘം അമേരിക്കൻ ഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങൾ കണ്ടുപിടിക്കുന്നു. യാത്രാസംഘം ശാന്തസമുദ്രത്തിലെത്തുന്നതു നവംബർ 15-ാം യാണ്.

**1807.** റോബർട്ട് ഫുൾട്ടൺ ഒന്നാമതായി സ്റ്റീം ബോട്ടു യാത്ര പ്രായോഗികമാക്കുന്നു. ന്യൂയോർക്കു മുതൽ ആൽബണിവരെ അദ്ദേഹം ഹഡ്സൺ നദിയിലൂടെ മേലോട്ടു സഞ്ചരിച്ചു.

**1818.** ഐക്യസംസ്ഥാനങ്ങളേയും കാനഡായേയും വേർതിരിക്കുന്ന 4000 മൈൽ നീളമുള്ള അതിർത്തിയെ സംബന്ധിച്ചു ഗ്രേറ്റ്ബ്രിട്ടനുമായി ഒത്തുതീർപ്പിലെത്തുന്നു.

**1819.** ഐക്യസംസ്ഥാനഗവണ്മെണ്ടു സ്പെയിൻകാരിൽ നിന്നും ഫ്ളോറിഡാ വിലക്കു വാങ്ങുന്നു. (ഇന്നു ഫ്ളോറിഡാ ഒരു സംസ്ഥാനമാണു്.)

**1823.** പ്രസിഡണ്ടു ജയിംസ് മോൺറോ കോൺഗ്രസ്സിനോടുള്ള അദ്ദേഹത്തിന്റെ വാർഷികസന്ദേശത്തിൽ 'മൺറോ തത്വം' സ്ഥാപിക്കുന്നു. ഇതനുസരിച്ചു യൂറോപ്യൻ രാഷ്ട്രങ്ങൾ ഇനി ഒരിക്കലും ഉപനിവേശാവശ്യാർത്ഥം അമേരിക്കക്കാരെ അവരുടെ പ്രജകളായി എണ്ണരുതെന്നു അനുശാസിച്ചു.

**1844.** മേയ് 24-ാം൹ ഒന്നാമത്തെ മോഴ്സ് കമ്പി സന്ദേശം (*What Hath God Wrought* - എന്തൊണ്ടു ദൈവം പ്രവർത്തിച്ചതു്) വാഷിങ്ടണിൽനിന്നും ബാൾടിമോറിലേക്കു റിലെ ചെയ്തയച്ചു.

**1848.** കാലിഫോർണിയായിൽ സ്വർണ്ണഖനി കണ്ടുപിടിച്ചു. ഈ സംഭവം ഐക്യസംസ്ഥാനത്തിന്റെ പശ്ചിമതീരപ്രദേശങ്ങളിലേക്കു ജനപ്രവാഹത്തെ നയിക്കുകയും അങ്ങനെ പശ്ചിമപ്രാന്തങ്ങൾ അധിവാസയോഗ്യമാക്കുകയും ചെയ്തു.

**1860.** എബ്രാഹം ലിങ്കൺ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. തെക്കൻ കരോലിനാ ഐക്യസംസ്ഥാനങ്ങളിൽനിന്നും വേർപിരിഞ്ഞു. അതോടെ പത്തോളം ദക്ഷിണസംസ്ഥാനങ്ങളും വേർപിരിഞ്ഞു.

**1861.** വടക്കൻ സംസ്ഥാനങ്ങളും തെക്കൻ സംസ്ഥാനങ്ങളും തമ്മിൽ ഏപ്രിൽ 10-ാം യുദ്ധം തുടങ്ങുന്നു. നാലു വർഷത്തേക്കു രാഷ്ട്രം അടിമകളെ സംബന്ധിച്ച പ്രശ്നത്താലും ഫെഡറൽ യൂണിയനും തമ്മിലുള്ള അധികാരത്തർക്കത്താലും അത്യധികം കുഴഞ്ഞു മറിഞ്ഞു കിടക്കുകയായിരുന്നു.

**1862.** പ്രസിഡണ്ടു ലിങ്കൺ അടിമക്കച്ചവടം നിർത്തലാക്കിക്കൊണ്ടുള്ള വിളംബരം പ്രഖ്യാപിക്കുന്നു. എല്ലാ അടിമകളും 1863 ജനുവരി 1-ാം മുതൽ സ്വതന്ത്ര പൗരന്മാരാണെന്നു അതിനാൽ വിധിക്കപ്പെട്ടു.

കൃഷിക്കും യാന്ത്രികകലകൾക്കും പ്രോത്സാഹനം കൊടുക്കാൻ ലാൻഡ്-ഗ്രാൻറ് നിയമം പാസ്സാക്കി.

**1865.** ആഭ്യന്തരയുദ്ധം അവസാനിക്കുന്നു-ഐക്യസംസ്ഥാനത്തിനു വിജയം.

**1867.** റഷ്യാക്കാരിൽനിന്നും അലാസ്കാ വിലയ്ക്കു വാങ്ങുന്നു.

**1869.** മേയ് 10-ാം ഒഗ്ഡണിൽ ഒരു വലിയ സ്വർണ്ണ ആണി അടിച്ചു താഴ്ത്തുന്നു. ഇതു അമേരിക്കാഖണ്ഡ

ത്തിനു വിലങ്ങനെയുള്ള റയിൽപ്പാതയുടെ ഉൽഘാടനം സൂചിപ്പിക്കുന്നു.

ഡിസംബർ 10-ൽ വ്യോമിംഗ് ടെറിറ്ററിയിൽ (ഇപ്പോൾ സംസ്ഥാനമാണു) സ്ത്രീ സമ്മതിദാന നിയമം പാസ്സാകുന്നു.

**1870.** ഭരണഘടനാനിയമത്തിന്റെ പതിനഞ്ചാമത്തെ ഭേദഗതിനിയമം. ഇതുപ്രകാരം അടിമകൾക്കു സമ്മതിദാനാവകാശം നൽകുന്നു. മാത്രവുമല്ല ഐക്യസംസ്ഥാനപ്രജകൾക്കു, അവരുടെ വർണ്ണമോ പൂർവ്വദാസ്യമോ വകവയ്ക്കാതെ പരിപൂർണ്ണ പൗരത്വാവകാശവും സമ്മതിദാനാവകാശവും നൽകുന്നു.

**1878.** ജനുവരി 28. കണക്ടിക്കട്ടിലുള്ള ന്യൂഹാവെനിൽ ആദ്യത്തെ വാണിജ്യ ടെലഫോൺ വിനിമയം ഉൽഘാടനം ചെയ്യുന്നു.

**1881.** കൊളമ്പിയാ ഡിസ്ട്രിക്ടിൽ അമേരിക്കൻ ചെങ്കുരിശു സംഘം സ്ഥാപിതമായി.

**1889.** ഒന്നാമത്തെ അഖില അമേരിക്കൻ കാൺഫ്രൻസ് വാഷിങ്ടണിൽ ചേരുന്നു. ഇതോടെ അഖില അമേരിക്കൻ സംഘടനാ സംജാതമായി. 21 അമേരിക്കൻ റിപ്പബ്ലിക്കുകളും അന്തരാഷ്ട്രീയ കായ്പ്രവർത്തനങ്ങളിൽ ഒത്തൊരുമിച്ചുവേണമെന്നു ഈ സംഘം അനുശാസിക്കുന്നു.

**1898.** പത്തുമാസത്തോളം നീണ്ടുനിന്ന സ്പെയിൻ ഐക്യസംസ്ഥാനസമരം ഡിസംബർ 10-ാം പാരിസ് സഖ്യത്തോടെ അവസാനിക്കുന്നു. ഇതനുസരിച്ചു സ്പെയിൻ കൂബായിൽനിന്നു പിന്മാറണം; ഒരു സ്വതന്ത്ര കൂബാ റിപ്പബ്ലിക് സ്ഥാപിതമാകണം സ്പെയിൻ 20,000,000 ഡോളർ വാങ്ങി പ്യൂർട്ടോറിക്കാ, ഒനാം, ഫിലിപ്പൈൻസ് ഇത്രയും ഐക്യസംസ്ഥാനങ്ങൾക്കു വിട്ടുകൊടുക്കണം.

**1903.** വടക്കേ കരോളിനയിലുള്ള കിറ്റിഹാക്കിൽ വെച്ചു വിൽബറും ഓർവിൽറൈറ്റും ചേർന്നു ഒരു മോട്ടാർ ഘടിപ്പിച്ച വിമാനം വിജയകരമായി പറപ്പിക്കുന്നു.


**1912.** അരിസോണാടെറിറ്ററി യൂണിയനോടു ചേരുന്നു. ഇങ്ങനെ ഇപ്പോൾ ആകെ 48 സംസ്ഥാനങ്ങളായി.

**1914.** മദ്ധ്യഅമേരിക്കയിൽ വിലങ്ങനെ വെടീയപനാമാത്തോടിന്റെ ഉൽഘാടനം. അതുവരെ അതിലാന്തിക സമുദ്രത്തിൽനിന്നും ശാന്തസമുദ്രത്തിലേക്കു കപ്പൽ പോകണമെങ്കിൽ തെക്കേ അമേരിക്കാ ചുറ്റി വരണമായിരുന്നു. ഇപ്പോൾ പനാമാ തോടുവഴി കുറുകെ കടക്കാമെന്നായി.


**1917.** ഏപ്രിൽ 1-ാം. ഐക്യസംസ്ഥാനം ജർമ്മനയോടു യുദ്ധം പ്രഖ്യാപനം ചെയ്യുന്നു. അങ്ങനെ ഒന്നാം ലോകമഹായുദ്ധത്തിലേക്കു പ്രവേശിക്കുന്നു.



ഒരു അമേരിക്കൻ സ്കൂളിലെ ക്ലാസ്സുമുറി.



മസാച്ചൂസെറ്റ്സ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ടെക്നോളജി, അമേരിക്കയിലെ പ്രമുഖസാങ്കേതികവിദ്യാലയങ്ങളിലൊന്നാണ്. 1949-ൽ പ്രധാനമന്ത്രി നെഹ്രു അമേരിക്കയിൽ പര്യടനം നടത്തിയപ്പോൾ അദ്ദേഹം ഈ വിദ്യാലയം സന്ദർശിക്കയുണ്ടായി.



അനേകം പുതിയ കണ്ടുപിടിത്തങ്ങളിൽ ലോകപ്രസിദ്ധ
നായിതീർന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ തോമസ് ആൽവാ
എഡിസൻ.

1949

1943

